# ROMANS

## CHAPTER 9

**VERSE BY VERSE EXPOSITION**

MALAYALAM

AUTHORS
**SAJI MANIYATT & JINU NINAN**

# ROMANS

## CHAPTER 9

### VERSE BY VERSE EXPOSITION

MALAYALAM

AUTHORS
**SAJI MANIYATT & JINU NINAN © 2021**
**COPYRIGHTED**

YOU MAY FREELY USE, SHARE, AND REPRODUCE ENTIRE UNALTERED ORIGINAL CONTENT FOR PERSONAL OR NONCOMMERCIAL USES AS LONG AS YOU PROVIDE AUTHOR'S NAME.

ഈ ഗ്രന്ഥം പൂർണ്ണമായും, വ്യതിയാനങ്ങൾ വരുത്താതെ ഗ്രന്ഥകർത്താക്കളുടെ പേരോടു കൂടി, സൗജന്യമായി വിതരണം ചെയ്യുവാനോ, ഉപയോഗിക്കുവാനോ അനുവാദം ഉള്ളതാണ്.

For Further Details, Please Contact:
email: ginuninan@gmail.com, sajimaniyatt@gmail.com

WEBSITE:
WWW.CAKCHURCH.COM
WWW.CFLGOD.COM

# ഉള്ളടക്കം


**Page No**

**ആശംസ** : സാജു ജോൺ മാത്യു 5

**പുസ്തകാഭിപ്രായം** : ഇ.എസ്. തോമസ്, ഇടയാറന്മുള 7

**മുഖവുര** : ഡോ. ജെയ്റോൺ ജോസ്, ഒമാൻ 13

**ആമുഖം** 17

**അധ്യായം 1**
റോമർ ഒൻപതാം അദ്ധ്യായത്തിനെക്കുറിച്ചുള്ള തെറ്റായ
വ്യാഖ്യാനങ്ങൾ, വ്യാഖ്യാന പ്രശ്നങ്ങൾ 19

**അധ്യായം 2**
റോമർ ഒൻപതിന്റെ പശ്ചാത്തലവും,
സന്ദർഭവും രചനാശൈലിയും 26

**അദ്ധ്യായം 3**
ദൈവത്തിന്റെ പരമാധികാരം - തിരഞ്ഞെടുപ്പിൽ 40

**അദ്ധ്യായം 4**
ദൈവത്തിന്റെ പരമാധികാര ഇടപെടലുകൾ; 50

**അദ്ധ്യായം 5**
കുശവനും കളിമണ്ണും, ക്രോധപാത്രങ്ങളും മാനപാത്രങ്ങളും 60

**അധ്യായം 6**
വിജാതിയരും, യഹൂദനും ദൈവിക രക്ഷണ്യ പദ്ധതിയിൽ 72

**അദ്ധ്യായം 7**
ഇസ്രയേലിനെക്കുറിച്ചുള്ള ദൈവീക പദ്ധതിയുടെ
പൂർത്തീകരണം (റോമർ 10 , 11 അധ്യായങ്ങൾ) 77

**ഉപസംഹാരം** 85

**അനുബന്ധം** 89



# ആശംസ

## സാജു ജോൺ മാത്യു

**ദൈ**വം ഇല്ല എന്ന് വേദപുസ്തകത്തിൽ എഴുതിയിട്ടുണ്ടെന്ന് ഒരാൾ നിങ്ങളോട് വാദിക്കുന്നു എന്ന് കരുതുക. നിങ്ങൾ എതിർത്തു പറയുമ്പോൾ അയാൾ പതിനാലാം സങ്കീർത്തനം ഒന്നാം വാക്യം വായിക്കാൻ പറയുന്നു.”

‘ദൈവം ഇല്ലായെന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു‘.

14-ാം സങ്കീർത്തനം ആദ്യഭാഗം മാത്രമെടുത്താണ് അയാൾ വാദിച്ചത് എന്ന് നമുക്കറിയാം. നിർഭാഗ്യവശാൽ നമ്മുടെ ഇടയിൽ ചില പണ്ഡിതന്മാർ ഇതുപോലെ വാക്യങ്ങളെ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത് ദൈവത്തിന്റെ മനസ്സിനും സ്വഭാവത്തിനും നിരക്കാത്ത രീതിയിലുള്ള ചില വ്യാഖ്യാനങ്ങൾ നടത്തുന്നത് കാണുമ്പോൾ ഉണ്ടാകുന്ന സങ്കടം സഹിക്കാൻ കഴിയുന്നില്ല.

ഒരു കാര്യം നമ്മൾ ഓർമ്മിക്കണം.... ദൈവവചനത്തിന്റെ വായനയിൽ, ദൈവാത്മ പ്രകാശനത്തിൽ, ഉണ്ടാകേണ്ടതാണ് ദൈവശാസ്ത്രം. എന്നാൽ പലപ്പോഴും സംഭവിക്കുന്നത് ചില പണ്ഡിതന്മാർ കൂടിയിരുന്നു എന്തെങ്കിലും വാക്യങ്ങളോ, വാക്യ മുറികളോ കണ്ടെത്തി തങ്ങൾ ബുദ്ധിയിൽ ഉണ്ടാക്കിയ ദൈവശാസ്ത്രത്തിന് ‘തെളിവുകൾ’ നിരത്തും.

അങ്ങനെ മനുഷ്യർ ബുദ്ധിയിൽ കണ്ടെത്തിയ ഒരു ശാസ്ത്രമാണ് ആരൊക്കെ സ്വർഗ്ഗത്തിൽ പോകണമെന്നും, ആരൊക്കെ നരകത്തിൽ പോകണമെന്നും ദൈവം തന്റെ ഇച്ഛയിൽ

തീരുമാനമെടുത്തിട്ടുണ്ട് എന്നും അതിനാൽ നിയമിക്കപ്പെടാത്തവൻ എത്ര ആഗ്രഹിച്ചാലും അവന് രക്ഷിക്കപ്പെടാൻ കഴിയില്ല എന്നതും.!

പതിനെട്ടാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലെ ബാപ്റ്റിസ്റ്റ് സഭയിൽനിന്നും ഇന്ത്യയിലെ വിജാതിയർക്ക് ക്രിസ്തുവിന്റെ സുവിശേഷം നൽകുവാൻ വില്യം കേറി താല്പര്യപ്പെട്ടപ്പോൾ 'ഇന്ത്യയിലെ വിജാതിയരെ, ദൈവം മുൻ നിയമിച്ചിട്ടുണ്ടെങ്കിൽ ദൈവം എന്തെങ്കിലും ചെയ്തു കൊള്ളും; നിങ്ങൾ അതിന് വേവലാതിപ്പെടേണ്ട എന്നായിരുന്നു സഭാനേതാക്കൾ, വില്യം കേറിക്ക് കൊടുത്ത മറുപടി. അത് കേട്ട് വില്യം കേറി അടങ്ങി ഇരുന്നുവെങ്കിൽ ആധുനിക മിഷണറി പ്രവർത്തനങ്ങളുടെ ഭാവി എന്തായി തീരുമായിരുന്നു?

ദൈവത്തിന്റെ മുൻനിർണ്ണയത്തെപ്പറ്റിയുള്ള വികലമായ ചിന്തകൾക്ക് പല അറിയപ്പെടുന്ന പണ്ഡിതന്മാരും തെളിവുകൾ കണ്ടെത്തിയിരിക്കുന്നത് റോമാലേഖനം ഒൻപതാം അധ്യായത്തിൽ നിന്നുമാണ്

പലപ്പോഴും അവർ ചെയ്യുന്നത് സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്തു മാറ്റി വ്യാഖ്യാനിച്ചു കൊണ്ടാണ്. അതുകൊണ്ടു തന്നെ, റോമാ ലേഖനം 9-ാം അധ്യായത്തിന്റെ വാക്യം തിരിച്ചുള്ള ഒരു പഠനം കാര്യങ്ങൾ മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവർക്ക് തീർച്ചയായും പ്രയോജനപ്പെടും. സഹോദരന്മാരായ സജിയും, ജിനുവും കൂടിച്ചേർന്ന് പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥം അനേകരെ പ്രകാശത്തിലേക്ക് നടത്തട്ടെ എന്ന് ഞാൻ ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു

**സാജു ജോൺ മാത്യു**



# പുസ്തകാഭിപ്രായം

## ഇ. എസ്. തോമസ്, ഇടയാറന്മുള

**റോ**മാ ലേഖനം ഒൻപതാം അദ്ധ്യായത്തെ അധികരിച്ച് സഹോദരങ്ങളായ ജിനു നൈനാനും, സജി മണിയാറ്റും ചേർന്ന് എഴുതിയ മഹത്തരമായതും സൃഷ്ടിപരവുമായ, പൂർവ്വപശ്ചിമ വാദോൻമുഖ കാഴ്ചപ്പാടിൽ അക്ഷരികമായ വ്യാഖ്യാനത്തിന് ഒരു സംക്ഷിപ്ത പുസ്തകാഭിപ്രായം എഴുതാൻ സമയം ലഭിച്ചത് സന്തോഷമായി ഞാൻ കാണുന്നു.

ബ്രദർ സജി അയച്ചു തന്ന PDF ലുള്ള വ്യാഖ്യാനം ഒറ്റനോട്ടത്തിൽ തന്നെ വായിച്ചു തീർത്തു. ചരിത്രപരമായ ഈ അവതരണത്തിന് ആസ്വാദനപരമായ ഒരു വാക്ക് എഴുതുമ്പോൾ, ഇതേ വിഷയത്തിൽ എന്റെ മേശയിലുള്ള അൻപതിൽപ്പരം വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങളിൽ വച്ച് ഈ കൃതി, ഞാൻ എന്റെ ജീവിതകാലത്ത് പഠിച്ചിട്ടുള്ളതിൽ വച്ച്, ഏറ്റവും ഉൽകൃഷ്ടവും, മികവുറ്റതാണെന്നും ആത്മാർത്ഥമായി പരാമർശിക്കേണ്ടിയിരിക്കുന്നു.

എഴുത്തിന്റെ ശൈലി, ഭാഷയുടെ ലാളിത്യം, അക്ഷരിക വ്യാഖ്യാനത്തിലുറച്ച, പക്ഷപാതമില്ലാത്ത പഠനശൈലിയിലൂടെയുള്ള വിശദീകരണം, ഇവ എന്റെ മനസ്സിനെ ആകർഷിച്ചു. അത് മിനിറ്റുകൾക്കകം പുസ്തകം വായിച്ചു തീർക്കുവാൻ ഇടയാക്കി.

റോമ ലേഖനത്തിൽ, 9 മുതൽ 11 വരെയുള്ള അധ്യായങ്ങൾ തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിൽ കൂടിയുള്ള

നിത്യമായ, സകല ലോകത്തിനും വേണ്ടിയുള്ള ദൈവത്തിന്റെ വീണ്ടെടുപ്പു പദ്ധതിയിലേക്കും, ലക്ഷ്യത്തിലേക്കും എങ്ങനെയാണ് അബ്രഹാം എന്ന വ്യക്തിയെ ജാതീയ പശ്ചാത്തലത്തിൽ നിന്ന് തിരഞ്ഞെടുത്ത് ഉൾപ്പെടുത്തിയത് എന്നതിന്റെ ദൈവശാസ്ത്രപരവും, ചരിത്രപരവുമായ വിശദീകരണമാണ്.

രചയിതാക്കൾ ആഖ്യാനത്തിൽ അർത്ഥ ശങ്കക്കിടയില്ലാതെ വ്യക്തമാക്കുന്നതു പോലെ, 9,10, 11 അധ്യായങ്ങൾ വ്യക്തിഗത ആത്മ രക്ഷയെക്കുറിച്ചു വിശദീകരിക്കുകയല്ല, മറിച്ച് ഇസ്രായേൽ രാഷ്ട്രത്തിനായുള്ള ദൈവത്തിന്റെ ശാശ്വത പരിപാടിയും അവയിലൂടെ വിജാതീയരുടെ വീണ്ടെടുപ്പും ആണ് വിവരിക്കുന്നത്.

പലരും ഈ ഭാഗങ്ങൾ തെറ്റായി വ്യാഖ്യാനിച്ച് അവരുടേതായ ചില സിദ്ധാന്തങ്ങൾ സ്ഥാപിക്കാൻ ശ്രമിക്കുന്നു. അത്തരം സിദ്ധാന്തങ്ങൾക്ക് ഉദാഹരണമായി ഈ അധ്യായങ്ങൾ ബൈബിളിൽ നിലകൊള്ളുന്നുവെന്നും, ആയതിനാൽ ദൈവത്തിന്റെ പരമാധികാരത്തിൽ ദൈവം മനുഷ്യരാശിയുടെ വിധി, മുൻകൂട്ടി നിശ്ചയിച്ച് ചിലരെ രക്ഷയ്ക്കും മറ്റുചിലരെ നിത്യശിക്ഷയ്ക്കും എന്ന് തീരുമാനിച്ചു അവരെ സൃഷ്ടിച്ചു എന്നും വ്യാഖ്യാനിക്കുന്നു. അതിനാൽ ദൈവത്തെ, സ്വന്തം തീരുമാനങ്ങൾ അടിച്ചേല്പിക്കുന്ന, മനുഷ്യന്റെ ഇച്ഛാശക്തി കണക്കിടാത്ത അനീതി നിറഞ്ഞ സ്വേച്ഛാധിപതിയാക്കി അവതരിപ്പിക്കുന്നു.

ഇവിടെ, ഈ സംരംഭത്തിൽ, രചയിതാക്കൾക്ക് ഈ അധ്യായത്തിലെ വാക്യങ്ങൾ, വ്യവസ്ഥാനുസൃതമായി, മാനുഷിക യുക്തികളൊ പക്ഷപാതമൊ, ഇല്ലാതെ ആസൂത്രിതമായി വിശകലനം ചെയ്തത് ദൈവിക ആലോചന സർവ്വശക്തനായ ദൈവത്തിന്റെ ഹൃദയത്തിൽ നിന്ന് ഉത്ഭവിച്ച രീതിയിൽ അവതരിപ്പിക്കാൻ കഴിഞ്ഞു.

എന്നെ ഏറ്റവും ആകർഷിച്ചത്, പൗലോസ് എഴുതിയ രീതിയിലുള്ള എഴുത്തുകാരുടെ ലളിതമായ അവതരണ ശൈലിയാണ്. ഈ അദ്ധ്യായത്തെ സങ്കീർണ്ണതയിൽ നിന്ന് ലാളിത്യത്തിലേക്ക് കൊണ്ടുവരുന്നതിനായി, അതിന്റെ ആലോചനയെ ചിട്ടയായ രീതിയിൽ ക്രമീകരിക്കാൻ എഴുത്തുകാർ പരിശ്രമിച്ചിട്ടുണ്ട്.

ഇവിടെ, ഈ അധ്യായത്തിൽ, ചരിത്രത്തിലേക്കുള്ള തന്റെ ശാശ്വത പദ്ധതിയിലൂടെ ദൈവം, അബ്രഹാമിൽ തുടങ്ങി, അവനെ തിരഞ്ഞെടുത്തു ലോകത്തിലെ മുഴുവൻ ജനങ്ങൾക്കും അനുഗ്രഹമായി മാറുവാനും, അവനിലൂടെയും, പിൻഗാമികളിലൂടെയും ലോകം മുഴുവൻ ദൈവീക അനുഗ്രഹത്തിന്റെ പങ്കാളികൾ ആയിത്തീരുവാനുമാണ്.

ഈ വിഷയത്തെ ലേഖകർ അവതരിപ്പിക്കുന്നത് വളരെ വ്യക്തതയോടെയും യോജിപ്പോടെയും ആണ്. നാം പരമോന്നതനും ബുദ്ധിമാനുമായ ഒരു ജഡ്ജിയുടെ ഒരു കോടതിയിൽ നിൽക്കുകയും, മറുവശത്ത് ഒരു സാങ്കൽപ്പിക സംവാദകൻ, യഹൂദന്മാരെയും വിജാതിയരെയും സംബന്ധിച്ച് ദൈവത്തിന്റെ പരമാധികാര തെരഞ്ഞെടുപ്പും, ചിലരുടെ ഹൃദയങ്ങളെ കഠിനമാക്കുന്നതുമായ വിഷയം ചോദിക്കുന്നതു വ്യക്തതയോടും യോജിപ്പോടും കൂടി, അവതരിപ്പിക്കുന്നു. ചോദ്യങ്ങൾ ഇപ്രകാരമാണ്:

ഇസ്രായേലുമായി ബന്ധപ്പെട്ട് ചരിത്രത്തിൽ ദൈവത്തിന്റെ ഭാവി പദ്ധതി അസാധുവായിതീർന്നോ?

വിഗ്രഹാരാധനയുള്ള വിജാതിയരെ അവന്റെ വീണ്ടെടുക്കൽ പദ്ധതിയിൽ കൊണ്ടുവരുന്നതിൽ നമുക്ക് ദൈവത്തിൽ അനീതി ആരോപിക്കാൻ സാധിക്കില്ലേ?

എന്തുകൊണ്ടാണ് ഇസ്രായേൽ ദൈവിക പദ്ധതിയുടെ ലക്ഷ്യസ്ഥാനത്ത് എത്താതിരുന്നത്?

സംവാദകന്റെ മനസ്സിലുള്ള മൂന്ന് ചോദ്യങ്ങളാണിവ. അവന്റെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുമ്പോൾ, അപ്പോസ്തലൻ വളരെ ബുദ്ധിപൂർവ്വം മറുപടി നൽകുന്നു, ദൈവം എല്ലായ്പ്പോഴും തന്റെ സ്വഭാവത്തിൽ നീതിമാനാണ്, മനുഷ്യരുമായി ഇടപെടുമ്പോളും നീതിമാനാണ്, അതുപോലെ തന്നെ ലവലേശവും അനീതി തന്റെ വീണ്ടെടുപ്പിന്റെ പദ്ധതിയിലുമില്ല.

തന്റെ എതിർവാദം ബോധ്യപ്പെടുത്തുന്നതിനായി, ഇസ്രായേൽ ചരിത്രത്തിൽ നിന്നും ചില വിജാതീയ ലോകത്തിൽ നിന്നുമുള്ള ചരിത്രത്തിൽ നിന്നും ചില സംഭവങ്ങൾ അദ്ദേഹം ഇവിടെ

വിവരിക്കുന്നു.

നിശബ്ദ സംവാദകനുമായി തന്റെ യുക്തി വ്യക്തമായി വിശദീകരിക്കുന്നതിന്, അബ്രഹാം, യിസ്സഹാക്ക്, ഏശാവ്, യാക്കോബ്, മോശ, ഫറവോൻ എന്നിവരെയും, മറ്റ് ചില കാര്യങ്ങളും അദ്ദേഹം കോടതിയിൽ ഹാജരാക്കിയത്, ദൈവം തന്റെ കാരുണ്യത്താൽ ഇങ്ങനെ ചരിത്രത്തിലുള്ള മഹാന്മാരെ തിരഞ്ഞെടുത്തത്, തന്റെ പദ്ധതി നടപ്പാക്കുന്നതിനും, എങ്ങനെ അവിശ്വാസികളുടെ ഹൃദയം കഠിനമാക്കുന്നതെന്നും വിശദീകരിക്കാനായിരുന്നു.

ഈ എല്ലാ സന്ദർഭങ്ങളിലും, ദൈവം തന്റെ പരമാധികാര തിരഞ്ഞെടുപ്പിൽ എല്ലായ്പ്പോഴും നീതിമാനായി നിലകൊള്ളുന്നു വെന്നും തിരഞ്ഞെടുപ്പിന് പിന്നിൽ അവനെ പ്രേരിപ്പിച്ച രഹസ്യം കരുണ കുറവുള്ളവരോടുള്ള അവന്റെ നിത്യ കാരുണ്യമാണെന്നും അദ്ദേഹം വ്യക്തമായി വിശദീകരിക്കുന്നു.

അങ്ങനെ തന്റെ പരമാധികാര തിരഞ്ഞെടുപ്പിൽ ദൈവം ഒട്ടും അനീതി കാണിക്കുന്നില്ലെന്ന് അദ്ദേഹം തെളിയിച്ചു. കളിമണ്ണിന്റെയും കുശവന്റെയും സാദൃശ്യം, ഈ സങ്കീർണ്ണ പ്രതിഭാസത്തെ ലാളിത്യത്തോടെ വിശദീകരിച്ചു കൊടുക്കാൻ സാധിച്ചു. തത്ഫലമായി, നിശബ്ദ സംവാദകൻ, എല്ലാ ചോദ്യങ്ങൾക്കും മുമ്പിൽ നിശബ്ദനാക്കപ്പെടുകയും ആഴത്തിൽ ഈ സത്യം സ്ഥാപിക്കപ്പെടുകയും ചെയ്തു.

“ദൈവം ഒരുവനെ തള്ളിക്കളയുന്നു എങ്കിൽ അവൻ തള്ളപ്പെടുവാൻ യോഗ്യനായി സ്വയം തീർത്തിരിക്കയാലത്രെ ദൈവം അവനെ തള്ളിക്കളയുന്നത്.” “When God rejects someone, He rejects him, because what he rejects has already been rejected.”

ഈ സമയത്ത്, സംവാദകൻ, ഈ സന്ദർഭങ്ങളുടെ പിമ്പിൽ മറഞ്ഞിരുന്ന്, പരമാധികാര തെരഞ്ഞെടുപ്പിൽ ദൈവം എത്ര നീതിമാനാണെന്ന് കണ്ടിട്ട് അത്ഭുതപ്പെടുകയാണ്.

വളരെ വൈദഗ്ദ്ധ്യത്തോടെയുള്ള വിവരണത്തിൽ, ദൈവത്തിന്റെ പരമാധികാര തിരഞ്ഞെടുപ്പിൽ ആർക്കും, ദൈവത്തെ കുറ്റപ്പെടുത്താൻ കഴിയില്ലെന്ന് അപ്പൊസ്തലൻ പ്രതിരോധിക്കുകയായിരുന്നു, കാരണം മനുഷ്യന്റെ സ്വതന്ത്ര

ഇച്ഛാശക്തിയെ അവഗണിച്ച് രക്ഷയിലേക്കോ ശിക്ഷയിലേക്കോ ഒരൊറ്റ വ്യക്തിയെ തിരഞ്ഞെടുത്തിട്ടില്ല,

അതിനാൽ ഇപ്പോൾ ആരെങ്കിലും രക്ഷിക്കപ്പെട്ടാൽ, അതിനു കാരണം, മാനസാന്തരത്തിലൂടെ ദൈവിക രക്ഷാകരപ്രവൃത്തിയോട് വ്യക്തിപരമായി പ്രതികരിക്കുന്നതും ആരെങ്കിലും നഷ്ടപ്പെട്ടാൽ, അതിനു കാരണം അവൻ സ്വന്തം ഇഷ്ടപ്രകാരം ദൈവത്തിന്റെ കൃപയെ തിരസ്ക്കരിക്കുകയും, അത് ഒടുവിൽ അവന്റെ നിത്യശിക്ഷയ്ക്ക് വഴി ഒരുക്കുകയും ചെയ്യുന്നതാണ്. അതിനാൽ അവന്റെ ശിക്ഷയ്ക്ക് ദൈവം ഉത്തരവാദിയല്ല.

ഈ ചെറിയ പുസ്തകത്തിന്റെ ഉള്ളടക്കം, വളരെ അമൂല്യമാണെങ്കിലും, വിസ്തൃതവും, വിശാലവുമായ പുസ്തകാഭിപ്രായം അഭംഗിയാണ്. അതിനാൽ, ഈ പുസ്തകത്തിൽ സ്പഷ്ടമായി അവതരിപ്പിച്ചിട്ടുള്ള ഓരോ വാദങ്ങളിൽ നിന്നും എനിക്ക് എഴുതുവാനുണ്ടായിരുന്നു എങ്കിലും അതിനു തുനിയുന്നില്ല.

എന്നിരുന്നാലും, മഹത്തരമായ ഈ രചനയിൽ തുറന്നുകാട്ടിയ അതേ സത്യമാണ് എന്റെ ജീവിതത്തിന്റെ ഇതുവരെയും ഞാൻ വാദിച്ചുകൊണ്ടിരുന്ന തിരുവചന ഉപദേശം എന്ന് പറവാൻ ഞാനാഗ്രഹിക്കുന്നു.

ഈ സാഹസിക രചനക്ക് ധൈര്യപ്പെട്ട, എന്റെ കൂട്ടാളികളായ ജിനുവും സജിയും റോമാലേഖനം 9-ാം അദ്ധ്യായം ബൈബിൾ വ്യാഖ്യാന ചരിത്രത്തിൽ ഒരു നാഴികക്കല്ല് സ്ഥാപിക്കുക മാത്രമല്ല, അതിനെതിരായ തെറ്റായ ദൈവശാസ്ത്രങ്ങളുടെ നുകവും കൊമ്പുകളും അതിന്റെ എല്ലാ വിഡ്ഢിത്തവാദങ്ങളും തകർത്തു കളയുകയും ചെയ്തു.

റോമർ 9-ാം അദ്ധ്യായത്തിന്റെ പരിപക്വവും അതേ സമയം സമർത്ഥവും ബുദ്ധിപരവുമായ ഈ വിശദീകരണം ഞാൻ ആത്മാർത്ഥ ഹൃദയത്തോടും എല്ലാ സ്നേഹത്തോടും കൂടി പ്രിയപ്പെട്ട വായനക്കാർക്ക് മുമ്പാകെ സമർപ്പിക്കുന്നു.

ദൈവത്തിന്റെ പരമാധികാരം യഥാർഥത്തിൽ എന്താണ് ഉദ്ദേശിക്കുന്നതിനെക്കുറിച്ചുള്ള കൂടുതൽ അറിവിലേക്ക് വായനക്കാരെ

എത്തിക്കട്ടെ, അതുപോലെ ചരിത്രത്തിലൂടെ യഹൂദന്മാർക്കും വിജാതിയർക്കും വേണ്ടിയുള്ള തന്റെ വീണ്ടെടുക്കൽ പരിപാടിയിൽ അവൻ എങ്ങനെ നീതിമാനായി തുടരുന്നു എന്നുള്ളതിന്റെ പ്രതിരോധ പ്രക്രിയയായി ഈ വായന തീരട്ടെ. എല്ലാ മഹത്വവും അവനു മാത്രം.

ക്രിസ്തുവിന്റെ മുന്തിരിത്തോട്ടത്തിലെ എളിയ ശുശ്രൂഷയിൽ,

സുവിശേഷകൻ

**ഇ.എസ്. തോമസ് (ടൈറ്റസ്)**
**ഇടയാറന്മുള**



# മുഖവുര


## ഡോ. ജെയ്റോൺ ജോസ്

University of Technology and Applied Sciences,
Al Musanna (UTAS-A), Oman


**ക്രി**സ്തുവിൽ എന്റെ പ്രിയ സഹോദരങ്ങളായ ബ്രദർ സജി മണിയാറ്റും, ജിനു നൈനാനും ചേർന്നെഴുതിയ ശ്രദ്ധേയമായ ഈ പഠന പുസ്തകത്തിന് ഒരു മുഖവുര എഴുതുവാൻ സാവകാശം ലഭിച്ചത് ഭാഗ്യമായി കരുതുന്നു. പ്രിയ സഹോദരങ്ങളുടെ എഴുത്തുകളും, പ്രവർത്തനങ്ങളും. പലപ്പോഴും ഓൺലൈനിൽ അവരോട് ഇടപെട്ടപ്പോഴും, ദൈവത്തോടുള്ള അവരുടെ സ്നേഹവും, വചനത്തോടുള്ള തീഷ്ണതയും സ്നേഹവും, പല വചന വിഷയങ്ങളിലുമുള്ള പ്രാഗൽഭ്യവും എനിക്ക് വ്യക്തിപരമായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അവരുടെ ആത്മിക അഭിനിവേശവും, സമർപ്പണവും, വചനപരമായ ബോദ്ധ്യവുമാണ് ഇങ്ങനെ റോമാലേഖനം ഒൻപതാം അദ്ധ്യായത്തിന്റെ പഠന പൂർത്തീകരണ ത്തിന് കാരണമായതെന്ന് എനിക്കറിയാം.

ഈ പുസ്തകം പ്രതിപാദിക്കുന്നത്, റോമാ ലേഖനം ഒൻപതാം അദ്ധ്യായത്തിലെ വളരെ പ്രധാനപ്പെട്ട ഉപദേശപരവും വ്യാഖ്യാനപരവുമായ (ദൈവിക പരമാധികാരം, ദൈവിക തിരഞ്ഞെടുപ്പ്, മനുഷ്യന്റെ ഇച്ഛാശക്തി) വിഷയങ്ങളെക്കുറിച്ചാണ്. പലപ്പോഴും ചില വ്യാഖ്യാതാക്കൾ ഈ വിഷയങ്ങളെ ദുർവ്യാഖ്യാനിച്ച്,

പലരെയും ദൈവത്തെപ്പറ്റിയുള്ള ശരിയായ തിരുവചന ഉപദേശത്തിൽ നിന്ന് വഴിതെറ്റിച്ചു കൊണ്ടു പോകുന്നത് തങ്ങളുടേതായ തത്വജ്ഞാനപരമായ പ്രത്യയ ശാസ്ത്രത്തിലേക്കാണ്. എന്നാൽ ഈ പുസ്തകം റോമർ ഒൻപതാമദ്ധ്യായത്തിലെ അത്തരം ദുർവ്യാഖ്യാനങ്ങൾക്കു ശക്തമായ കുറിക്കൊത്ത ഖണ്ഡനം കൂടിയാണ്.

ഈ പുസ്തകത്തിന്റെ ആദ്യ ഭാഗങ്ങളിൽ വിഷയങ്ങൾ തെളിവോടുകൂടെ നിർവചിച്ചിരിക്കുന്നു. തുടർന്നുള്ള അദ്ധ്യായ ങ്ങളിലെ വാക്യങ്ങളുടെ വിശദീകരണത്തിലൂടെ വായനക്കാർക്ക് സങ്കീർണമല്ലാത്ത നിലയിൽ പുസ്തകത്തിന്റെ ഉള്ളടക്കം മനസ്സിലാക്കാൻ സാധിക്കും. ക്രമാനുഗതമായി എഴുത്തുകാർ റോമാലേഖനം ഒൻപതാം അദ്ധ്യയത്തിലെ പ്രതിപാദ്യ വിഷയം, മുൻപിലെ അദ്ധ്യായങ്ങളുടെ സന്ദർഭത്തിന്റെ വിശാലമായ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് അടിസ്ഥാനമിട്ട് വിശദീകരിക്കുന്നു.

അടിസ്ഥാനപരമായി റോമാ ലേഖനം ഒൻപതാം അദ്ധ്യായ ത്തിന്റെ പ്രതിപാദ്യ വിഷയം ഇപ്രകാരം ആണ്.

'എന്നാൽ ദൈവാത്മാവ് വ്യക്തമായി യഹൂദനെപ്പറ്റിയും ലോകജനതകളെപ്പറ്റിയുമുള്ള ദൈവിക പദ്ധതിയുടെ വിവരണമാണ് ഈ അധ്യായങ്ങളിൽ കൊടുക്കുന്നത്. അതായത് റോമർ 9 അധ്യായം വ്യക്തിപരമായ രക്ഷയെയോ, നിത്യതക്കുവേണ്ടിയുള്ള വ്യക്തികളെ കുറിച്ചുള്ള ദൈവിക തിരഞ്ഞെടുപ്പോ അല്ല പകരം ഭൂമിയിലെ ദൈവിക പദ്ധതിയുടെ പൂർത്തീകരണത്തിനായി ദൈവം യഹൂദ ജനതയെയും ജാതികളെയും ദൈവീക പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുന്നതിനെ പറ്റിയാണ് വിവരിക്കുന്നത്" (page 28).

ഈ അദ്ധ്യായത്തിലുള്ള, നിശബ്ദ സംവാദകന്റെ ചോദ്യവും, അതിന് പൗലോസ് കൊടുക്കുന്ന ഉത്തരവും വചനം ഉദ്ദേശിക്കുന്ന വാക്കുകളോടും, അതിന്റെ ക്രമാനുഗതമായ നിലയിലുള്ള വാക്യങ്ങളുടെ വ്യഖ്യാനങ്ങളോടെ വളരെ ചാതുര്യത്തോടെ അവതരിപ്പിച്ചിട്ടുണ്ട്. ഈ അദ്ധ്യായത്തിന്റെ സൂക്ഷ്മ നിരീക്ഷണം നടത്തി അതിന്റെ വിവരണ ശൈലി കണ്ടെത്തിയത് അഭിനന്ദനാർഹം മാത്രമല്ല. തീർത്തും ആവശ്യവുമായിരുന്നു. റോമർ ഒൻപതിലെ തിരഞ്ഞെടുപ്പ് എന്നുള്ള വിഷയത്തിൽ, വളരെ വ്യക്തമായി തന്നെ

ഈ പുസ്തകം പറയുന്നുണ്ട്: അത് ഇപ്രകാരം ആണ്

'തിരഞ്ഞെടുപ്പ് വ്യക്തിപരമായ രക്ഷക്ക് വേണ്ടി അല്ലായിരുന്നു, മറിച്ച് ദൈവീക പദ്ധതിയുടെ പൂർത്തീകരണത്തിന് വേണ്ടി മാത്രമായിരുന്നു ..."

പണ്ഡിതന്മാരെന്ന് പറയപ്പെടുന്ന പലരും പക്ഷപാതപരമായ നിലയിൽ റോമർ 9 ലെ 'തിരഞ്ഞെടുപ്പ് ' എന്ന വിഷയം വ്യക്തിപരമായ രക്ഷക്ക് വേണ്ടിയാണു എന്ന് വ്യാഖ്യാനിച്ച് അബദ്ധം പറ്റാറുണ്ട്. എന്നാൽ ഈ പുസ്തകം അവരുടെ അബദ്ധജഡിലമായ വ്യാഖ്യാനങ്ങൾക്ക് ഉചിതമായ ഉത്തരമാണ്.

ഈ പുസ്തകത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട പ്രത്യേകത, ഏറ്റവും തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള 11 മുതൽ 13 വരെയുള്ള വാക്യങ്ങളുടെ വിശദീകരണമാണ്. എഴുത്തുകാർ അസാധാരണമായ വൈഭവത്തോടും, സൂക്ഷ്മതയോടും കൂടി ഈ ഭാഗം വിവരിച്ചിരിക്കുന്നതിനാൽ സാധാരണക്കാർക്കും, ബുദ്ധിമുട്ടില്ലാതെ വായിച്ച് മനസ്സിലാക്കാൻ സാധിക്കുന്നു.

ഉദാഹരണത്തിന്, ഈ വാക്യങ്ങളുടെ അർത്ഥം സംക്ഷേപിച്ചിരിക്കുന്ന ഈ പ്രസ്താവന:

''ഞാൻ യാക്കോബിനെ സ്നേഹിച്ചു ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു എന്നുമുള്ള പ്രവചനങ്ങൾ വ്യക്തിപരം അല്ല. യാക്കോബിൽനിന്നും ഏശാവിൽ നിന്നും പുറപ്പെടുന്ന ഇസ്രായേൽ, ഏദോം എന്നീ ജാതികളെ കുറിച്ചാണ് എന്നതാണ് ''

തുടർന്ന് ഈ പുസ്തകം, തിരഞ്ഞെടുപ്പിലുള്ള ദൈവിക പരമാധികാരവും, അവിടത്തെ ശക്തി പ്രകടിപ്പിക്കുന്നതിലുള്ള പരമാധികാരവും, മാനുഷിക ഇച്ഛാശക്തിയപ്പറ്റിയും വ്യക്തമാക്കുന്നു. അതിന് ഫറവോന്റെ ജീവിതം, മരണം, ഉദാഹരണങ്ങളായി കുശവനും-കുളിമണ്ണും, കോപ പാത്രങ്ങൾ - കരുണാപാത്രങ്ങൾ എന്നിവ കൂടാതെ ധാരാളം പഴയനിയമ വാക്യങ്ങളും എടുത്ത് വിശദീകരിക്കുന്നു.

തെറ്റായ വ്യഖ്യാനത്തിലൂടെ, ദൈവത്തെ ഒരു സ്വേച്ഛാധികാരിയായി ചിത്രീകരിക്കുകയും, അതുവഴി രക്ഷക്കായി ദൈവത്തിൽ വിശ്വസിക്കുവാനോ, അവിശ്വസിക്കുമ്പോൾ

ശിക്ഷാവിധിക്കു യോഗ്യനാകുകയോ അല്ലാത്ത നിലയിൽ, സ്വതന്ത്ര ഇച്ഛ ഇല്ലാതെ മനുഷ്യനെ സൃഷ്ട്ടിച്ചു എന്ന് ചിത്രീകരിക്കുന്ന ഉപദേശങ്ങളെ ഈ വിശദീകരണങ്ങളിലൂടെ വ്യക്തമായി ഖണ്ഡിച്ചിട്ടുണ്ട്.

ആകമാനം അവലോകനം ചെയ്യുമ്പോൾ, ഈ പുസ്തകം വായിക്കുന്നവർക്ക് റോമാ ലേഖനം 9-ാം അധ്യായത്തിന്റെ സമ്പൂർണ്ണമായപഠനമായി സ്വീകാര്യമാകുന്ന നിലയിലുള്ളതാണ്. കൂടാതെ, ഈ പുസ്തകം, വളരെ അസന്ദിഗ്ദ്ധമായ നിലയിൽ, മനുഷ്യന്റെ ഇച്ഛാശക്തിയെപ്പറ്റി നിഷ്പക്ഷമായി ഈ അധ്യായത്തിന്റെ പരിധിക്കുള്ളിൽ നിന്ന് വിശദീകരിക്കുമ്പോൾ തന്നെ, തിരുവെഴുത്തിന്റെ പരിധി വിട്ടു അതിന്റെ എതിർ ദിശയിലേക്കു പോകുന്ന സിദ്ധാന്തങ്ങൾക്ക് സാഹചര്യം കൊടുക്കുന്നുമില്ല.

ചുരുക്കത്തിൽ, ഈ രചന അതുകൊണ്ടു തന്നെ, മറ്റു യാതൊരു ഇസങ്ങൾക്കും സ്ഥാനമില്ലാതെ, എഴുത്തുകാരുടെ ലക്ഷ്യമായ ദൈവവചന വ്യഖ്യാനശാസ്ത്രത്തിൽ മാത്രം ഊന്നിയുള്ള റോമർ 9 അധ്യായത്തിലെ ആത്മാർത്ഥമായ പഠനമാണ്.

ഞാൻ ബ്രദർ സജിമണിയാറ്റിനും, ബ്രദർ ജിനു നൈനാനും അവരുടെ ഭാവിയിലെ എല്ലാ ആത്മിക സംരംഭങ്ങൾക്കും ആശംസ നേരുന്നതോടെ, ഇത് വായിക്കുന്ന എല്ലാവർക്കും ഒരു അനുഗ്രഹമാകുവാൻ എല്ലാവരോടും, വിശദമായും, ഗൗരവമായും ഒരുആശയം പോലും വിട്ടുപോകാതെ വായിക്കുവാൻ ആത്മാർത്ഥമായി ഓർമ്മിപ്പിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ

**ഡോ. ജെയ്റോൺ ജോസ്**

# ആമുഖം

**പു**തിയ നിയമഗ്രന്ഥങ്ങളിൽ പ്രത്യേകിച്ച് പൗലോസിനെ ലേഖനങ്ങളിൽ ഏറ്റവും അധികം തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ളതും പല തരത്തിലുള്ള തെറ്റായ വ്യാഖ്യാനങ്ങൾ ഉരുത്തിരിയാൻ കാരണവുമായ ഒരു അദ്ധ്യായമാണ് റോമർ ഒമ്പതാം അദ്ധ്യായം. പല ദൈവ ശാസ്ത്രങ്ങളും പല സിദ്ധാന്തങ്ങളും ഈ അധ്യായത്തെ അടിസ്ഥാനപ്പെടുത്തി ഉണ്ടായിട്ടുണ്ട്.

അതിനാൽ ഈ അദ്ധ്യായത്തിലെ ഓരോ വാക്യങ്ങളും വിശദ മായി വിശകലനം ചെയ്തുള്ള ഒരു പഠനം ഈ കാലഘട്ടത്തിൽ വളരെ ആവശ്യമാണ് എന്ന ബോധ്യത്തിൽ നിന്നുമാണ് ഞങ്ങൾ ഈ എളി യ സംരഭത്തിന് തുടക്കമിട്ടത്.

ഈ ലേഖനം ഏതെങ്കിലും പ്രത്യേക ദൈവശാസ്ത്ര സിദ്ധാന്തത്തെ ഖണ്ഡിക്കുവാനോ, ഏതെങ്കിലും പ്രത്യേക ദൈവശാസ്ത്ര സിദ്ധാന്തത്തെ സ്ഥാപിക്കുവാനോ വേണ്ടി എഴുതിയതല്ല. പകരം റോമാ ലേഖനം ഒൻപതാം അധ്യായം എന്താണ് ഉദ്ദേശിക്കുന്നത് എന്ന് വാക്യപ്രതി വാക്യമായി വിശദീകരിക്കുക മാത്രമാണ് ചെയ്യുന്നത്. എന്നാൽ വായനക്കാർക്കു ഈ പഠനത്തിലൂടെ ഈ അധ്യായവുമായി ബന്ധപ്പെട്ടു ദൈവവചനത്തോട് ചേർന്ന് നില്കുന്ന വ്യാഖ്യാനങ്ങളും, ദൈവവചന വിരുദ്ധ വ്യാഖ്യാനങ്ങളും തിരിച്ചറിയുവാൻ സഹായകമാകും എന്ന് ഞങ്ങൾ കരുതുന്നു

സത്യം അറിയാനും, മനസ്സിലാക്കാനും ദൈവം എല്ലാവരെയും സഹായിക്കട്ടെ.

ക്രിസ്തുവിൽ സ്നേഹപൂർവ്വം

**സജി മണിയാറ്റ്/ ജിനു നൈനാൻ**

## അദ്ധ്യായം 1

# റോമർ ഒൻപതാം അദ്ധ്യായത്തിനെക്കുറിച്ചുള്ള തെറ്റായ വ്യാഖ്യാനങ്ങൾ, വ്യാഖ്യാന പ്രശ്നങ്ങൾ

**പു**തിയ നിയമ ലേഖനങ്ങളിൽ വേദശാസ്ത്രപരമായി ഏറ്റവും മുൻപിൽ നിൽക്കുന്ന ഒരു ലേഖനം ആണ് വി. പൗലോസ് എഴുതിയ റോമാ ലേഖനം. ഹെബ്രായ ലേഖനം കഴിഞ്ഞാൽ ഇത്രയും ദൈവീക സത്യങ്ങളെ വെളിപ്പെടുത്തുന്ന മറ്റൊരു ലേഖനം പുതിയ നിയമത്തിൽ ഇല്ല. വിശ്വാസത്താലുള്ള നീതീകരണം, പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യം, ന്യായപ്രമാണത്തിൽ നിന്നുള്ള സ്വാതന്ത്ര്യം, വിജയകരമായ ക്രിസ്തീയ ജീവിതം, ദൈവസഭയുടെ ശുശ്രൂഷകൾ തുടങ്ങി അതിപ്രധാനമായ വിഷയങ്ങൾ പൗലോസ് ഇതിൽ വിശദീകരിക്കുന്നുണ്ട്.

റോമാ ലേഖനത്തിൽ 9 മുതൽ 11 വരെയുള്ള അധ്യായങ്ങൾ പലപ്പോഴും പലരെയും ആശയക്കുഴപ്പത്തിൽ ആക്കുന്നുണ്ട്, പല തരത്തിൽ ഉള്ള തെറ്റായ വ്യാഖ്യാനങ്ങൾ ഈ അധ്യായങ്ങൾ ആധാരമാക്കി ഉണ്ടായിട്ടുണ്ട്. അതിൽ ഏറ്റവും കൂടുതൽ തെറ്റിദ്ധരിക്കപ്പെടുകയും തെറ്റായി വ്യാഖാനിക്കപ്പെടുകയും ചെയ്തിട്ടുള്ളത് തന്നെയാണ് ഒൻപതാം അധ്യായം.

അതിനു കാരണം റോമാ ലേഖനം ഒൻപതാം അധ്യായം പല വേദ ശാസ്ത്രജ്ഞരും വ്യാഖ്യാനിക്കുന്നത് പൗലോസ് ഒന്നു മുതൽ എട്ടുവരെ പഠിപ്പിച്ച ദൈവിക സത്യങ്ങളെ തള്ളിക്കളഞ്ഞു കൊണ്ടും, പുതിയ നിയമത്തിൽ ദൈവവചനത്തിന്റെ മൊത്തം ആയിട്ടുള്ള

ഘടനയും സുവിശേഷത്തിന്റെ അന്തസത്തയും അവഗണിച്ചു കൊണ്ടും ആണ് എന്നുള്ളതാണ്.

അത്തരത്തിൽ റോമർ 9-ാം അധ്യായം തെറ്റായി വ്യാഖ്യാനിക്കുമ്പോൾ ഉണ്ടാകുന്ന പ്രധാന ദൈവശാസ്ത്ര വ്യാഖ്യാന പ്രശ്നങ്ങൾ താഴെ വിശദീകരിക്കുന്നു.

=====================================================

## 1 ദൈവത്തിന്റെ പരമാധികാരം തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നു.

=====================================================

ദൈവം പരമാധികാരി ആണ് എന്ന് ദൈവവചനം പഠിപ്പിക്കുന്നു എന്നാൽ ദൈവം സ്വേച്ഛാധിപതിയായ ഒരു പരമാധികാരിയല്ല, പകരം അവിടുന്ന് കരുണയും, ദയയും, ദീർഘക്ഷമയുമുള്ള പക്ഷപാതരഹിതനായ പിതാവാണെന്ന് ദൈവവചനം പഠിപ്പിക്കുന്നു. ഇത്തരത്തിൽ ഉള്ള വ്യാഖ്യാനങ്ങൾ പ്രകാരം അവർ ധാർമിക മൂല്യങ്ങളോ ദയയോ കരുണയോ ഇല്ലാത്ത സ്വേച്ഛാധിപതിയായ ഒരു പരമാധികാരിയായിട്ടാണ് ദൈവത്തെ അവതരിപ്പിക്കുന്നത് .

=====================================================

## 2 ദൈവത്തിന്റെ തിരഞ്ഞെടുപ്പ് തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നു.

=====================================================

ദൈവിക തിരഞ്ഞെടുപ്പിനെപ്പറ്റി തിരുവചനം വ്യക്തമായി വിവിധ ഭാഗങ്ങളിൽ പഠിപ്പിക്കുന്നുണ്ട്. എന്നാൽ റോമർ 9 ൽ ദൈവത്തിന്റെ തിരഞ്ഞെടുപ്പിനെ ലോക സ്ഥാപനത്തിന് മുൻപേ ദൈവം ചിലരെ നിത്യതക്കായിട്ടും, ചിലരെ നാശത്തിനു വേണ്ടിയും ആണെന്നു വ്യഖ്യാനിക്കുന്നതു തിരുവചനത്തോട് നീതി തികച്ചും പുലർത്താതെയാണ്.

ദൈവം,ലോക സ്ഥാപനത്തിന് മുമ്പ് സ്വർഗ്ഗത്തിലേക്ക് തെരഞ്ഞെടുത്ത കുറച്ച് ആളുകളെ മാത്രം സ്നേഹിച്ചു, എന്നും അവർക്കു വേണ്ടി മാത്രം കർത്താവ് ഭൂമിയിൽ വന്നു മരിക്കുകയും, അവരെ മാത്രം രക്ഷിക്കുകയും ,അവരുടെ രക്ഷ നഷ്ടപ്പെടാതെ സൂക്ഷിക്കുകയും സ്വർഗ്ഗത്തിലേക്ക് അവരെ മാത്രം കൊണ്ടു

പോവുകയും ചെയ്യുന്നു എന്നും, ചിലരെ നരകത്തിലേക്ക്, നിത്യതയിൽ തന്നെ തിരഞ്ഞെടുത്തു എന്നും അവരെ ഭൂമിയിൽ ജനിപ്പിക്കുകയും അവർക്കു വിശ്വസിക്കാൻ കഴിവു കൊടുക്കാതിരിക്കുകയും, വിശ്വസിക്കാത്തതിനാൽ അവരെ മുൻ നിശ്ചയിച്ചതുപോലെ നരകത്തിലേക്ക് അയയ്ക്കുകയും ചെയ്യുന്നു എന്നാണ് ഈ സിദ്ധാന്തം പഠിപ്പിക്കുന്നത്. ഇതു സാമാന്യ ബുദ്ധിക്കോ, ദൈവവചനത്തിനോ നിരക്കാത്ത വ്യാഖ്യാനം ആണെന്ന് പറയേണ്ടതില്ലല്ലോ.

**യഥാർത്ഥത്തിൽ റോമർ 9-ാം അധ്യായം നിത്യതക്കു വേണ്ടിയുള്ള വ്യക്തിപരമായ രക്ഷക്കുള്ള തിരഞ്ഞെടുപ്പിനെപ്പറ്റി പഠിപ്പിക്കുന്നതിനു പകരം ഭൂമിയിലെ ദൈവിക പദ്ധതിയുടെ പൂർത്തീകരണത്തിനായി ദൈവം യഹൂദ ജനതയെയും, ജാതികളെയും ദൈവിക പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുന്ന തിനെപ്പറ്റിയാണ് വിവരിക്കുന്നത്.**

വ്യക്തിപരമായ രക്ഷയെ പറ്റിയുള്ള സന്ദേശം വളരെ വ്യക്തമായി തന്നെ പൗലോസ് ഒന്ന് മുതൽ എട്ടു വരെയുള്ള അധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നു. ഈ അടിസ്ഥാന പരമായ വിഷയ വിഭജനം മനസ്സിലക്കാത്തതാണ് വികല വ്യാഖ്യാനങ്ങൾ ഇത്തരത്തിൽ ഉണ്ടാകുവാൻ കാരണം. (ഈ വിഷയം നമ്മുടെ തുടർന്നുള്ള പഠനത്തിൽ വിശദമായി പ്രദിപാദിക്കുന്നതിനാൽ ഇവിടെ വിശദീകരിക്കുന്നില്ല.)

==========================================================

## 3 മനുഷ്യന്റെ സ്വതന്ത്ര ഇച്ഛ തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നു

==========================================================

ദൈവവചനം പഠിച്ചാൽ മനസിലാകുന്ന ഒരു കാര്യം, ദൈവം ഒരുക്കിയ ദാനമായ രക്ഷ സ്വീകരിക്കുന്നതിൽ അവന്റെ സ്വതന്ത്ര ഇച്ഛാശക്തിക്കു ഒരു പങ്കുണ്ടെന്നുള്ളതാണ്. എന്നാൽ റോമർ ഒൻപതാം അദ്ധ്യായം തെറ്റായി വ്യാഖ്യാനിക്കുന്നവർ മനുഷ്യനു സ്വാഭാവികമായും സ്വയഇച്ഛ ഇല്ലായെന്നും അതിനാൽ അവന് കർത്താവിന്റെ വിളിയോട് സ്വാഭാവികമായി പ്രതികരിക്കാൻ കഴിയില്ലെന്നും വ്യഖ്യാനിക്കുന്നു.

അതായതു ലോകസ്ഥാപനത്തിന് മുൻപേ സ്വർഗ്ഗത്തിലേക്ക് താൻ തെരഞ്ഞെടുത്തവർക്ക് മാത്രം ദൈവം മാനസാന്തരവും വിശ്വാസവും കൊടുക്കുകയും അവരെ യന്ത്രമനുഷ്യരെപ്പോലെ സ്വർഗ്ഗത്തിലേക്കും, മറ്റുള്ളവർക്ക് പ്രതികരിക്കാനുള്ള കഴിവു കൊടുക്കാത്തതിനാൽ യന്ത്ര മനുഷ്യരെപ്പോലെ നരകത്തിലേക്കു എത്തിക്കയും ചെയ്യുന്നു എന്നതുമാണ് വ്യഖ്യാനം.

==========================================================

## 4 യഹൂദനെയും ജാതികളെയും കുറിച്ചുള്ള ദൈവീക പദ്ധതി തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നു.

==========================================================

മുകളിൽ നാം ചിന്തിച്ച രീതിയിലുള്ള വ്യാഖ്യാനങ്ങൾ റോമർ 9:11 വരെയുള്ള ഭാഗങ്ങൾ തെറ്റായി മനസ്സിലാക്കുന്നതിനാൽ ഉണ്ടായ താണ്. എങ്കിൽ, ഈ അധ്യായങ്ങൾ ശരിയായി മനസ്സിലാക്കുവാൻ കഴിയാതെ ഇരുന്നതിനാൽ ഉണ്ടായ ഒരു ദൈവശാസ്ത്രം ആണ് replacement theology.

അതായത് ദൈവം ഇസ്രായേൽ ജനതയെ തള്ളിക്കളഞ്ഞു എന്നും, അവരോടു ചെയ്ത ഉടമ്പടിയും, വാഗ്ദത്തങ്ങളും ഇന്ന് നിലനിൽക്കുന്നില്ല എന്നും, അവരുടെ സ്ഥാനത്തു അവർക്കു പകരമായി ജാതികളെ തിരഞ്ഞെടുത്തു എന്നതുമാണ് അത്തരം ദൈവശാസ്ത്രം പഠിപ്പിക്കുന്നത്. യഥാർത്ഥത്തിൽ റോമാസഭയിൽ, യഹൂദനും ജാതികളും തമ്മിലുണ്ടായ അത്തരത്തിലുള്ള പ്രശ്നത്തെ അഭിസംബോധന ചെയ്യാനാണ് പൗലോസ് ഈ ലേഖനം എഴുതുന്നതുതന്നെ. തുടർന്നുള്ള അധ്യായങ്ങളിൽ ഈ വിഷയം വിശദീകരിക്കുന്നതാണ്.

ഇത്തരത്തിൽ അനേകം ദുർവ്യാഖ്യാനങ്ങൾ ഈ അധ്യായത്തെ അവലംബിച്ച് ഉണ്ടാകുവാൻ കാരണം റോമർ 9-ാം അദ്ധ്യായത്തിന്റെ സന്ദർഭം മനസ്സിലാക്കാതെ ഉള്ള വ്യാഖ്യാന രീതിയാണ്.

ദൈവവചന പഠനത്തിന് ഏറ്റവും അത്യാവശ്യമായി നാല് കാര്യങ്ങൽ നാം മനസ്സിലാക്കിയിരിക്കേണ്ടതാണ്.

1 ദൈവവചനമായ ബൈബിളിന്റെ മൊത്തത്തിലുള്ള സന്ദേശം ( whole message ) മനസ്സിലാക്കുക,

2 നാം പഠിക്കുന്ന ലേഖനത്തിന്റെ മൊത്തത്തിലുള്ള സന്ദർഭം (whole context) മനസ്സിലാക്കുക

3 നാം പഠിക്കുന്ന അധ്യായത്തിന്റെ അടുത്തുള്ള സന്ദർഭം (immediate context ) മനസ്സിലാക്കുക

4. പഠിക്കുന്ന അദ്ധ്യായത്തിലെ പഴയ നിയമ ഉദ്ധരണികളുടെ സന്ദർഭവും അർത്ഥവും മനസ്സിലാക്കുക

വചന പണ്ഡിതർ എന്നു കരുതുന്ന പലരും ഈ അധ്യായത്തെ മുകളിൽ പറഞ്ഞ എല്ലാ മാനദണ്ഡങ്ങളും അവഗണിച്ചു കൊണ്ട് വ്യാഖ്യാനിക്കുന്നതിനാലാണ് ഇത്തരം ദുർവ്യാഖ്യാനങ്ങൾ ഉണ്ടാകുന്നത്. ഇത്തരം ദുർവ്യാഖ്യാനങ്ങളുടെ പ്രശ്നം എന്നത് തിരുവചനത്തിൽ ഉടനീളം വിശദീകരിക്കുന്ന ക്രിസ്തുവിലൂയെുള്ള ദൈവിക വെളിപാടിന്റെ മാഹാത്മ്യത്തെ അതിലൂടെ തള്ളിക്കളയുന്നു എന്നതാണ്. അനർഹരായ, ശത്രുക്കളായ, കോപ പാത്രങ്ങളായ പാപികൾക്കു വേണ്ടി ഈ ഭൂമിയിൽ വന്നു ജീവിച്ച് ക്രൂശിൽ മരിച്ചു, സകല ലോകത്തിന്റെയും പാപം ഏറ്റെടുത്തു, ലോകത്തിനു നിരപ്പിനു ഹേതുവായ കർത്താവിന്റെ രക്ഷണ്യ പ്രവർത്തിയെ ഇത്തരം വ്യാഖ്യാനങ്ങൾ അനാദരിക്കുന്നു.

പൗലോസിന്റെ ലേഖനങ്ങളോട്, വചന സന്ദർഭത്തോട് യാതൊരു നീതിയും കാണിക്കാതെ, കുറച്ചു പേരെ നിത്യ നാശത്തിനു വേണ്ടി സൃഷ്ടിച്ച യാതൊരു ധാർമ്മിക മൂല്യങ്ങളും ഇല്ലാത്ത, സ്വേച്ഛാധിപാധി എന്ന നിലയിൽ ദൈവത്തെ അവതരിപ്പിക്കുന്നു. അങ്ങനെ മനോഹരമായ ദൈവികത്വം വഹിക്കുന്ന, വചനം വിവരിക്കുന്ന, സ്വയത്യാഗിയായ, സ്നേഹത്തിന്റെ മൂർത്തീഭാവമായ, ജ്ഞാന സമ്പൂർണനായ ദൈവത്തെ, അധർമ്മിയായ സാധാരണ മനുഷ്യന്റെ നിലവാരത്തിലേക്ക്, തങ്ങളുടെ ബൗദ്ധീക നിലവാരത്തിലേക്ക്, താഴ്ത്തുന്ന നിലയിൽ അവതരിപ്പിക്കുകയാണ് അവർ ചെയ്യുന്നത്.

==========================================================

## റോമർ ഒൻപതാം അധ്യായത്തിലെ തെറ്റിദ്ധാരണാജനകമായ ചില വാക്യങ്ങൾ

==========================================================

തെറ്റിദ്ധാരണ പരത്തുന്ന വ്യാഖ്യാനങ്ങൾ കാരണം പല വിശ്വാസികളും ധരിച്ചുവച്ചിരിക്കുന്നതു, റോമർ 9 അദ്ധ്യായത്തിൽ വിവരിക്കുന്നത്, ദൈവം പക്ഷാഭേദമായി തനിക്കിഷ്ടമുള്ള ചിലർക്ക് മാത്രം നിത്യജീവൻ കൊടുത്തുകൊണ്ട്, ചിലരെ നരകശിക്ഷക്കു വേണ്ടി മാത്രം സൃഷ്ടിച്ചിരിക്കുന്നു എന്നാണ്. അതിനു ഉപോൽബലകമായി മുകളിൽ വിവരിച്ച, ദൈവവചന പഠനത്തിന്റെ അടിസ്ഥാന മാനദണ്ഡങ്ങൾ തള്ളിക്കളഞ്ഞ് സാഹചര്യത്തിൽ നിന്ന് അടർത്തിമാറ്റിയ, വേദഭാഗങ്ങൾ ഈ അധ്യായത്തിൽ നിന്നും ഉദ്ധരിക്കാറുണ്ട്.

**റോമർ 9 ൽ നിന്നും അത്തരത്തിൽ ഉദ്ധരിക്കുന്ന ചില വാക്യങ്ങൾ ഇവയാണ്.**

**റോമർ 9:18** .... തനിക്കു മനസ്സുള്ളവനോടു അവന്നു കരുണ തോന്നുന്നു; തനിക്കു മനസ്സുള്ളവരെ അവൻ കഠിനനാക്കുന്നു, ...

**റോമർ 9:15** എനിക്കു കരുണ തോന്നേണം എന്നുള്ളവനോടു കരുണ തോന്നുകയും എനിക്കു കനിവു തോന്നേണം എന്നുള്ളവനോടു കനിവു തോന്നുകയും ചെയ്യും.

**റോമർ 9:20** അയ്യോ, മനുഷ്യാ, ദൈവത്തോടു പ്രത്യുത്തരം പറയുന്ന നീ ആർ?

ഈ വാക്യങ്ങൾ പ്രകാരം ദൈവം തന്നിഷ്ടപ്രകാരം ചിലരോട് കനിവ് തോന്നി ലോകസ്ഥാപനത്തിനു മുൻപേ സ്വർഗ്ഗത്തിലേക്ക് തിരഞ്ഞെടുത്തു എന്നും, ചിവരെ ലോകസ്ഥാപനത്തിനു മുൻപേ ദ്വേഷിച്ചു, ഹൃദയം കഠിനമാക്കി നരകത്തിലേക്ക് അയക്കുകയും ചെയ്യുന്നു എന്ന് ഈ ഭാഗത്തുനിന്ന് സന്ദർഭവിരുദ്ധമായി വ്യഖ്യാനിക്കും.

ഇത് അനീതിയാണ് എന്ന് തോന്നിയാലും പരമാധികാരിയായ ദൈവത്തോട് പ്രത്യുത്തരം പറയുവാൻ നമ്മൾ ആര് എന്ന് ചോദിക്കും.

ഇത്തരം വ്യാഖ്യാനങ്ങളെ ന്യായീകരിക്കുവാൻ ഉപയോഗിക്കുന്ന **റോമർ 9** മറ്റു വേദഭാഗങ്ങൾ:

ഇസ്മായിലിനെ തഴഞ്ഞു ഇസഹാക്കിനെ തിരഞ്ഞെടുക്കുന്നു (9:7–9)

ജനിക്കും മുൻപെ ഏശാവിനെ ദ്വേഷിച്ചു യാക്കോബിനെ സ്നേഹിക്കുന്നു, (തിരഞ്ഞെടുക്കുന്നു) (9:10 - 13)

മോശയോട് കരുണ കാണിക്കുന്നു, പിന്നീട് ഫറവോനെ കഠിനനാക്കുന്നു, (9:15 - 18)

കുശവൻ, തന്നിഷ്ടപ്രകാരം, മുൻ നിശ്ചയപ്രകാരം ചിലരെ നശിപ്പിക്കുവാൻ വേണ്ടി ക്രോധ പത്രങ്ങളായും, ചിലരെ തന്നിഷ്ടപ്രകാരം, മുൻ നിശ്ചയപ്രകാരം മാനപാത്രങ്ങളായും സൃഷ്ടിക്കുന്നു. (9:21 - 23)

സാധാരണ ഗതിയിൽ ഈ ഭാഗങ്ങൾ ഓടിച്ചു വായിക്കുന്നവർക്കും, മേൽപറഞ്ഞ വിധമുള്ള ദുർവ്യാഖ്യാനങ്ങൾ കേട്ടു ശീലിച്ചവർക്കും ഇതു സത്യമാണെന്നു കരുതാനുള്ള സാദ്ധ്യതയുണ്ട്. മുകളിൽ വിശദീകരിച്ചതുപോലെ, സന്ദർഭം മനസിലാക്കാതെ പോകുന്നവർ മുഴുവനായി തെറ്റിദ്ധരിക്കപ്പെടുകയും, വചന വിരുദ്ധമായ വീക്ഷണത്തിൽ വിശ്വസിക്കുകയും ചെയ്യും. എന്നാൽ പൗലോസിന്റെ വിശദീകരണം, ഈ പറയപ്പെട്ട വചന വിരുദ്ധ ചിന്തകൾക്ക് ഘടക വിരുദ്ധമാണെന്നു മനസിലാക്കുന്നതിന് വലിയ ബുദ്ധിമുട്ടില്ല. നമുക്ക് തുടർന്ന് ഈ അധ്യായം മുകളിൽ നാം ചിന്തിച്ച ദൈവവചന പഠനത്തിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പഠിക്കാം.

## അദ്ധ്യായം 2

# റോമർ ഒൻപതാം അദ്ധ്യായം പശ്ചാത്തലവും, സന്ദർഭവും രചനാശൈലിയും

================================================================

**റോമാ ലേഖനത്തിന്റെ ആകമാന സന്ദർഭം** (whole context)

================================================================

**റോ**മർ ഒൻപതാം അദ്ധ്യായം ഒരാൾക്ക് മനസ്സിലാകേണമെങ്കിൽ റോമാ ലേഖനത്തിന്റെ മുഴുവനായ പശ്ചാത്തലവും അതുപോലെ തന്നെ റോർ 9 മുതൽ 11 വരെയുള്ള അദ്ധ്യായങ്ങളുടെ പശ്ചാത്തലവും ആ വ്യക്തി അറിഞ്ഞിരിക്കണം.

ആദ്യമായി റോമർക്ക് എഴുതിയ ലേഖനത്തിന്റെ മുഴുവനായ പശ്ചാത്തലം എന്തെന്ന് ചിന്തിക്കാം.

പുതിയനിയമത്തിലെ ഏറ്റവും നീണ്ട എഴുത്ത് അഥവാ ലേഖനം പൗലോസ് റോമർക്ക് എഴുതിയ ലേഖനമാണ്. മാത്രവുമല്ല പുരാതന ലോകത്തിലെ കണ്ടെടുക്കപ്പെട്ടിട്ടുള്ളതിൽ ഒരാൾ മറ്റുള്ളവർക്ക് എഴുതിയ ഏറ്റവും വലിയ എഴുത്തും ഇതു തന്നെയാണെന്നാണ് കരുതപ്പെടുന്നത്.

പൗലോസ് റോമിലെ വിശ്വാസികൾക്ക് കൊരിന്തിൽ നിന്നും തെർത്തൊസ് എന്ന വ്യക്തിയെക്കൊണ്ട് എഴുതിച്ച് ഫേബ എന്ന സഹോദരിയുടെ കൈവശം കൊടുത്തയച്ച ഒരു നീണ്ട കത്താണ്

റോമർക്ക് എഴുതിയ ലേഖനം. സ്വാഭാവികമായും വാകൃങ്ങളോ അദ്ധ്യായങ്ങളോ തരംതിരിക്കാതെ എഴുതിയ ഒരു കത്താണ് ഇത്.

പേപ്പറും പേനയും ഇല്ലാതിരുന്ന അക്കാലത്ത് മഷിയും തൂവലും കൊണ്ട് എഴുതുക എന്നത് വളരെ ശ്രമകരമായ ഒരു ദൗത്യമായിരുന്നു എന്ന് നമുക്കറിയാം. അതുകൊണ്ടുതന്നെ പൗലോസ് ഇത്ര നീണ്ടതായ ഒരു എഴുതി പൗലോസ് സ്ഥാപിച്ചതല്ലാത്ത റോമാസഭയിലെ താൻ അന്നുവരെയും കണ്ടിട്ടില്ലാത്ത വിശ്വാസികൾക്ക് അയച്ചതിനു പിന്നിൽ നിശ്ചയമായും ഒരു വലിയ ആവശ്യബോധം ഉണ്ടായിരുന്നു.

ബൈബിളിലെ ഏതൊരു ലേഖനവും നമ്മൾ പഠിക്കുമ്പോൾ അത് എന്തിനുവേണ്ടി എഴുതി എന്നത് നാം അറിഞ്ഞിരിക്കുന്നുവെങ്കിൽ മാത്രമേ അതിലെ പ്രതിപാദ്യവിഷയം എന്തെന്ന് നമുക്ക് മനസ്സിലാവു കയുള്ളൂ. ഒരു ലേഖനം എന്തിനെഴുതി എന്നുള്ള കാരണമാണ് ആ ലേഖനത്തിലെ വിഷയങ്ങൾ എന്താണ് ഉദ്ദേശിക്കുന്നത് എന്നത് മന സ്സിലാക്കുവാനുള്ള താക്കോൽ.

ഒരാൾക്ക് പ്രബോധനമോ, ആശ്വാസമോ ലഭിക്കുവാൻവേണ്ടി വായിക്കുമ്പോൾ ഈ കാര്യങ്ങളൊന്നും അറിഞ്ഞിരിക്കണം എന്നില്ല. എന്നാൽ ദൈവവചനം പഠിക്കുന്നവരും പഠിപ്പിക്കുന്നവരും ഈ വസ്തുതകൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇല്ല എങ്കിൽ, എഴുത്തുകാ രൻ മനസ്സിൽപ്പോലും ഉദ്ദേശിക്കാത്ത പല തെറ്റായ ദൈവശാസ്ത്ര ങ്ങളും വ്യാഖ്യാനങ്ങളും അതിൽ നിന്നും ഉണ്ടായിവരാൻ സാധ്യത യുണ്ട്.

റോമാലേഖനത്തിന്റെ പശ്ചാത്തലം പഠിക്കുമ്പോൾ റോമയിലെ സഭയുടെ ഉത്ഭവം നാം മനസ്സിലാക്കേണ്ടതുണ്ട്.

പെന്തക്കോസ്തുനാളിൽ യരൂശലേമിൽ കൂടിവന്നവരിൽ റോമ യിൽ നിന്നുള്ള വിശ്വാസികളും ഉണ്ടായിരുന്നു. അന്ന് രക്ഷിക്കപ്പെട്ട വരായ യഹൂദന്മാർ റോമയിലേക്ക് തിരികെ പോവുകയും അവർ അവിടെ ഒരു പ്രാദേശിക സഭയായി കൂടിവരികയും ചെയ്തു.

റോമാസഭ **നാല് കാലഘട്ടങ്ങളിലൂടെ** കടന്നുപോയി എന്ന് നമുക്ക് ദൈവവചനപഠത്തിലൂടെ മനസ്സിലാക്കാവുന്നതാണ്. ആദ്യനാ ളുകളിൽ യെരുശലേമിൽ നിന്നും മടങ്ങിവന്നവരായ യഹൂദന്മാർ മാത്ര മാണ് റോയിലെ സഭയിൽ ഉണ്ടായിരുന്നത്.

എന്നാൽ പിന്നീട് ജാതികളിൽ നിന്നും രക്ഷിക്കപ്പെട്ടവരും ആ സഭയോട് ചേർന്നു. അങ്ങനെ അതൊരു യഹൂദ-ജാതീയ സമ്മിശ്രസഭയായിത്തീർന്നു.

AD 50-ൽ റോമയിലെ അന്നത്തെ ചക്രവർത്തി ആയിരുന്ന ക്ലൗദ്യ്യോസിന്റെ നേതൃത്വത്തിൽ റോമിലെ യഹുദർക്ക് വലിയ പീഡനം നേരിടുകയുണ്ടായി. യഹൂദന്മാർ എല്ലാവരും റോമാനഗരം വിട്ടുപോകണം എന്ന് ക്ലൗദ്യ്യോസ് കല്പിച്ചു (പ്രവൃത്തികൾ 18:2). അങ്ങനെ റോമാസഭയിലെ യഹൂദരായ വിശ്വാസികൾ പലായനം ചെയ്തു ചിതറിപ്പോയി.

അങ്ങനെ മൂന്നാം ഘട്ടത്തിൽ റോമാസഭ ജാതീയവിശ്വാസികൾ മാത്രമുള്ള സഭയായിത്തീർന്നു.

അങ്ങനെ ചിതറിപ്പോയവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന രണ്ടു പേരായിരുന്നു അക്വിലാസും പ്രിസ്ക്കില്ലയും. ഇരുവരെയും പിന്നീട് പൗലോസ് കൊരിന്തിൽ വെച്ച് കണ്ടുമുട്ടുകയും അവർ ഒരുമിച്ച് കൂടാരപ്പണി ചെയ്തുപോരുകയും ചെയ്തതായി പ്രവൃത്തികൾ 18-ൽ നാം വായിക്കുന്നു.

എന്നാൽ AD 54-ൽ ക്ലൗദ്യ്യോസിന്റെ ഭാര്യയായിരുന്ന അഗ്രിപ്പിന മകനായ നീറോ രാജാവാകുവാൻവേണ്ടി ക്ലൗദ്യ്യോസിനെ വിഷം കൊടുത്തുകൊന്നു എന്നും അങ്ങനെ നീറോ അധികാരത്തിൽ വന്നു എന്നും ചരിത്രം പറയുന്നു.

AD 54 നീറോ ഭരണം തുടങ്ങിയപ്പോൾ യഹുദന്മാരെ എല്ലാം റോമയിലേക്ക് തിരികെ വിളിക്കുകയും അങ്ങനെ അക്വിലാസും പ്രിസ്ക്കില്ലയും അടക്കമുള്ള യഹുദവിശ്വാസികൾ തിരികെ റോമയിലേക്ക് മടങ്ങിവരികയും ചെയ്തു. അങ്ങനെ റോമാ സഭ വീണ്ടും യഹുദ-ജാതീയ സമ്മിശ്ര സഭയായിത്തീർന്നു.

റോമാ ലേഖനം AD 57-ൽ നീറോയുടെ ഭരണകാലത്താണ് എഴുതപ്പെട്ടത്. എന്നാൽ അക്കാലമായപ്പോഴേക്കും റോമയിൽ മാത്രമല്ല എവിടെല്ലാം യഹുദരും വിജാതീയരും ഒരുമിച്ചുകൂടി വന്നിരുന്നുവോ അവിടെയെല്ലാം ഒരു പ്രശ്നം ഉടലെടുത്തിരുന്നു. യഹുദർക്കും വിജാതീയർക്കും അന്യോന്യം അംഗീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല എന്നതായിരുന്നു അത്.

യഹൂദ വിശ്വാസികൾക്ക് വിജാതീയരെ അംഗീകരിക്കുവാൻ കഴിയാതിരുന്നതിന്റെ കാരണം തങ്ങൾ മാത്രമാണ് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജാതിയെന്നും യഹൂദരല്ലാത്തവരെ ദൈവം തിരഞ്ഞെടുത്തിട്ടില്ലെന്നുമുള്ള അവരുടെ വിശ്വാസമായിരുന്നു. ദൈവസഭയെക്കുറിച്ചുള്ള ആദ്യത്തെ വെളിപാട് ലഭിച്ച, യഹൂദനായ പത്രോസിനുപോലും ആദ്യകാലങ്ങളിൽ അംഗീകരിക്കുവാൻ കഴിയാതിരുന്ന ഒരു കാര്യമായിരുന്നു ഇത്.

എന്നാൽ മറിച്ച് ജാതികൾക്ക് യഹൂദരെ ഉൾക്കൊള്ളുവാൻ കഴിയാതിരുന്നതിന്റെ കാരണം യഹൂദന്മാർക്ക് ഉണ്ടായ കൊടിയ പീഡനവും പിന്നീട് യെരുശലേം ദേവാലയത്തിന്റെ തകർക്കപ്പെടലും തുടങ്ങിയ സംഭവങ്ങൾ യഹൂദരെ ദൈവം തള്ളിക്കളഞ്ഞതുകൊണ്ടാണെന്നും അതിനു പകരമായി ജാതികളെ ദൈവം തിരഞ്ഞെടുത്തു (Replaced) എന്നും അവർ കരുതിപ്പോന്നതുകൊണ്ടാണ്.

Replacement Theology എന്ന ഈ ഉപദേശം ചില സഭാപിതാക്കന്മാർ തുടങ്ങി ഇന്നും പലരും പഠിപ്പിക്കുന്നതുമായ ഒരു തെറ്റായ ദൈവശാസ്ത്രം ആണ്.

=====================================================

## തെറ്റായ ദൈവശാസ്ത്രങ്ങൾ ഉണ്ടാക്കുന്ന ദൂരവ്യാപക അപകടങ്ങൾ

=====================================================

പലപ്പോഴും, തെറ്റായ ദൈവശാസ്ത്രങ്ങൾ ഉണ്ടാക്കുന്ന ദൂരവ്യാപക അപകടങ്ങൾ അത് പഠിപ്പിക്കുന്നവർക്കും, പ്രചരിപ്പിക്കുന്നവർക്കും പോലും ചിന്തിക്കാൻ കഴിയാത്തതാണ്.

റോമർ 9–11 വരെയുള്ള അദ്ധ്യായങ്ങൾ ശരിയായി മനസ്സിലാക്കാൻ പലർക്കും കഴിയാതെയിരുന്നതിനാൽ ഉണ്ടായ Replacement Theology സഭാ ചരിത്രത്തിലും ലോകചരിത്രത്തിലും അനേകമായ ദോഷങ്ങൾ ഉണ്ടാക്കിയിട്ടുള്ളതുമായ ഒന്നാണ്.

ദൈവത്തിന്റെ ആദ്യത്തെ പദ്ധതി (Plan A) യഹൂദരെ തിരഞ്ഞെടുക്കുക എന്നുള്ളതായിരുന്നു എന്നും ആ പദ്ധതി പരാജയപ്പെട്ടപ്പോൾ ദൈവം പുതിയ പദ്ധതിപ്രകാരം (Plan B) യഹൂദർക്ക് പകരമായി ജാതികളെ തിരഞ്ഞെടുത്തു എന്നുള്ളതുമാണ് ഈ ഉപദേശം. ചരിത്രത്തിൽ

കടുത്ത യഹൂദവിരോധത്തിലേക്കു അനേകരെ നയിച്ചിട്ടുള്ളതാണ് ഈ സിദ്ധാന്തം.

കത്തോലിക്ക സഭാപിതാക്കന്മാരായ Barnnabas, Ireniues, Origen, John Chrysostom തുടങ്ങിയവരും പിന്നീടുവന്ന Saint Augustine എന്നിവരും ഈ ദൈവശാസ്ത്രം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു.

എന്നാൽ Saint Augustine-ന്റെ ഉപദേശങ്ങളാൽ സ്വാധീനിക്കപ്പെട്ട, പിന്നീടു നവീകരണ പ്രസ്ഥാനങ്ങളുടെ തുടക്കക്കാരനായ ജർമ്മനിയിലെ മാർട്ടിൻ ലൂഥർ ആയിരുന്നു ഈ ഉപദേശം ഏറ്റവും തീഷ്ണമായി വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത വ്യക്തി. മാർട്ടിൻ ലൂഥർ യഹൂദന്മാർക്ക് എതിരെ എഴുതിയ പുസ്തകങ്ങളാണ് On the Jews and their lies, Warning against Jews, Vom Schem Hamphoras (German) എന്നിവ.

ഈ മൂന്നു പുസ്തകങ്ങളിലും ദൈവം യഹൂദരെ തള്ളിക്കളഞ്ഞിരിക്കുന്നു എന്നും അവർ ഭൂമിയിൽ നിന്ന് ഉന്മൂലനം ചെയ്യപ്പെടേണ്ടവരാണ് എന്നും പറഞ്ഞിരിക്കുന്നു.

ജർമ്മൻ ദൈവശാസ്ത്രജ്ഞൻ ആയിരുന്ന മാർട്ടിൻ ലൂഥർ ഒരു യഹൂദവിരോധി (Anti semitic) ആയിരുന്നു. അദ്ദേഹത്തിന്റെ യഹൂദ വിരുദ്ധ എഴുത്തുകൾ, പുസ്തകങ്ങൾ എന്നിവ പിന്നീട് നാനൂറ് വർഷങ്ങൾക്കുശേഷം ജർമ്മനിയിൽ അധികാരത്തിൽ വന്ന ഹിറ്റ്ലറെപ്പോലും സ്വാധീനിച്ചു എന്ന് ചരിത്രം പറയുന്നു.

ഹിറ്റ്ലറിന്റെ (കു)പ്രസിദ്ധ ആത്മകഥയായ ‘മെൻകാഫി’ൽ, മാർട്ടിൻ ലൂഥറെ ‘ജർമ്മിയുടെ മഹാനായ നവോത്ഥാന നായകൻ’ എന്നാണ് താൻ വിശേഷിപ്പിക്കുന്നത് (Mein Kampf, page number 213).

മാർട്ടിൻ ലൂഥറുടെ ജൂതവിരുദ്ധ പുസ്തകങ്ങൾ, പ്രത്യേകിച്ചു ‘യഹൂദരും അവരുടെ നുണകളും’ എന്ന പുസ്തകം നാസികൾ, യഹൂദ ഉന്മൂലന കാലത്ത് പുനഃപ്രസിദ്ധീകരിച്ചു പ്രചരിപ്പിച്ചിരുന്നു എന്ന് ചരിത്രം പറയുന്നു.

യഹൂദജാതിയെ മുഴുവനായും ഇല്ലായ്മ ചെയ്യുക എന്നതായിരുന്നു ഹിറ്റ്ലറിന്റെയും നാസികളെയുടെയും ലക്ഷ്യം.

ആര്യവംശമാണ് ലോകത്തിലെ ഏറ്റവും ശ്രേഷ്ഠമായ വംശ

മെന്നും അവരാണ് ഈ ലോകത്തെ ഭരിക്കേണ്ടതെന്നും യഹൂദജാതി ലോകത്തിലെ ഏറ്റവും അധമമായ വംശമാണെന്നും അവർ പൂർണ്ണ മായും ഉന്മൂലനം ചെയ്യപ്പെടേണ്ടുന്നവരാണെന്നുമുള്ള 'നാസിസം' എന്ന പ്രത്യയശാസ്ത്രമാണ് അവരെ ഇതിലേക്ക് നയിച്ചത്.

ഹിറ്റ്ലർ ജർമ്മനിയിൽ നിന്ന് യൂറോപ്പ് കീഴടക്കുവാനായി പുറ പ്പെട്ട് ഓസ്ട്രിയ, പോളണ്ട്, ഡെൻമാർക്ക്, ഫ്രാൻസ് മുതലായ രാജ്യ ങ്ങളെയെല്ലാം കീഴടക്കുകയും ആ രാജ്യങ്ങളിൽ ഉണ്ടായിരുന്ന യഹൂ ദന്മാരെ തിരഞ്ഞുപിടിച്ച് ട്രെയിനുകളിൽ ജർമ്മനിയിലെയും പോള ണ്ടിലെയും കോൺസെൻട്രേഷൻ ക്യാമ്പുകളിലേക്ക് കൊണ്ടുവരി കയും ഗ്യാസ്ചേമ്പറുകളിൽ അവരെയെല്ലാം ക്രൂരമായി കൊന്നുകള യുകയും ചെയ്തു. ഹിറ്റ്ലറുടെ ജൂതവിരോധം 60 ലക്ഷം യഹൂദരെ കൊല്ലുവാൻ കാരണമായി.

ഈ യഹൂദവംശഹത്യയോട് അന്നത്തെ കത്തോലിക്ക, പ്രൊട്ട സ്റ്റന്റ് (പ്രധാനമായും ലൂഥറൻ) സഭകൾ പൊതുവേ നിസ്സംഗതയോ ടെയാണ് പ്രതികരിച്ചത് എന്നതും വിഷയവുമായി ബന്ധപ്പെട്ടു നാം ഗൗരവമായി പഠിക്കേണ്ട വിഷയമാണ്.

അതിന്റെ കാരണം യഹൂദനെ ദൈവം തള്ളിക്കളഞ്ഞു എന്നും അതിനാൽ യഹൂദരുടെമേൽ ദൈവം ചൊരിയുന്ന ശിക്ഷയാണ് ഈ കൊടിയ പീഡനങ്ങളെന്നുമുള്ള Replacement Theory പഠിപ്പിക്കപ്പെട്ടി രുന്നതുകൊണ്ടു തന്നെയാണ്.

അന്നത്തെ ക്രൈസ്തവ സമൂഹത്തിന്റെ പൊതുവായ നിലപാട് ഇതായിരുന്നു എങ്കിലും ദൈവത്തിന്റെ ആത്യന്തികപദ്ധതി മനസ്സിലാ ക്കിയ പല ക്രിസ്തീയ വിശ്വാസികളും അന്നുമുണ്ടായിരുന്നു. അവ രിൽ പലരും ഹിറ്റ്ലറിനും നാസികൾക്കും എതിരായി ധൈര്യപൂർവ്വം നിന്ന് യഹൂദരെ സഹായിക്കുകയും ജീവൻ ത്യജിക്കുകയും ചെയ്തു. Corrie Ten Boom family, Detrich Bongoffer, Maria Colbe തുടങ്ങിയവർ അവരിൽ ചിലരാണ്.

നാം ചരിത്രം നിഷ്പക്ഷമായി പഠിച്ചാൽ, ക്രിസ്തുവിനുശേഷ മുള്ള ഇരുപതു നൂറ്റാണ്ടുകളിൽ യഹൂദജാതിയെ ഏറ്റവും അധികം പീഡിപ്പിച്ചത് നാസികളോ ഇസ്ലാം മതവിശ്വാസികളോ അല്ല. ക്രിസ്തീയ മതനേതൃത്വം തന്നെയാണ് എന്ന് സമ്മതിക്കേണ്ടിവരും. അതിൽകത്തോ ലിക്കാ, പ്രൊട്ടസ്റ്റന്റ് മതനേതൃത്വം ഒരുപോലെ ഉത്തരവാദികളാണ്.

അനേക ദൈവീകസത്യങ്ങൾ പഠിപ്പിച്ച, നവീകരണപ്രസ്ഥാനത്തിന്റെ കുന്തമുനയായിരുന്ന മാർട്ടിൻ ലൂഥറിന്റെ ജീവിതത്തിലെ കറുത്ത ഏടാണ് അദ്ദേഹത്തിന്റെ ജൂതവിരോധവും ജൂതവിരുദ്ധ എഴുത്തുകളും.

റോമാ ലേഖനത്തിലെ വിശ്വാസത്താലുള്ള നീതീകരണം എന്ന ദൈവീകസത്യം വ്യക്തമായി മനസ്സിലാക്കിയ, പഠിപ്പിച്ച സെന്റ് അഗസ്റ്റിൻ, മാർട്ടിൻ ലൂഥർ എന്നിവർക്കുപോലും 9-11 വരെയുള്ള അദ്ധ്യായങ്ങളിൽ പൗലോസ് പഠിപ്പിക്കുന്ന വിഷയങ്ങൾ വ്യക്തമായി മനസ്സിലാക്കുവാൻ കഴിഞ്ഞില്ല എന്നതാണ് ഇതിനു കാരണം.

മാർട്ടിൻ ലൂഥറിന്റെ അനുയായിയായി പിന്നീട് വന്ന ജോൺ കാൽവിൻ എന്ന പ്രശസ്തനായ ദൈവശാസ്ത്രജ്ഞൻ ഈ അദ്ധ്യായങ്ങളുടെ പശ്ചാത്തലം മനസ്സിലാക്കാതെ തെറ്റായി വ്യാഖ്യാനിച്ച് ഉണ്ടായതാണ്. റോമർ 9-11 വരെയുള്ള അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്നത് നിത്യതയിലേക്കുള്ള വ്യക്തിപരമായ തിരഞ്ഞെടുപ്പാണ് എന്നും, ദൈവം ലോകസ്ഥാപനത്തിനുമുൻപേ ചിലരെ നരകത്തിലേക്ക് തിരഞ്ഞെടുത്തിരിക്കുന്നു എന്നും, അവരുടെ ഹൃദയം ദൈവം ഏകപക്ഷീയമായി കഠിനപ്പെടുത്തുന്നു എന്നുമുള്ള Hyper Calvenist സിദ്ധാന്തം.

ഇത്തരത്തിലുള്ള പല സിദ്ധാന്തങ്ങളും ഉണ്ടാകുവാൻ കാരണമായ അദ്ധ്യായങ്ങൾ ആയതിനാൽ ഈ അദ്ധ്യായങ്ങളുടെ വിശദമായ പഠനം വളരെ ആവശ്യമായ കാര്യമാണ്.

റോമാലേഖനത്തിന്റെ പശ്ചാത്തലവിഷയത്തിലേക്ക് മടങ്ങിവരാം. റോമാസഭയിൽ, യഹൂദരും വിജാതീയരുമായ വിശ്വാസികൾ തമ്മിൽ നിലനിന്നിരുന്ന ഈ രണ്ടു വ്യത്യസ്ത ചിന്താഗതികളുടെ നടുവിൽ നിന്നുകൊണ്ട് ഈ രണ്ട് ചിന്താഗതികളും ശരിയല്ല എന്നും, യഹൂദരും വിജാതീയരും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും ഒരേ വേരിനാൽ ചുമക്കപ്പെടുന്ന കൊമ്പുകളും ക്രിസ്തുവിൽ ഒരു ശരീരവും ആണെന്നും പൗലോസ് അവരെ പഠിപ്പിക്കുന്നു.

ദൈവം ആദ്യമായി തിരഞ്ഞെടുത്തതു യഹൂദരെയാണ്. യഹൂദർക്കാണ് പുത്രത്വവും തേജസ്സും നിയമങ്ങളും ന്യായപ്രമാണവും ആരാധനയും വാഗ്ദത്തങ്ങളും പിതാക്കന്മാരെയും നൽകിയത് എന്നും ജഡപ്രകാരം ക്രിസ്തുവും അവരിൽ നിന്നാണ് ഉത്ഭവിച്ചത് എന്നും

അതുകൊണ്ട് ദൈവം യഹൂദരെ ഒരിക്കലും തള്ളിക്കളഞ്ഞിട്ടില്ല എന്നും പൗലോസ് റോമയിലെ വിജാതീയ വീശ്വാസികളെ പഠിപ്പിക്കുന്നു.

എന്നാൽ ജാതികളെ ദൈവം യഹൂദരോടുകൂടെ അംഗീകരിച്ചു ഉടമ്പടിയിലേക്ക് കൂട്ടിച്ചേർത്തു എന്നും യഹൂദരോടു പൗലോസ് ഈ ലേഖനത്തിലൂടെ വിശദീകരിക്കുന്നു.

സഭയിൽ നിലനിൽക്കുന്ന ഈ വിഭാഗീയത നേരിട്ടുവന്ന് പരിഹരിക്കണം എന്ന് പൗലോസ് ആഗ്രഹിക്കുന്നു എങ്കിലും അതിനു കഴിയാതെ വന്നതിനാലാണ് കൊരിന്തിൽ നിന്നും ഒരു നീണ്ട കത്ത് ഈ വിഷയങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് പൗലോസ് അയക്കുന്നത്.

ലേഖനത്തിന്റെ തുടക്കം മുതൽ തന്നെ പൗലോസ് ഈയൊരു യാഥാർത്ഥ്യത്തിലേക്ക് റോമയിലെ വിശ്വാസികളെ കൊണ്ടുവരാൻ ശ്രമിക്കുകയാണ്. അതിനാൽ യഹൂദനും വീജാതീയർക്കും പൊതുവായി ഉള്ള  കാര്യങ്ങളെ (ആദമിൽ നിന്നുള്ള പാപം, യേശുക്രിസ്തുവിൽ നീതീകരണം, അബ്രഹാം എന്ന യഹൂദ, വിജാതീയ വിശ്വാസികളുടെ പിതാവ് തുടങ്ങിയ കാര്യങ്ങൾ 1 മുതൽ 8 വരെ പൗലോസ് വിശദീകരിക്കുന്നു).

9-11 അദ്ധ്യായങ്ങളിൽ അതിന്റെ പരിസമാപ്തിയിലേക്ക് എത്തിച്ചേർന്ന് 12-ാം അദ്ധ്യായത്തിൽ യഹൂദനും വിജാതിയനും ക്രിസ്തുവിൽ ഒരു ശരീരമായി ദൈവസഭ പണിയപ്പെടുന്നതിനെക്കുറിച്ചും പൗലോസ് വിവരിക്കുന്നു.

==========================================================

## റോമർ ഒന്നു മുതൽ പന്ത്രണ്ടു വരെയുള്ള അദ്ധ്യായങ്ങളിലെ വിഷയങ്ങൾ

==========================================================

**റോമർ ഒന്നാം അദ്ധ്യായത്തിൽ** പൗലോസ് ദൈവത്തെ അന്വേഷിക്കാത്ത ജാതികൾ എല്ലാവരും തന്നെ പാപികളാണ് എന്ന് തെളിയിക്കുകയാണ്.

**രണ്ടാം അദ്ധ്യായത്തിൽ** ദൈവീക ന്യായപ്രമാണം ലഭിച്ച യഹൂദനും അതുപോലെ തന്നെ പാപികൾ ആണെന്ന് തെളിയിക്കുന്നു.

**മൂന്നാം അദ്ധ്യായത്തിൽ** യഹൂദനും ജാതീയനും എല്ലാവരും ഒരുപോലെ പാപികളാണ് എന്നും വിശുദ്ധനും നീതിമാനുമായ ദൈവം ജാതികളുടെയും യഹുദന്റെയും പാപത്തെ കുറ്റം വിധിക്കുന്നതാണ് എന്നും തെളിയിക്കുകയാണ്. കൂടാതെ എല്ലാവർക്കും നീതീകരണം വിശ്വാസത്താൽ മാത്രമാണെന്നും തെളിയിക്കുന്നു. **റോമർ 3:9,22**

**നാലാം അദ്ധ്യായത്തിൽ** യഹൂദന്മാരുടെ പിതാവായ അബ്രഹാം വിശ്വാസത്താലാണ് നീതീകരിക്കപ്പെട്ടത് എന്ന് തെളിയിക്കുന്നു. കൂടാതെ അബ്രഹാം വിശ്വാസികളായ എല്ലാവരുടെയും (യഹൂദരുടെയും ജാതികളുടെയും) പിതാവാണ് എന്ന് തെളിയിക്കുന്നു.

**അഞ്ചാം അദ്ധ്യായത്തിൽ** യഹൂദനും ജാതീയനും വിശ്വാസത്താൽ ലഭിക്കുന്ന നീതീകരണവും അതിന്റെ ഫലങ്ങളും വിശദീകരിക്കുന്നു.

**ആറാം അദ്ധ്യായത്തിൽ** യഹൂദനും ജാതീയനും വിശ്വാസത്താൽ ലഭിക്കുന്ന പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തെപ്പറ്റി പഠിപ്പിക്കുന്നു.

**ഏഴാം അദ്ധ്യായത്തിൽ** വിശ്വാസത്താൽ ന്യായപ്രമാണത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തെപ്പറ്റി പഠിപ്പിക്കുന്നു.

തുടർന്ന് **എട്ടാം അദ്ധ്യായത്തിൽ** വിശ്വാസത്താലുള്ള വിജയകരമായ ക്രിസ്തീയ ജീവിതത്തെപ്പറ്റി പൗലോസ് പഠിപ്പിക്കുകയാണ്.

എട്ടാം അദ്ധ്യായത്തിൽ ഒരു വിജയഭേരിയോടെ നാം ജയാളികളെക്കാൾ ശ്രേഷ്ഠർ ആണെന്നും ഒന്നിനും നമ്മെ ദൈവത്തിൽ നിന്നും വേർപിരിക്കാൻ കഴിയുന്നില്ല എന്നും പ്രഖ്യാപിച്ചുകൊണ്ട് വിഷയം അവസാനിപ്പിക്കുന്നു.

റോമർ 8:37 – 'നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണ്ണജയം പ്രാപിക്കുന്നു...'

തുടർന്ന് 12-ാം അദ്ധ്യായം മുതൽ; റോമർ ഒന്ന് മുതൽ എട്ടു വരെ വിവരിച്ച ദൈവിക സത്യങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്രായോഗിക ജീവിതത്തെപ്പറ്റിയുമാണ് പൗലോസ് പഠിപ്പിക്കുന്നത്. എന്നാൽ 9 മുതൽ 11 വരെയുള്ള അദ്ധ്യായങ്ങളിൽ തൊട്ട് മുൻപിലുള്ള അദ്ധ്യായങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യം പറയുന്നതായി വായിക്കുന്നവർക്ക് ചിലപ്പോൾ തോന്നാനും സാദ്ധ്യ

തയുണ്ട്.

എന്നാൽ ദൈവാത്മാവ്, വ്യക്തമായി യഹൂദനെപ്പറ്റിയും ലോക ജനതകളെപ്പറ്റിയുമുള്ള ദൈവിക പദ്ധതിയുടെ വിവരണമാണ് ആ അധ്യായങ്ങളിൽ കൊടുക്കുന്നത്.

അതായത് റോമർ 9 അധ്യായം വ്യക്തിപരമായ രക്ഷയെയേയോ, നിത്യതയ്ക്കു യോഗ്യരായ വ്യക്തികളെ ക്കുറിച്ചുള്ള ദൈവിക തിരഞ്ഞെടുപ്പോ അല്ല, പകരം ഭൂമിയിലെ ദൈവീക പദ്ധതിയുടെ പൂർത്തീകരണത്തിനായി ദൈവം യഹൂദ ജനതയെയും, ജാതികളെയും ദൈവിക പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുന്നതിനെ പറ്റി റോമാസഭയിലെ യഹൂദരെയും, വിജാതീയതരെയും പൗലോസ് പഠിപ്പിക്കുകയാണ്. അതിലൂടെ അവിടെ നിലനില്ക്കുന്ന പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുകയാണ്.

**റോമാലേഖനത്തിലെ ഇത്തരത്തിലുള്ള വിഷയ വിഭജനവും, ഒൻപതാം അധ്യായത്തിലെ വിഷയ വ്യതിയാനവും മനസ്സിലാക്കിയില്ലെങ്കിൽ നാം പൂർണ്ണമായും തെറ്റായ ഒരു വ്യാഖ്യാനത്തിലേക്കാണ് എത്തിച്ചേരുക.**

==================================================

## റോമാ ലേഖനത്തിന്റെ രചനാശൈലി:

==================================================

ഈ ലേഖനത്തിന്റെ രചനാശൈലി ഇതിന്റെ പഠനത്തിന് വളരെ പ്രാധാന്യമുള്ളതാണ്. ഒരു കോടതിയിൽ ഉയർന്നു വരുന്ന വാദമുഖങ്ങളും അതിന്റെ ഉത്തരങ്ങളും പറയുന്ന നിലയിലാണ് റോമാ ലേഖനത്തിൽ പൗലോസ് വിശദീകരിക്കുന്നത്.

അദ്ദേഹം വിവരിക്കുന്ന സത്യങ്ങളെ ചോദ്യം ചെയ്യുന്ന അദൃശ്യനായ ഒരു യഹൂദ സംവാദകനെ ചോദ്യങ്ങളുടെ പിൻപിൽ നമുക്ക് കാണാൻ സാധിക്കും. ചിലപ്പോൾ പൗലോസ് തന്നെ അപ്രകാരം ചോദ്യങ്ങൾ ചോദിച്ചിട്ട് സ്വയം ഉത്തരം നൽകുന്നുമുണ്ട്, ചിലപ്പോൾ താൻ മറു ചോദ്യങ്ങൾ ചോദിക്കുന്നതായും, കാണാം. (റോമർ 3:1, 3, 5, 8, 31; 4:1; 6:1, 15, 7: 7 തുടങ്ങിയവ ഇത്തരത്തിലുള്ള വാകൃങ്ങളാണ്.) ചില ഭാഗങ്ങളിൽ ചോദ്യമില്ലാതെ സംവാദകനോടുള്ള ഉത്തരം മാത്രമായും കാണുന്നു. ഒരു

കോടതിയിൽ അഭിഭാഷകർ വാദിക്കുകയും, ജഡ്ജി ഉത്തരം നൽകുകയും ചെയ്യുന്ന ഒരു രീതിയിലാണ് ലേഖനം പുരോഗമിക്കുന്നത്. എന്നാൽ മുൻപോട്ടുള്ള വിശദീകരണത്തിൽ ആ സംവാദകനെ പൗലോസ് നേരിട്ട് അഭിസംബോധന ചെയ്യുന്നുണ്ട് (റോമ 9:9 (POC) അപ്പോൾ നിങ്ങൾ (you - debator) എന്നോടു ചോദിച്ചേക്കാം...)

=====================================================

## അദൃശ്യനായ ചോദ്യകർത്താവ്

=====================================================

ഇവിടെ അദൃശ്യനായ ചോദ്യകർത്താവിനേയും, അദ്ദേഹം ഉന്നയിക്കുന്ന ചോദ്യങ്ങളേയും കാണാതെ പൗലോസിന്റെ ഉത്തരങ്ങൾ മാത്രം നാം വായിക്കുകയാണ് എങ്കിൽ താൻ ഉദ്ദേശിച്ച അർത്ഥത്തിനു നേരെ എതിരായ നിഗമനത്തിലേക്ക് നാം എത്തിച്ചേരാൻ സാധ്യത ഉണ്ട്. മാത്രമല്ല താൻ നൽകുന്ന ഉത്തരങ്ങളിലെ പഴയനിയമവാക്യങ്ങളുടെ സാഹചര്യം ഒട്ടും വിശദീകരിക്കേണ്ട ആവശ്യമില്ലായിരുന്നു, കാരണം സംവാദകനും റോമാസഭയിലെ വിശ്വാസികൾക്കും അത്ര സുപരിചിതമായിരുന്ന വാക്യങ്ങളായിരുന്നു അവ. പഴയനിയമം നന്നായി അറിയാവുന്നവരോടാണ് പൗലോസ് സംസാരിക്കുന്നത് എന്ന് ഏഴാം അദ്ധ്യായത്തിൽ സൂചിപ്പിക്കുന്നുണ്ട്. അതിനാൽ ആ സാഹചര്യത്തിലെ ഒരു വാക്യം മാത്രമെടുത്ത്, തുടർന്ന് ആ സാഹചര്യത്തിന്റെ അർത്ഥം വിശദീകരിക്കുകയാണ് പൗലോസ് ചെയ്യുന്നത്.

=====================================================

## റോമർ 9-ാം അദ്ധ്യായത്തിന്റെ നേരിട്ടു ബന്ധപ്പെട്ട സന്ദർഭം (immediate context)

=====================================================

റോമർ 9-ാം അദ്ധ്യായത്തിന്റെ നേരിട്ടു ബന്ധപ്പെട്ട സന്ദർഭം എന്നത്, ഒന്നു മുതൽ എട്ടാം അദ്ധ്യായം വരെ വിശദീകരിച്ച; വിശ്വാസത്താൽ നീതീകരിക്കപ്പെട്ട ജനതകളിൽ തന്റെ സ്വന്ത യിസ്രായേൽ ജനത പൂർണ്ണമായും ഉൾപ്പെട്ടിട്ടില്ല എന്ന പൗലോസിന്റെ ദുഃഖമാണ്. അത് ആദ്യ 9:1-5 വരെ വാക്യങ്ങളിൽ പൗലോസ് വിവരിക്കുകയാണ്. ഒന്നിനും ദൈവത്തിൽ നിന്ന് വേർപിരിക്കാൻ കഴിയില്ല എന്നുപറഞ്ഞ പൗലോസ് സ്വന്തജനമായ യഹൂദനുവേണ്ടി ക്രിസ്തുവിനുവേണ്ടി

വേർപെടുവാൻ തയ്യാറാണ് എന്നുവരെ പറയുന്നു.

**റോമർ 9:1- 5 ക്രിസ്തുവിന്റെ നാമത്തിൽ ഞാൻ പറയുന്നത് സത്യമാണ്; വ്യാജമല്ല. എന്റെ മാംസവും രക്തവുമായ സ്വന്തം ജനത്തെക്കുറിച്ച് എനിക്കുള്ള ദുഃഖം ബൃഹത്തും എന്റെ ഹൃദയവേദന അറുതിയില്ലാത്തതുമാണ്. ഞാൻ വ്യാജമല്ല പറയുന്നതെന്നു പരിശുദ്ധാത്മാവിനാൽ ഭരിക്കപ്പെടുന്ന എന്റെ മനസ്സാക്ഷി എനിക്ക് ഉറപ്പു നല്കുന്നു.**

**3 എന്റെ സഹോദരരായ അവർക്കുവേണ്ടി ക്രിസ്തുവിൽ നിന്നു വിച്ഛേദിതനായി ശാപഗ്രസ്തനാകുവാൻ പോലും ഞാൻ തയ്യാറാണ്.**

**എന്നാൽ ഇസ്രയേലിനെ ദൈവം തിരഞ്ഞെടുത്തതാണെന്നും, എല്ലാ വാഗ്ദത്തങ്ങളും നിയമങ്ങളും അവർക്കുള്ളതാണ് എന്നും പൌലോസ് ഉറപ്പിച്ചു പറയുന്നു.**

**4 അവർ ദൈവത്തിന്റെ ജനമായ ഇസ്രായേല്യരാണ്; ദൈവം അവരെ തന്റെ പുത്രന്മാരാക്കി; ദിവ്യതേജസ്സും, ഉടമ്പടികളും, നിയമങ്ങളും, ആരാധനയും വാഗ്ദാനങ്ങളുമെല്ലാം അവർക്കു നല്കി. പിതാക്കന്മാരും അവരുടേതാണ്.**

**5 ക്രിസ്തു മനുഷ്യനായി അവതരിച്ചതും അവരുടെ വംശത്തിലാണല്ലോ.**

=====================================================

## യഹൂദ സംവാദകന്റെ പ്രധാന ചോദ്യം

=====================================================

എന്നാൽ അത്രയും പറയുമ്പോൾ അദൃശ്യനായ യഹൂദ സംവാദകൻ ഒരു ചോദ്യം ചോദിക്കുന്നതായി മനസ്സിലാക്കി അതിനുള്ള മറുപടി പറയുകയാണ് പൗലോസ് 6-ാം വാക്യത്തിൽ. ആ ചോദ്യം അവിടെ കൊടുത്തിട്ടില്ല എങ്കിലും അത് ഇങ്ങനെ ആണെന്ന് മനസ്സിലാക്കാൻ സാധിക്കും.

ദൈവിക വീണ്ടെടുപ്പിന്റെ പദ്ധതി ലോകത്തിന് വെളിപ്പെടുത്തുവാൻ വേണ്ടി തിരഞ്ഞെടുക്കപ്പെട്ട; (9:4-5 വാക്യങ്ങളിൽ പറയുന്നതുപോലെ) നിയമവും, ഉടമ്പടികളും, ആരാധനയും, വാഗ്ദത്തവും, പിതാക്കന്മാരും, മാത്രമല്ല ക്രിസ്തു ജനിച്ച

സ്വന്തജനമായ യിസ്രയേൽ, ദൈവത്തിന്റെ പദ്ധതി പൂർത്തീകരിക്കുന്നതിൽ പരാജയപ്പെട്ടുവെങ്കിൽ അവരെപ്പറ്റിയുള്ള 'ദൈവവചനം വ്യഥാവായി പോയോ **ദൈവം അവരെ തള്ളിക്കള ഞ്ഞുവോ?** എന്നതാണ് ചോദ്യം.

അതിനുത്തരമായി റോമർ 9:6 'ദൈവവചനം വ്യഥാവായിപ്പോയി എന്നല്ല;' എന്നു പറഞ്ഞു കൊണ്ട് യഹൂദ സംവാദകന് അവന് പരിചയമുള്ള എബ്രായ വചനത്തിൽ നിന്ന് ഉത്തരം കൊടുക്കുന്നതാണ് ഈ അദ്ധ്യായം മുഴുവൻ വിഷയങ്ങളും.

ആ ഉത്തരം വിശദീകരിക്കുമ്പോൾ രണ്ടു ഉപചോദ്യങ്ങൾ കൂടി സംവാദകൻ ചോദിക്കുന്നു. അതിനു കൂടി ഉത്തരം കൊടുത്തുകൊണ്ടാണ് പൗലോസ് വിഷയം വിശദീകരിച്ചു നൽ കുന്നത്.

==================================================

## സംവാദകന്റെ ഉപ ചോദ്യങ്ങൾ (Debator's Question)

==================================================

പ്രധാനമായും രണ്ടു ചോദ്യങ്ങൾ ആണ് ഉപ ചോദ്യങ്ങളായി അവിടെ ഉന്നയിക്കപ്പെടുന്നത് .

**1. ദൈവിക വീണ്ടെടുപ്പിന്റെ പദ്ധതി ലോകത്തിന് വെളിപ്പെടുത്താൻ വേണ്ടിയുള്ള ചരിത്രപരമായ ദൈവിക പദ്ധതിക്കായി തിരഞ്ഞെടുക്കപ്പെട്ട; ക്രിസ്തു ജനിച്ച സ്വന്തജനമായ യിസ്രയേൽ ജനതയെ തഴഞ്ഞു, വിഗ്രഹാരാധികളായ വിജാതിയരെ, വീണ്ടടുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയത് ദൈവത്തിന്റെ ഭാഗത്തു നിന്നുമുള്ള അനീതിയില്ലേ?**

**2. തിരഞ്ഞെടുക്കപ്പെട്ട യിസ്രായേൽ എന്തുകൊണ്ട് പൂർണ്ണമായി ദൈവത്തിന്റെ പദ്ധതിയിൽ എത്തിച്ചേർന്നില്ല?**

ഈ ചോദ്യങ്ങൾക്കു മറുപടി പറഞ്ഞു കൊണ്ടാണ് പൗലോസ് വിഷയം ഈ അദ്ധ്യായത്തിൽ വിശദീകരിക്കുന്നതു. ഒടുവിൽ അടുത്ത രണ്ടു (10,11) അദ്ധ്യായങ്ങളിലൂടെ പ്രധാനചോദ്യത്തിനും പൗലോസ് ഉത്തരം കൊടുക്കുന്നു.

==================================================

# ഒൻപതാം അദ്ധ്യായത്തിലെ വിഷയവിഭജനം

=====================================================

റോമാ ലേഖനത്തിലെ ഒൻപതാം അദ്ധ്യായം അഞ്ചുഭാഗങ്ങളായി വിഭാഗിച്ചു പഠിച്ചാൽ നമുക്ക് വിഷയം കൂടുതൽ വ്യക്തമാകും. അതിനാൽ ഈ പഠനം ആ രീതിയിൽ വിഭജിച്ചാണ് തയ്യാർ ആക്കിയിരിക്കുന്നത്.

1-5 വരെയുള്ള വാക്യങ്ങളിൽ നാം കണ്ടതുപോലെ, യിസ്രായേൽ ജനത ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ് എങ്കിലും, അവർ പൂർണ്ണമായും ദൈവീകപദ്ധതിയിൽ എത്തിച്ചേരാതെ ഇരുന്നതിലുള്ള പൗലോസിന്റെ വേദന താൻ വിവരിക്കുന്നു.

6-14 വരെയുള്ള വാക്യങ്ങളിൽ ദൈവം പരമാധികാരത്തിൽ ഭൂമിയിലെ ദൈവീക പദ്ധതിക്കുവേണ്ടി താൻ ചില വ്യക്തികളെയും അവരിലൂടെ യിസ്രയേൽ ജനതയേയും തിരഞ്ഞെടുക്കുന്നതിനെ വിവരിക്കുന്നു. അതിൽ അനീതിയില്ല എന്ന് തെളിയിക്കുന്നു.

15-18 വരെയുള്ള വാക്യങ്ങളിൽ ദൈവീക പരമാധികാരത്തിൽ ചിലരോട് കനിവു കാണിക്കുകയും ചിലരെ കഠിനമാക്കുന്നതിനെയും വിവരിക്കുന്നു.

19-24 വാക്യങ്ങളിൽ ചിലരോട് കനിവു കാണിക്കുകയും, ചിലരെ കഠിനരാക്കുന്നതിന്റെയും കാരണം വിശദീകരിക്കുന്നു. അതിൽ അനീതിയില്ല എന്ന് തെളിയിക്കുന്നു.

25-33 വാക്യങ്ങളിൽ, ദൈവം ജാതികളോടു കരുണയും, യിസ്രയേൽ ജാതിയോടു താൽക്കാലികമായി കഠിനതയും കാണിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുന്നു.

സംവാദകന്റെ പ്രധാന ചോദ്യത്തിനുള്ള (ദൈവവചനം വൃഥാവായി പോയി, ദൈവം യിസ്രായേലിനെ തള്ളിക്കളഞ്ഞുവോ?) ഉത്തരവും, യിസ്രായേലിന്റെ കഠിനത നീക്കുന്നതിനെക്കുറിച്ചും, അവരോടുള്ള ദൈവീക പദ്ധതിയുടെ പൂർത്തീകരണത്തെക്കുറിച്ചുമുള്ള പദ്ധതിയുടെ പൂർത്തീകരണത്തെക്കുറിച്ചുള്ള വിശദീകരണവുമാണ് അടുത്ത രണ്ട് (റോമർ 10, 11) അദ്ധ്യായങ്ങൾ.

ഇനി ഓരോ വാക്യങ്ങളുടെ വിശകലനത്തിലേക്കു കടക്കാം.

## അദ്ധ്യായം 3

# ദൈവത്തിന്റെ പരമാധികാരം – തിരഞ്ഞെടുപ്പിൽ

### (Sovereignty in Election) 9:6-14

**യി**സ്രയേൽ പൗരതയോട് ബന്ധമില്ലാത്ത, മിശിഹയുമായി ബന്ധമില്ലാത്ത, വാഗ്ദത്തമോ, നിയമമോ ഒന്നുമില്ലാത്ത ജാതികളെ ദൈവം തിരഞ്ഞെടുക്കുന്നത്, അനീതിയല്ലേ?. ദൈവം അതിൽ പക്ഷാഭേദം കാണിക്കുന്നതല്ലേ? ഇതായിരുന്നു യഹൂദ സംവാദകന്റെ ചോദ്യത്തിന്റെ സാരാംശം.

ഒരിക്കൽകൂടി ആവർത്തിക്കട്ടെ റോമർ 9 അദ്ധ്യായത്തിൽ പൗലോസ് വിശദീകരിക്കുന്നത്, യഥാർത്ഥ സത്യദൈവത്തെ, ദൈവീക പദ്ധതികളെ ലോകത്തിൽ അറിയിക്കാനുള്ള, ദൈവനിയോഗ ത്തിനായുള്ള, യിസ്രയേൽ ജനതയുടെ വിളിയെപ്പറ്റിയാണ് അല്ലാതെ വ്യക്തിപരമായ (Individual salvation) രക്ഷയേപ്പറ്റിയെ അല്ല.

വ്യക്തിപരമായ രക്ഷയും, നീതീകരണവും, വിജയകരമായ ക്രിസ്തീയ ജീവിതവും എല്ലാം, വ്യക്തിയുടെ വിശ്വാസത്തിൽ അധിഷ്ഠിതമാണ് എന്ന് എട്ടാം അധ്യായം വരെയുള്ള ഭാഗത്തു ഉറപ്പിച്ചു പറഞ്ഞു തീർത്തതിന് ശേഷം അടുത്ത ഒരു വിഷയമാണ് പൗലോസ് ഈ അധ്യായത്തിൽ വിവരിക്കുന്നത്.

അതായത് ദൈവിക പരമാധികാരത്തിലൂടെ, ചരിത്രപരമായ ദൈവിക പദ്ധതിക്ക് വേണ്ടി ഒരു ജനത്തെ ദൈവം തിരഞ്ഞെടുത്തു. ആ തിരഞ്ഞെടുപ്പ് ഈ അദ്ധ്യായത്തിൽ വിവരിക്കുകയാണ്. ഇത്

നിത്യതയെ നിശ്ചയിക്കുന്ന തിരഞ്ഞെടുപ്പല്ല,

മറിച്ച് ദൈവത്തെ ലോകത്തിന് വെളിപ്പെടുത്താനും, പുരോഹിതൻമാരാകാനും (യെശയ്യ 61:6), ലോകത്തിന് വെളിച്ചമാകാനും (യെശയ്യ 2:6; 49:6; 60:3), ആണ് എന്ന് പഴയ നിയമം വ്യക്തമാക്കുന്നുണ്ട്.

ഈ ജനതയിലൂടെ യഥാർത്ഥ സത്യ ദൈവത്തെപ്പറ്റി ലോകമറിയാനും, അനുഗ്രഹിക്കപ്പെടാനും, വീണ്ടെടുപ്പിന്റെ മുഖാന്തരമായിത്തീരാനുമായിരുന്നു ദൈവിക വാഗ്ദത്തം. അതാണ് അബ്രഹാമിലൂടെ ദൈവം ഈ ജനത്തിന് നൽകിയത്. (ഉല്പത്തി 12:2-3; 18:18; 22:18; സങ്കീ. 67:12; യെശ. 2:2-4; 55:5; 6:19-11; 66:19-20; യിരമ്യാ. 3:17; റോമർ 4:12-18)

ചുരുക്കത്തിൽ ഒരു യോഗ്യതയുമില്ലാത്ത ചിലരെ തന്റെ പരമാധികാരത്തിലൂടെ, വിളിച്ച് ദൈവത്തിന്റെ പദ്ധതി പൂർത്തീകരണത്തിന് മുഖാന്തരമായിത്തീരാനുള്ള ജനമാക്കി. അങ്ങനെ മനുഷ്യകുലത്തിന്റെ കൃപയാൽ വിശ്വാസത്തിലൂടെയുള്ള വീണ്ടെടുപ്പിനായി ദൈവിക പദ്ധതിയുടെ പൂർത്തീകരണം സാധ്യമാക്കുന്നതിനായിട്ട് ദൈവം തന്റെ പരമാധികാരമാണ് ഉപയോഗിച്ചത്.

പൗലോസ് 9:6-14 വരെയുള്ള വാക്യങ്ങളിൽ വാദിച്ച് സ്ഥാപിക്കുന്നത്, ദൈവം തന്റെ പരമാധികാരവും, തിരഞ്ഞെടുക്കാനുള്ള അധികാരവും, ഈ വാഗ്ദത്ത ഉടമ്പടിക്കുള്ള ജനതയുടെ തെരഞ്ഞെടുപ്പിൽ ഉപയോഗിച്ചതു അനീതിയല്ല എന്നതാണ്. അത് യഹൂദ സംവാദകന് സുപരിചിതമായ പഴയ നിയമ ബൈബിളിലെ സത്യങ്ങൾ എടുത്ത് സമർത്ഥിക്കുകയാണ്.

ഈ വാക്യങ്ങളിലൂടെ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നീ വ്യക്തികളേയും, പിന്നീട് യിസ്രായേൽ ജനതയെയും ചരിത്രപരമായ ദൈവിക പദ്ധതിക്ക് വേണ്ടി തന്റെ പരമാധികാരത്തിൽ തിരഞ്ഞെടുക്കുന്നതാണ് വിവരിക്കുന്നത്.

==================================================

## അബ്രഹാമിന്റെ തിരഞ്ഞെടുപ്പ്

==================================================

റോമർ 9: 6–7d യിസ്രായേലിൽനിന്ന് ഉത്ഭവിച്ചവർ എല്ലാം യിസ്രായേല്യർ എന്നും അബ്രാഹാമിന്റെ സന്തതിയാകയാൽ എല്ലാവരും മക്കൾ എന്നും വരികയില്ല:

ദൈവത്തിന്റെ ചരിത്രപരമായ നിയോഗത്തിനു വേണ്ടിയുള്ള തിരഞ്ഞെടുപ്പ് മനുഷ്യന്റെ യോഗ്യത നോക്കിയല്ല എന്ന് തെളിയിക്കാൻ പൗലോസ് ഇസ്രായേലിന്റെയും യിസ്രായേല്യരുടെ പിതാവായ അബ്രഹാമിന്റെയും തിരഞ്ഞെടുപ്പ് ഉദാഹരണമാക്കുകയാണ്.

മനുഷ്യവർഗ്ഗത്തിന്റെ രക്ഷക്ക് വേണ്ടി താൻ തീരുമാനിച്ച ചരിത്രപരമായ ദൈവിക പദ്ധതിയെപ്പറ്റി പറഞ്ഞു തുടങ്ങുമ്പോൾ, അത് പൂർത്തീകരിക്കുവാൻ ഇസ്രായേലിൽ നിന്നും ജനിച്ച, അഥവാ ഇസ്രായേൽ രാഷ്ട്രത്തിൽ ജനിച്ച എല്ലാ ഇസ്രായേൽ ജനതയുടെയും ആവശ്യമില്ലെന്നും, തന്റെ പരമാധികാരത്തിൽ താൻ തിരഞ്ഞെടുക്കുന്ന ചിലരിൽ കൂടി അത് പൂർത്തീകരിക്കാൻ ദൈവ ത്തിനു കഴിയും എന്നുമാണ് പൗലോസ് പറയുന്നത്. അവരാണ് ദൈവദൃഷ്ടിയിലെ യിസ്രായേല്യർ.

അതുപോലെ അന്നുണ്ടായിരുന്ന വിഗ്രഹാരാധികളായ ജാതികളിൽ നിന്നും യാതൊരു പ്രത്യേകതയുമില്ലാത്ത വിഗ്രഹങ്ങളെ സേവിച്ചിരുന്ന അബ്രഹാമിനെ ഊരിൽ നിന്ന് വിളിച്ചിറക്കിയതു ദൈവത്തിന്റെ പരമാധികാരമാണ്.അബ്രഹാമിലൂടെ ഉളവാകുന്ന സന്തതിപരമ്പരകളായ യിസ്രയേൽ ജനതയിലൂടെ സകലജാതികളും അനുഗ്രഹിക്കപ്പെടുക എന്നുള്ള ദൈവിക പദ്ധതിയുടെ പൂർത്തീകരണത്തിനും, വീണ്ടെടുപ്പുകാരനായ ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള വരവിനും വേണ്ടി ആയിരുന്നു. അത് വ്യക്തിപരമായ രക്ഷക്ക് വേണ്ടിയുള്ളത് അല്ലായിരുന്നു, മറിച്ചു ദൈവീക പദ്ധതിയുടെ പൂർത്തീകരണത്തിന് വേണ്ടി മാത്രം ക്രമീകരിച്ചതായിരുന്നു.

ഈ തിരഞ്ഞെടുപ്പിൽ ദൈവം അക്കാലത്തു ജീവിച്ചിരുന്ന ഏതെങ്കിലും വ്യക്തിയുടെയോ, ജനതയുടെയും, എന്തെങ്കിലും അവകാശം കവർന്നെടുത്തു അവിടന്നു തിരഞ്ഞെടുത്ത

വ്യക്തികൾക്കോ, ജനത്തിനോ നൽകി അനീതി കാണിച്ചിട്ടില്ല. ദൈവിക പ്രവർത്തന രീതി, യേശു കർത്താവ് ദാസന്മാർക്കു കൂലി ന്യായമായി കൊടുക്കുന്ന ഉപമയിൽ വിവരിക്കുന്നുണ്ടല്ലോ.

'എനിക്കുള്ളതിനെക്കൊണ്ടു മനസ്സുപോലെ ചെയ്‌വാൻ എനിക്കു ന്യായമില്ലയോ? ഞാൻ നല്ലവൻ ആകകൊണ്ടു നിന്റെ കണ്ണു കടിക്കുന്നുവോ?' (മത്തായി 20:15). ഈ ഉപമയിൽക്കൂടി കർത്താവ് വ്യക്തമാക്കുന്നത്, ദൈവം എല്ലാവരോടും നീതി കാണിക്കുന്നു. എന്നാൽ ചിലരോട് നീതിയെക്കാൾ കവിഞ്ഞു കരുണയും കൃപയും കാണിക്കുന്നു. അതിനുള്ള അധികാരം ദൈവത്തിനുണ്ട്. എന്നാൽ അതു ആരുടെയും നീതിയെ നിഷേധിച്ചുകൊണ്ടല്ല.

അതായത് ദൈവത്തിന്റെ പരമാധികാര തിരഞ്ഞെടുപ്പ് അനീതിയല്ല എന്ന് വ്യക്തമാക്കുകയാണ്. അതുപോലെ ദൈവീക പരമാധികാരമാണ് ആരോടെങ്കിലും കൃപ കാണിക്കുന്നത്. അത് മറ്റാരുടെയും അവകാശം നിഷേധിക്കാത്തതിനാൽ, ആരോടെങ്കിലും കാണിക്കുന്ന അനീതിയല്ല.

ചുരുക്കത്തിൽ അബ്രഹാമിന്റെ ചരിത്രപരമായ ദൈവിക പദ്ധതിക്കുവേണ്ടിയുള്ള തിരഞ്ഞെടുപ്പ് അനീതി ഇല്ലാതെ തന്നെ ദൈവത്തിന്റെ പരമാധികാരത്തിൽ ഉള്ളതായിരുന്നു എന്ന് വിശദീകരിക്കുകയാണ് ഈ ഭാഗത്തു നിന്നും പൗലോസ്.

==================================================

## യിസ്സഹാക്കിന്റെ തിരഞ്ഞെടുപ്പ്

==================================================

റോമർ 9: 7–9 അബ്രഹാമിൽനിന്നു ജനിച്ചവരെല്ലാം യഥാർഥത്തിൽ അബ്രഹാമിന്റെ സന്തതികളല്ല. 'ഇസ്ഹാക്കിൽനിന്നു ജനിക്കുന്നവർ മാത്രം നിന്റെ സന്തതികളായി എണ്ണപ്പെടും' എന്നു ദൈവം അബ്രഹാമിനോട് അരുളിച്ചെയ്തു. 8പ്രകൃത്യാ ജനിച്ച സന്താനങ്ങളല്ല ദൈവത്തിന്റെ മക്കൾ എന്നത്രേ ഇതിന്റെ സാരം. ദൈവത്തിന്റെ വാഗ്ദാന ഫലമായി ജനിച്ചവരെയത്രേ യഥാർഥ സന്താനങ്ങളായി പരിഗണിക്കുന്നത്. 9'ഞാൻ യഥാവസരം തിരിച്ചുവരുമ്പോൾ സാറായ്ക്ക് ഒരു പുത്രനുണ്ടായിരിക്കും' എന്നായിരുന്നു ദൈവിക വാഗ്ദത്തം.

അബ്രഹാമിൽ നിന്ന് ജനിക്കുന്നവൻ ദൈവിക പദ്ധതിയുടെ ഭാഗമാകുമെന്നു പറഞ്ഞപ്പോൾ, അബ്രഹാമിന് മൂന്ന് സ്ത്രീകളിൽ 8 മക്കളുണ്ടായെങ്കിലും, "ഈ സമയത്തേക്കു ഞാൻ വരും; അപ്പോൾ സാറെക്കു ഒരു മകൻ ഉണ്ടാകും" എന്നും', "യിസ്ഹാക്കിൽനിന്നു ജനിക്കുന്നവർ നിന്റെ സന്തതി എന്നു വിളിക്കപ്പെടും" എന്ന് ദൈവം വാഗ്ദത്തം കൊടുത്ത് ദൈവിക പരമാധികാരമായിരുന്നു. അബ്രഹാമിന്റെ തലമുറയിൽ ആരെ ദൈവിക പദ്ധതിയുടെ ഭാഗമാക്കണമെന്നുള്ളത് ദൈവത്തിന്റെ ഇഷ്ടമായിരുന്നു. അത് തനിക്കു മറ്റു ഹാഗാറിൽ ഉള്ള മകനോടോ, കെതൂറയിൽ ഉണ്ടായ മക്കളോടെ കാണിച്ച അനീതി അല്ല. ദൈവം അവരുടെ ആരുടേയും അവകാശം കവർന്നെടുത്തു യിസ്സഹാക്കിനു ദൈവം കൊടുത്തുമില്ല. അത് വീണ്ടെടുപ്പിന്റെ പദ്ധതിക്കുവേണ്ടിയുള്ള ദൈവീക പരമാധികാരമായിരുന്നു.

അതായതു അബ്രഹാമിന്റെ തിരഞ്ഞെടുപ്പ് പോലെ തന്നെ യിസ്സഹാക്കിന്റെ തിരഞ്ഞെടുപ്പും അനീതി ഇല്ലാതെ തന്നെ ദൈവത്തിന്റെ പരമാധികാരത്തിൽ ഉള്ളതായിരുന്നു എന്ന് ഈ വാക്യങ്ങളിൽ നിന്ന് വിശദീകരിക്കുകയാണ് എഴുത്തുകാരൻ.

======================================================

## യാക്കോബിന്റെ തിരഞ്ഞെടുപ്പ്

======================================================

റോമർ 9: 10 അത്രയുമല്ല, റിബെക്കായും നമ്മുടെ പിതാവായ യിസ്ഹാക് എന്ന ഏകനാൽ ഗർഭം ധരിച്ചു,

അടുത്തതായി പൗലോസ് വിശദീകരിച്ചത്, ദൈവിക പദ്ധതിക്ക് വേണ്ടി തന്റെ പരമാധികാര പ്രകാരം ദൈവം തിരഞ്ഞെടുത്തത് റിബെക്കയിൽ നിന്ന് പുറപ്പെട്ട യാക്കോബിനെയായിരുന്നു. യിസ്സഹാക്കിന്റെ തിരഞ്ഞെടുപ്പിൽ ഒരപ്പന്റെ പല അമ്മമാരുടെ മക്കളിൽ നിന്നുള്ള തിരഞ്ഞെടുപ്പായിരുന്നു, എന്നാൽ ഇവിടെ യിസ്ഹാക് എന്ന ഏകനാൽ, റിബേക്കയിൽ, ഒരേ സമയത്തുണ്ടായ, രണ്ടു മക്കളിൽ ഒരാളെ ദൈവം തിരഞ്ഞെടുക്കുന്നതാണ് വിവരിക്കുന്നത്. അതും ദൈവിക പരമാധികാരത്തിൽ ഉള്ള തിരഞ്ഞെടുപ്പായതിനാൽ അനീതി ഇല്ല എന്നു പൌലോസ് വിശദീകരിക്കുന്നു.

റോമർ 9: 11 കുട്ടികൾ ജനിക്കയോ ഗുണമാകട്ടെ" ദോഷമാകട്ടെ" ഒന്നും പ്രവർത്തിക്കയോ ചെയ്യുംമുമ്പേ തിരഞ്ഞെടുപ്പിൻ പ്രകാരമുള്ള ദൈവനിർണയം പ്രവൃത്തികൾ നിമിത്തമല്ല വിളിച്ചവന്റെ ഇഷ്ടം നിമിത്തം തന്നെ വരേണ്ടതിന്:

പൌലോസ് ഇവിടെ വ്യക്തമാക്കുന്നത് വീണ്ടെടുപ്പുകാരനായ ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള വരവിനു വേണ്ടിയുള്ള തിരഞ്ഞെടുപ്പ് ദൈവിക പരമാധികാര പ്രകാരമായതിനാൽ, ആരുടെയെങ്കിലും പ്രവർത്തിയിലെ ഗുണമോ, ദോഷമോ, നോക്കിയല്ല, മറിച്ചു ദൈവ നിർണ്ണയ പ്രകാരം, ദൈവത്തിന്റെ ഇഷ്ട്ടം നിമിത്തം മാത്രമാണെന്ന് അർത്ഥശങ്കക്കിടയില്ലാത്തെ വിധം പൗലോസ് സമർത്ഥിക്കുകയാണ്.

ചരിത്രപരമായ ദൈവിക പദ്ധതിക്ക് വേണ്ടി അബ്രഹാമിനെയും, യിസ്സഹാക്കിനെയും, പിന്നീട് യാക്കോബിനെയും തിരഞ്ഞെടുത്തത് ദൈവിക പരമാധികാരത്തിലൂടെ ആണെന്നും, അതിൽ അനീതിയില്ലെന്നും പൗലോസ് സ്ഥാപിച്ചു. ഇത്രയും കേട്ട സംവാദകന്, മറുത്തൊന്നും പറയാൻ ഇല്ലാത്ത നിലയിൽ അത് അംഗീകരിക്കേണ്ടി വന്നു. തുടർന്ന്, യാക്കോബിൽ നിന്ന് പുറപ്പെട്ട ഇസ്രയേൽ എന്ന ജാതിയുടെ കാര്യത്തിലും ദൈവിക പരമാധികാരത്തിന്റെ അനീതിപരമല്ലാത്ത ഇടപെടലുകൾ തുടർന്ന് ഉണ്ടായിട്ടുള്ളതായി വ്യക്തമാക്കുകയാണ് എഴുത്തുകാരൻ.

==========================================================

## ഇസ്രായേൽ എന്ന ജാതിയുടെ തിരഞ്ഞെടുപ്പ്

==========================================================

റോമർ 9: 12-13 "മൂത്തവൻ ഇളയവനെ സേവിക്കും" എന്ന് അവളോട് അരുളിച്ചെയ്തു. "ഞാൻ യാക്കോബിനെ സ്നേഹിച്ച് ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു" എന്ന് എഴുതിയിരിക്കുന്നുവല്ലോ.

ഇവിടെ പറയുന്നത് യാക്കോബിൽ നിന്നുള്ള ഇസ്രായേൽ എന്ന ജാതിയുടെ തിരഞ്ഞെടുപ്പ് ആണ്. ആ തിരഞ്ഞെടുപ്പിൽ ദൈവിക പദ്ധതിക്ക് വേണ്ടി "മൂത്തവൻ ഇളയവനെ സേവിക്കും" എന്നും, "ഞാൻ യാക്കോബിനെ സ്നേഹിച്ചു ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു" എന്ന് അവരിൽ നിന്നും പുറപ്പെടുന്ന ജനതയോടുള്ള ബന്ധത്തിൽ

എഴുതിയിരിക്കുന്നു. ചിലർ തെറ്റിദ്ധരിക്കുന്നതുപോലെ ഇത് വ്യക്തിപരമല്ല. അത് തുടർന്ന് വിശദീകരിക്കുന്നുണ്ട്.

യഥാർത്ഥത്തിൽ യിസ്രായേൽ എന്ന ജാതിയെ ദൈവം തന്റെ ഭൂമിയിലെ പദ്ധതിയുടെ പൂർത്തീകരണത്തിനായി തിരഞ്ഞെടുത്തു. അതിൽ അനീതിയില്ല എന്ന പ്രധാനവിഷയം വിശദീകരിക്കാൻ, അതിലേക്കു എത്തുവാനാണ് പൗലോസ് അബ്രഹാം മുതൽ യാക്കോബ് വരെയുള്ള വ്യക്തികളുടെ തിരഞ്ഞെടുപ്പ് മുൻപുള്ള വാക്യങ്ങളിൽ വിശദീകരിച്ചത്.

============================================================

**റോമർ ഒൻപതാം അധ്യായത്തിൽ ഏറ്റവും കൂടുതൽ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ളതും ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നതുമായ വാക്യങ്ങൾ ആണ് 11 മുതൽ 13 വരെയുള്ളത്. അതിനാൽ ഈ ഭാഗം വ്യക്തമായി വിശദീകരിച്ചില്ലെങ്കിൽ തെറ്റിദ്ധാരണ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.**

============================================================

നാം ആദ്യമായി മനസ്സിലാക്കേണ്ടത്, മുൻപ് വിശദമാക്കിയതു പോലെ കുട്ടികൾ ജനിക്കയോ ഗുണമാകട്ടെ" ദോഷമാകട്ടെ" ഒന്നും പ്രവർത്തിക്കയോ ചെയ്യുംമുമ്പേ യാക്കോബിനെ ദൈവം തിരഞ്ഞെടുത്തു എന്ന് പറയുമ്പോൾ അത് നിത്യതയിലേക്കുള്ള തിരഞ്ഞെടുപ്പിനെപ്പറ്റിയല്ല എന്നാണ്. അടുത്തതായി മനസ്സിലാക്കേണ്ടത് മൂത്തവൻ ഇളയവനെ സേവിക്കും എന്നും, "ഞാൻ യാക്കോബിനെ സ്നേഹിച്ചു ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു" എന്നുള്ള പ്രവചനവും വ്യക്തിപരമല്ല, യാക്കോബിൽ നിന്നും എശാവിൽ നിന്നും പുറപ്പെടുന്ന ഇസ്രയേൽ, ഏദോം എന്നീ ജാതികളെ കുറിച്ചാണ് എന്നതാണ്. നാം വിശദീകരിച്ചത് പോലെ ഈ അദ്ധ്യായത്തിലെ പഴയനിയമ ഉദ്ധരണികളുടെ സന്ദർഭവും അർത്ഥവും മനസിലാക്കിയാൽ മാത്രമേ ഇത് വ്യക്തമാകൂകയുള്ളൂ.

**ഉല്പത്തി 25:23 യഹോവ അവളോടു: രണ്ടു ജാതികൾ നിന്റെ ഗർഭത്തിൽ ഉണ്ടു. രണ്ടു വംശങ്ങൾ നിന്റെ ഉദരത്തിൽ നിന്നു തന്നേ പിരിയും; ഒരു വംശം മറ്റേ വംശത്തിലും ശക്തിപ്പെടും മൂത്തവൻ**

**ഇളയവനെ സേവിക്കും. എന്നു അരുളിച്ചെയ്തു.**

ശ്രദ്ധിക്കുക, രണ്ടു ജാതികൾ, രണ്ടു വംശങ്ങൾ എന്ന് ആവർത്തിച്ച് പറഞ്ഞതിന് ശേഷമാണു മൂത്തവൻ ഇളയവനെ സേവിക്കും എന്ന് ദൈവം അരുളിച്ചെയ്യ്ത്.

ഇത് ഏദോമിനേപ്പറ്റിയും, യാക്കോബിൽ നിന്ന് പുറപ്പെട്ട യിസ്രയേൽ ജനതയേപ്പറ്റിയാണ് വ്യക്തിപരമല്ല എന്ന് ഈ വാക്യം തന്നെ വിശദീകരിക്കുന്നു. ഏശാവ്, യാക്കോബിനെ വ്യക്തിപരമായി സേവിച്ചതായി വചനമില്ല, എന്നാൽ യാക്കോബ് വ്യക്തിപരമായി ഏശാവിന്റെ കാൽക്കൽ വീഴുന്നതായി നാം വായിക്കുന്നുണ്ട്.

**ഉല്പത്തി 33:3** അവൻ അവർക്കു മുമ്പായി കടന്നു ഏഴു പ്രാവശ്യം സാഷ്ടാംഗം നമസ്കരിച്ചുകൊണ്ടു തന്റെ സഹോദരനോടു അടുത്തുചെന്നു.

**മലാഖി 1: 2-5** വരെ ' ഏശാവിനെ ദ്വേഷിച്ചു, യാക്കോബിനെ സ്നേഹിച്ചു ' എന്നു പറയുന്ന ഭാഗം. വർഷങ്ങൾക്കുശേഷം, മലാഖി പ്രവാചകൻ പറയുന്നതിനാൽ, ഇത് ഏശാവിൽ നിന്നും, യാക്കോബിൽ നിന്നും ഉത്ഭവിച്ച ഏദോമിനേപ്പറ്റിയും, യിസ്രായേൽ ജനതയെയുംപ റ്റിയാണ് പറയുന്നത്. യാക്കോബ്, ഏശാവ് എന്നീ വ്യക്തികളെക്കുറി ച്ചല്ല എന്ന് എളുപ്പം മനസ്സിലാക്കാൻ സാധിക്കും.

മാത്രമല്ല, ഇവിടെ ദ്വേഷിച്ചു, സ്നേഹിച്ചു എന്ന് ഭാഷാന്തരം ചെയ്തിരിക്കുന്നത് ഒരു യഹൂദ (എബ്രായ) ഭാഷാശൈലി ആണ്. തിരുവെഴുത്തിലെ പല ഭാഗത്തും ഈ നിലയിലുള്ള ഭാഷശൈലി പ്രയോഗിച്ചിട്ടുണ്ട്, അത് മനസ്സിലാക്കിയാൽ എന്താണ് പൗലോസ് ഉദ്ദേശിച്ചിരിക്കുന്നതെന്നു മനസ്സിലാക്കാൻ, സാധിക്കും. അതായത് “loving one and hating the other” എന്നതിന് മുൻഗണന കൊടുത്തുവെന്നതാണ് ആ പ്രയോഗത്തിന്റെ അർത്ഥം.

ലൂക്കോസ് 14: 26 - അപ്പനേയും, അമ്മയേയും, ഭാര്യയെയും മക്കളേയും പകയ്ക്കുക ("hate") എന്നു പറയുന്നത്, അവരെ വെറുത്ത്, ഇല്ലാതാക്കുക എന്നുള്ള അർത്ഥമല്ല എന്ന് വചനം പഠിക്കുന്നവർക്ക് മനസ്സിലാകും.

അതു പോലെ ഉല്പത്തി 29: 30-31, റാഹേലിനെ സ്നേഹിച്ചു ലേയയെ വെറുത്തു ("hated") അനിഷ്ട എന്നു പറയുന്നതും ഇതേ

അർത്ഥമാണ്, എന്ന് 32-35 വരെ വാകൃങ്ങൾ വായിച്ചാൽ മനസ്സിലാക്കാം. യാക്കോബ് വെറുത്ത ലേയയിൽ 4 മക്കൾ ഉണ്ടായതിൽ നിന്നും, യാക്കോബ് ലേയയെ തള്ളിക്കളഞ്ഞ് നശിപ്പിക്കുക എന്നുള്ള നിലയിൽ അല്ല, മറിച്ച് റാഹേലിനു മുൻഗണന കൊടുക്കുക എന്നുള്ളതായിരുന്നു എന്ന് മനസ്സിലാക്കാം.

മാത്രമല്ല; ഏശാവിനെ ദ്വേഷിച്ചു, യാക്കോബിനെ സ്നേഹിച്ചു എന്നത് അക്ഷരാർത്ഥത്തിൽ ഉള്ള സ്നേഹവും, ദ്വേഷിക്കലും ആണ് എന്ന് സമ്മതിച്ചാൽ തന്നെ ദൈവം ചിലരെ മാത്രം സ്നേഹിക്കുകയും, ചിലരെ മാത്രം ജനിക്കുന്നതിനു മുൻപേ ദ്വേഷിക്കുകയും ചെയ്യുന്നു എന്നുമുള്ള ദൈവ ദൂഷണപരമായ ഉപദേശം സ്ഥാപിക്കാൻ കഴിയില്ല.

കാരണം ദൈവം പഴയനിയമത്തിലെ അവസാന പുസ്തകമായ മലാഖിയിലൂടെ ഇങ്ങനെ പറയുമ്പോൾ ഏശാവും, യാക്കോബും മരിച്ചിട്ട് അനേക തലമുറകൾ കഴിഞ്ഞിരുന്നു. അവരുടെ പിൻമുറക്കാർ രണ്ടു ജാതികൾ ആകുകയും ചെയ്തിരുന്നു. പല ജാതികളുടെയും ചരിത്രം പരിശോധിച്ചാൽ പാപത്തിൽ തുടരുന്ന ജാതികളുടെ മേൽ ദൈവകോപം വന്ന ചരിത്രം തിരുവചനത്തിൽ പല ഭാഗത്തും നമുക്ക് കാണാൻ കഴിയുന്നു.

അതിനാൽ ദൈവം, ജനിക്കുന്നതിനു മുൻപേ ചിലരെ മാത്രം സ്നേഹിക്കുകയും, ജനിക്കുന്നതിനു മുൻപേ ചിലരെ മാത്രം ദ്വേഷിക്കുകയും ചെയ്തു, അതിനാൽ ചിലരെ ദൈവം ജനിക്കുന്നതിനു മുൻപേ ദ്വേഷിച്ചു, ഭൂമിയിൽ ജനിപ്പിച്ചു, നരകത്തിലേക്ക് അയക്കുന്നു എന്ന് ഈ വാകൃത്തിൽ നിന്നും പഠിപ്പിക്കുന്നത് തികച്ചും ദൈവ ദൂഷണപരമായ ഉപദേശം ആണ്.

ഒരിക്കൽ കൂടി ആവർത്തിക്കട്ടെ, 'കുട്ടികൾ ജനിക്കയോ ഗുണമാകട്ടെ ദോഷമാകട്ടെ ഒന്നും പ്രവർത്തിക്കയോ ചെയ്യും മുമ്പേ ദൈവം യാക്കോബിനെ സ്നേഹിക്കുകയും ഏശാവിനെ ദ്വേഷിക്കുകയും ചെയ്തു' എന്ന് ഈ ഭാഗത്തു പറയുന്നില്ല. ഉത്പത്തിയിലെയും, മലാഖിയിലെയും രണ്ടു വാകൃങ്ങൾ കൂട്ടിച്ചേർത്തു വായിക്കുമ്പോൾ ഉണ്ടാകുന്ന ഒരു തെറ്റിദ്ധാരണ മാത്രമാണ്. ചുരുക്കത്തിൽ കുട്ടികൾ ജനിക്കും മുൻപേ ദൈവം ചെയ്തത് ചരിത്രപരമായ ദൈവിക പദ്ധതിയ്ക്ക് വേണ്ടി പരമാധികാരത്തിൽ നടത്തിയ തിരഞ്ഞെടുപ്പ് മാത്രമാണ്, നിത്യതക്കു

വേണ്ടിയുള്ള തിരഞ്ഞെടുപ്പല്ല.

മാത്രമല്ല ഈ തിരഞ്ഞെടുപ്പുകൾ യാതൊരു വിധ യോഗ്യതകളും നോക്കാതെയായിരുന്നു. ദൈവിക പരമാധികാരത്തിൽ ദൈവം തിരഞ്ഞെടുത്തു, ചരിത്രപരമായ ദൈവിക പദ്ധതിക്ക് വേണ്ടി ലോകത്തിനു വീണ്ടെടുപ്പുകാരനെ അയക്കുന്നതിനു, ദൈവം അങ്ങനെ ചെയ്തു എന്ന് യഹൂദ സംവാദക്കാരനെ തന്റെ വാദത്തിലൂടെ പൗലോസ് സമ്മതിപ്പിക്കുകയാണ്.

ഇനി പ്രതിപാദ്യ വിഷയത്തിലേക്കു മടങ്ങി വരാം. ദൈവിക വീണ്ടെടുപ്പിന്റെ പദ്ധതിയിൽ വിഗ്രഹാരാധികളായ വിജാതിയരെ, ഉൾപ്പെടുത്തിയത് ദൈവത്തിന്റെ പക്കലേ അനീതിയില്ലേ? എന്നതായിരുന്നു അദൃശ്യനായ സംവാദകന്റെ ചോദ്യം അതിനുള്ള പൗലോസിന്റെ ഉത്തരം, യാതൊരു യോഗ്യതയുമില്ലാതെ, അബ്രഹാമിലൂടെ, യിസ്സഹാക്കിലൂടെ, യാക്കോബിലൂടെ യിസ്രായേലിനെ തിരഞ്ഞെടുത്തത് ദൈവത്തിന്റെ പരമാധികാരത്തിലുള്ള യോഗ്യത നോക്കാതെയുള്ള തിരഞ്ഞെടുപ്പെങ്കിൽ, അതുപോലെ ജാതികളെ യോഗ്യത നോക്കാതെ വീണ്ടെടുപ്പിന്റെ പദ്ധതിക്കുവേണ്ടി, അബ്രഹാമിലൂടെ കൂടെ കൊടുത്ത വാഗ്ദത്ത നിവർത്തിക്കു വേണ്ടി തിരഞ്ഞെടുക്കുന്നതിൽ ദൈവത്തിന്റെ പക്കൽ അനീതി ഇല്ല എന്നു തന്നെ വിശദീകരിക്കുകയാണ്.

അതിന്റെ ഉപസംഹാരമായി പൗലോസ് പറയുന്നു: (റോമർ 9:14) ആകയാൽ നാം എന്തു പറയേണ്ടു? ദൈവത്തിന്റെ പക്കൽ അനീതി ഉണ്ടോ? ഒരു നാളും ഇല്ല.

ചുരുക്കത്തിൽ യഹൂദനായ തടസ്സവാദക്കാരനെ (Debator) അവന്റെ കയ്യിലുള്ള വചനം കൊണ്ടു തന്നെ ദൈവത്തിന്റെ പരമാധികാരത്തിലെ തിരഞ്ഞെടുപ്പിൽ അനീതി ഇല്ലെന്ന് തന്നോട് കൂടെ പറയിപ്പിക്കുകയാണ് പൗലോസ് ഇവിടെ ചെയ്യുന്നത്.

## അദ്ധ്യായം 4

# ദൈവത്തിന്റെ പരമാധികാര ഇടപെടലുകൾ

## (Sovereignty in excercising His Power)

**ദൈ**വിക പദ്ധതിക്കുവേണ്ടി തന്റെ പരമാധികാരം ഉപയോഗിച്ച് ഒരു ജനതയെ തിരഞ്ഞെടുക്കുന്നതിൽ ദൈവം അനീതി കാണിക്കുന്നില്ല എന്ന് 9:5-14 വരെയുള്ള തിരുവചനത്തിൽ വിശദീകരിച്ചതിനു ശേഷം, ദൈവിക പരമാധികാരത്തിൽ ഒരു ജനതയോട് ഇടപെട്ട് കരുണയും, കനിവും കാണിക്കുന്നതു അനീതി അല്ലെന്നു വിശദീകരിക്കുകയാണ് മോശയുടെ ചരിത്രത്തിലൂടെ (9:15-16).

ദൈവം തിരഞ്ഞെടുക്കുന്നത് പ്രവർത്തി നോക്കിയല്ല എന്നതു പോലെ, തുടർന്നുള്ള വാക്യങ്ങളിൽ, ദൈവം കരുണയും കനിവും കാണിക്കുന്നത് ആരുടെയെങ്കിലും ഇച്ഛയോ, പ്രവർത്തിയോ കാരണമല്ല എന്നും സംവാദകനോട് വളരെ വ്യക്തമായി സമർഥിക്കുന്നതാണ് കാണുന്നത്.

============================================================

### മോശയും യിസ്രായേൽ ജനവും
### യിസ്രായേൽ ജനതയോട് കരുണയും കനിവും
### കാണിക്കുന്ന ദൈവം

============================================================

**റോമർ 9:15 എനിക്കു കരുണ തോന്നുന്നവനോടു ഞാൻ**

**കാരുണ്യം കാണിക്കുന്നു; എനിക്കു കനിവു തോന്നുന്നവനോടു കനിവു കാണിക്കുകയും ചെയ്യുന്നു" എന്നു ദൈവം മോശയോട് അരുൾചെയ്തു.**

ഇവിടുത്തെ വാകൃത്തിന്റെ സന്ദർഭം മനസിലാക്കാതെ വായിക്കുമ്പോൾ വ്യക്തി തെറ്റിദ്ധരിക്കപ്പെടാൻ ഇടയുണ്ട്. യഹൂദ സംവാദകന് പഴയ നിയമത്തിലെ സന്ദർഭം വളരെ എളുപ്പത്തിൽ മനസിലാകുന്നതുകൊണ്ടു, പഴയ നിയമത്തിൽ മോശയോടു പറഞ്ഞ ഭാഗം 15-ാം വാക്യത്തിൽ ഉദ്ധരിച്ചതിനു ശേഷം, നേരിട്ട് അതിന്റെ അർത്ഥം 16-ാം വാക്യത്തിൽ നൽകിയിരിക്കുകയാണ് ലേഖകൻ.

നമുക്ക് പുറപ്പാട് 32-33 അദ്ധ്യായങ്ങളിലെ സന്ദർഭം നോക്കി പൗലോസ് ഈ അദ്ധ്യായത്തിന്റെ സന്ദർഭത്തിൽ ഇവിടെ ഉദ്ദേശിക്കുന്ന ആശയം മനസിലാക്കാൻ സാധിക്കും.

പുറപ്പാട് 32 -ാം അധ്യായത്തിൽ കാളക്കുട്ടിയെ ആരാധിച്ച് വിഗ്രഹാരാധികളായി തങ്ങളുടെ ചരിത്രപരമായ ദൈവിക ദൗത്യത്തിൽ നിന്ന് വഴിമാറിപ്പോയ ജനത്തെ, നശിപ്പിക്കാൻ (പുറ 32:10) ദൈവം തുനിയുന്നത് കാണാം. എന്നാൽ മോശ തന്റെ ഇച്ഛപ്രകാരം ജനത്തെ നശിപ്പിക്കരുതെന്നു ദൈവത്തോട് അപേക്ഷിക്കുകയും, ദൈവം ജനത്തെ നശിപ്പിക്കാതെ (പുറ 32:14) തന്റെ ദൈവിക പരമാധികാരത്തിൽ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു.

ഇവിടെ നാം തെറ്റിദ്ധരിക്കപ്പെടരുത്, നീതിമാനായ ദൈവത്തിനു, തെറ്റിന് ശിക്ഷ കൊടുക്കാതിരിക്കാൻ സാദ്ധ്യമല്ല, പക്ഷെ കൃപയും, കരുണയും കാണിച്ചു അത് നീട്ടി വെക്കുവാനുള്ള പരമാധികാരമുണ്ട് എന്ന് ഈ വാക്യങ്ങളിൽ കൂടെ സ്ഥാപിക്കുകയാണ് .

അതിനു ശേഷം മോശയുടെ ചോദ്യം ആണ് ഇത്:

പുറപ്പാട് 33:16 എന്നോടും നിന്റെ ജനത്തോടും കൃപ ഉണ്ടെന്നുള്ളതു ഏതിനാൽ അറിയും?

യഹോവ നൽകുന്ന ഉത്തരമാണ് പുറപ്പാട് 33:19. അതാണ് പൗലോസ് റോമർ 9:15 ൽ ഉദ്ധരിക്കുന്നത്.

**15. "എനിക്കു കരുണ തോന്നുന്നവനോടു ഞാൻ കാരുണ്യം കാണിക്കുന്നു; എനിക്കു കനിവു തോന്നുന്നവനോടു കനിവു കാണിക്കുകയും ചെയ്യുന്നു'' എന്നു ദൈവം മോശയോട്**

**അരുൾചെയ്തു.**

അടുത്ത വാകൃത്തിൽ 9:16 ഇതിന്റെ വിശദീകരണം പൗലോസ് കൊടുക്കുന്നത് ഇങ്ങനെയാണ്.

**16. അതുകൊണ്ട് മനുഷ്യന്റെ ഇച്ഛയിലോ പ്രയത്നത്തിലോ അല്ല ദൈവകാരുണ്യത്തിലത്രേ എല്ലാം അടിസ്ഥാനപ്പെട്ടിരിക്കുന്നത്**

അതായത് ചിലപ്പോൾ മോശ ചിന്തിച്ചേക്കാം, തന്റെ ഇച്ഛ കൊണ്ടും, പ്രവർത്തികൊണ്ടുമാണ് ഈ ജനം രക്ഷപെട്ടത് എന്ന്, എന്നാൽ അങ്ങനെയല്ല എന്ന് പൗലോസ് പഠിപ്പിക്കുന്നു. അവിടന്നു കരുണയും, കനിവും കാണിച്ചത് കൊണ്ട് മാത്രമാണ് ദൈവം തന്റെ പരമാധികാരത്തിൻ പ്രകാരം തിരഞ്ഞെടുത്ത ജനത്തെ നശിപ്പിക്കാതെയിരുന്നത് എന്നാണ് പൗലോസ് സ്ഥാപിക്കുന്നത്. അതായതു കരുണ എന്നത് പ്രയത്നഫലമായി അർഹിക്കുന്നതല്ല. എന്നാൽ നാം അതിനായി അപേക്ഷിക്കുമ്പോൾ അർഹതയില്ല എങ്കിലും ദൈവം നമ്മോടു കരണ കാണിക്കുകയാണ്.

ഇത് യഹൂദനായ തടസ്സവാദക്കാരനു അംഗീകരിക്കാതിരിക്കാൻ തരമില്ല, ദൈവത്തിന്റെ കനിവും കരുണയും ഇല്ലായിരുന്നുവെങ്കിൽ, അപ്പോൾ തന്നെ ന്യായവിധി നടത്തിയിരുന്നുവെങ്കിൽ തങ്ങൾ ഭൂമിയിൽ കാണുകയില്ലായിരുന്നു എന്ന് അവനു അറിയാം. മാത്രമല്ല ദൈവത്തിന്റെ പരമാധികാരത്തിൽ മറ്റു ഏതെങ്കിലും ജാതികളെ ദൈവിക ചരിത്ര പദ്ധതിക്കുവേണ്ടി തിരഞ്ഞെടുക്കാനും, പൂർത്തീകരിക്കാനും- അവിടത്തേക്ക് കഴിയുമെന്നും സംവാദകന് ഇപ്പോൾ മനസ്സിലായിരിക്കുന്നു.

ഇപ്പോൾ സംവാദകന്, സ്വർണ്ണനിർമ്മിത കാളക്കുട്ടിയെ ആരാധിച്ച വിഗ്രഹാരാധികളായ ഈ യഹൂദ ജനതയോട് ദൈവം തന്റെ പരമാധികാരത്തിൽ കരുണയും കനിവും കാണിച്ചെന്നു അംഗീകരിക്കേണ്ടി വന്നു. അങ്ങയെങ്കിൽ യഹൂദൻ വിഗ്രഹാരാധികൾ എന്ന് പറയുന്ന ജാതികളെ കൂടി ദൈവം തന്റെ രക്ഷയ്ക്ക് അവകാശികളായി പരമാധികാരത്തിലൂടെ തിരഞ്ഞെടുത്തത് അനീതിയല്ലെന്നു മാത്രമല്ല, യഹൂദ ജനതയിലൂടെ ദൈവം ലോകത്തിൽ ഉദ്ദേശിക്കുന്ന ദൈവിക പദ്ധതിയുടെ പൂർത്തീകരണത്തിനു വേണ്ടികൂടിയാണെന്നുയാണെന്ന് സമർഥിക്കുകയാണ് പൗലോസിന്റെ ലക്ഷ്യം.

==================================================

## ഫറവോന്റെയും, മിസ്രയമ്യരുടെയും ഹൃദയം കഠിനമാക്കുന്ന ദൈവം

==================================================

ദൈവത്തിനു അനീതിയില്ലാതെ ഒരു ജനത്തോടു കരുണ കാണിക്കാൻ കഴിയുന്നതുപോലെ തന്നെ അനീതിയില്ലാതെ ചിലരുടെ ഹൃദയം കഠിനമാക്കുന്നതിനു വേണ്ടി വിട്ടുകൊടുക്കുവാൻ കഴിയും എന്ന് തുടർന്നുള്ള വാക്യങ്ങളിൽ സംവാദകന് തെളിയിച്ചു കൊടുക്കുകയാണ് പൗലോസ് (റോമർ 9:17-18.)

മുൻവാക്യങ്ങളിൽ, ദൈവം അനീതിപരമായി ആരുടേയും അവകാശം കവർന്നെടുക്കുകില്ല എന്ന് വ്യക്തമായി തെളിവുകളോടെ സമർത്ഥിക്കുകയാണ് പൗലോസ്. മാത്രമല്ല, സ്വയം ഹൃദയം കഠിനപ്പെടുത്തുന്നവരെ, കഠിനനാക്കി ദൈവം തന്റെ പദ്ധതിയുടെ പൂർത്തീകരണത്തിന് ഉപയോഗിക്കുന്നത് അനീതിയല്ല, അത് തന്റെ പരമാധികാരമാണെന്നു സംവാദകനോടു തുടർന്ന് വിശദീകരിക്കുന്നു. സ്വയം ഹൃദയം കഠിനപ്പെടുത്തിയാൽ, ആ ജനതയെ കഠിനപ്പെട്ടവരായി തന്നെ ദൈവീക പദ്ധതിയുടെ പൂർത്തീകരണത്തിനായി ഉപയോഗിക്കുവാൻ ദൈവത്തിനു പരമാധികാരം ഉണ്ടെന്നു യഹൂദനായ തടസ്സവാദക്കാരനോട് പഴയ നിയമത്തിലെ ഫറവോന്റെ ചരിത്രത്തിൽ നിന്ന് വിശദീകരിക്കുകയാണ്.

**ദൈവം ലോകസ്ഥാപനത്തിനു മുൻപേ തിരഞ്ഞെടുത്തവരെ അവരുടെ ഇച്ഛ കൂടാതെ മനസാന്തരപ്പെടുത്തി സ്വർഗ്ഗത്തിലേക്കു കൊണ്ട് പോകുന്നു എന്നും ചിലരെ അവരുടെ ഇച്ഛ കൂടാതെ ദൈവം തന്നെ ഹൃദയം കഠിനപ്പെടുത്തി നരകത്തിലേക്ക് അയക്കുന്നു എന്ന ഉപദേശം സ്ഥാപിക്കുവാൻ റോമർ 9:17-18 ഈ വാക്യങ്ങൾ പലരും ഉപയോഗിക്കാറുണ്ട്. അതിനാൽ ഈ വാക്യങ്ങളുടെയും വിശദമായ വിവരണം ആവശ്യമുണ്ട്.**

ഇവിടെയും നാം പ്രധാനമായി മനസ്സിലാക്കേണ്ടത് ഈ അധ്യായ ത്തിന്റെ സാഹചര്യം ദൈവിക പദ്ധതിയുടെ പൂർത്തീകരണത്തിനായി ദൈവം അനീതിയില്ലാതെ ചില വ്യക്തികളെയും ജനതകളെയും ഉപയോഗിക്കുന്നു എന്നതാണ്. അല്ലാതെ സ്വർഗ്ഗത്തിലേക്കോ, നരക ത്തിലേക്കോ തിരഞ്ഞെടുക്കുന്നതല്ല.

അതായത് ദൈവിക ഇടപെടലുകളെ സ്വയമായി, തുടർച്ചയായി നിന്ദിക്കുന്ന വ്യക്തികളോട് അവരുടെ ഇച്ഛയെ അസ്വാഭാവികമായി നിയന്ത്രിച്ച്, ദൈവം മനസാന്തരപ്പെടുത്തുന്നില്ല, പകരം അവരെ ഹൃദയം കഠിനമാക്കാൻ വിട്ടുകൊടുക്കുകയും, അതിലൂടെ തന്റെ ആത്യന്തിക പദ്ധതി പൂർത്തീകരിക്കുകയുമാണ് ദൈവം ചെയ്യുന്നത്. അത് ദൈവിക പരമാധികാരത്തിൽ ചെയ്യുന്നതാകയാൽ അനീതിയുമല്ല എന്നതാണ് പൗലോസ് വിശദീകരിക്കുന്നത്.

ദൈവം ഒരു മനുഷ്യന്റെയും ഹൃദയം ഏകപക്ഷിയമായി കഠിനപ്പെടുത്തുകയും, പിന്നീട് ഹൃദയം കഠിനപ്പെടുത്തിയതിനു അവനെ ശിക്ഷിക്കുകയും ചെയ്യുന്നില്ല. ദൈവവചനം അങ്ങനെ പഠിപ്പിക്കുന്നുമില്ല. മറിച്ചു ഹൃദയം കഠിനപ്പെടുത്തുന്നവർക്കു വീണ്ടും വീണ്ടും അവസരങ്ങൾ നൽകുന്നു എന്നാൽ, അവർ മാനസാന്തരപ്പെടാതിരുന്നാൽ, ദൈവിക പദ്ധതിയുടെ പൂർത്തീകരണത്തിന് അവരുടെ ഹൃദയം കഠിനപ്പെടുത്തി അനീതിപരമല്ലാതെ ഉപയോഗിക്കാൻ പരമാധികാരിയായ ദൈവത്തിനു സാധിക്കും. എന്നാൽ ദൈവത്തിന്റെ ശബ്ദത്തോട് വഴങ്ങുന്നവരുടെ ഹൃദയം മാറ്റപ്പെടുകയും, ദൈവവചനത്തോട് എതിർത്തു നിൽക്കുന്നവരുടെ ഹൃദയം സ്വഭാവികമായി കഠിനപ്പെടുകയും ചെയ്യും.

ഉദാഹരണമായി യെശയ്യാവ് 55: 10 ൽ ദൈവത്തിന്റെ വചനം മഴ പോലെ പെയ്യുകയും ഭൂമിയെ നനച്ചു ഫലവത്താക്കി വിളയിക്കുന്നതുപോലെ മനുഷ്യഹൃദയങ്ങളിൽ ഫലങ്ങൾ ഉണ്ടാക്കുക്കയും ചെയ്യുന്നു എന്ന് പറയുന്നു.

എന്നാൽ എബ്രായർ 6:7 ൽ ദൈവവചനത്തെ തള്ളിക്കളയുന്നവരിൽ അതെ ദൈവവചനമായ മഴ തന്നെ ഭൂമിയിൽ മുള്ളും ഞെരിഞ്ഞിലും മുളപ്പിക്കുകയും, അതിനാൽ ഭൂമി നിഷ്പ്രയോജനവും ശാപഗ്രസ്തവുമാകുകയും ചെയ്യുന്നു എന്ന് പറയുന്നു. അതായതു, പ്രാഥമികമായി ഭൂമിയുടെ മഴയോടുള്ള പ്രതികരണം പോലെ മനുഷ്യഹൃദയങ്ങളുടെ ദൈവവചനത്തോടുള്ള പ്രതികരണമാണ് അതിനെ മൃദുവാക്കുന്നതും, കഠിനമാക്കുന്നതും.

അതിനാലാണ് ദൈവം അവർത്തിച്ചു മുന്നറിയിപ്പ് നൽകുന്നത്:

എബ്രായർ 3: 8 ഇന്നു നിങ്ങൾ ദൈവത്തിന്റെ ശബ്ദം

കേൾക്കുന്നുവെങ്കിൽ നിങ്ങളുടെ പൂർവികർ ദൈവത്തോടു മത്സരിച്ചപ്പോൾ ആയിരുന്നതുപോലെ കഠിനഹൃദയം ഉള്ളവരായിരിക്കരുത്.

എബ്രായർ 3: 13 നേരേമറിച്ച്, നിങ്ങളിൽ ആരുംതന്നെ പാപത്താൽ വഞ്ചിക്കപ്പെടാതിരിക്കുന്നതിനും കഠിന ഹൃദയമുള്ളവരായിത്തീരാ തിരിക്കുന്നതിനും വേണ്ടി 'ഇന്ന്' എന്നു വിളിക്കപ്പെടുന്ന ദിവസങ്ങൾ ഉള്ളിടത്തോളം നാൾതോറും അന്യോന്യം പ്രബോധിപ്പിക്കുക

എബ്രായർ 3: 15 ഇന്നു നിങ്ങൾ ദൈവത്തിന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ നിങ്ങളുടെ പൂർവികർ ദൈവത്തോടു മത്സരിച്ചപ്പോൾ ആയിരുന്നതുപോലെ നിങ്ങൾ വഴങ്ങാത്ത ഹൃദയമുള്ളവരാകരുത്.

ദൈവം ഏക പക്ഷീയമായി ചിലരുടെ ഹൃദയം കഠിനപ്പെടു ത്തുകയാണ് എങ്കിൽ നിങ്ങൾ ഹൃദയം കഠിനപ്പെടുത്തരുത് എന്നുള്ള തുടർച്ചയായ മുന്നറിയിപ്പുകൾക്ക് എന്ത് അർത്ഥമാണുള്ളത്? ദൈവം ഏക പക്ഷിയമായി ചിലരുടെ ഹൃദയം കഠിനപ്പെടുത്തുകയാണ് എങ്കിൽ അങ്ങനെ കഠിനപ്പെട്ടതിനാൽ മനസാന്തരപ്പെടാൻ കഴിയാത്ത, വിശ്വസിക്കാൻ കഴിയാത്ത വ്യക്തികളോട് മനസാന്തരപ്പെടാൻ എങ്ങനെ കൽപ്പിക്കാൻ കഴിയും? മനസാന്തരപ്പെടാൻ കഴിവില്ലാത്ത ഒരുവനോട്, അതറിയാവുന്ന ദൈവം തന്നെ മനസാന്തരപ്പെടാൻ കൽപ്പിക്കുകയും, മനസാന്തരപ്പെടാത്തതിന് അവനെ ശിക്ഷിക്കുകയും ചെയ്യുന്നത് ദൈവനീതി അല്ലേയല്ല എന്നു വ്യക്തം.

ശരീരം മുഴുവൻ തളർന്നു, അനങ്ങാൻ കഴിയാത്ത ഒരുവനോട് ഹുസൈൻ ബോൾട്ടിനെ പോലെ നീ ഓടണം, എന്നു കൽപിക്കുകയും, അതിനു കഴിയാത്തവനെ അങ്ങനെ ഓടാത്തതിന് ശിക്ഷിക്കുകയും ചെയ്യുന്നത് പോലെയാണ് അത്. ഇതാണോ ബൈബിൾ പഠിപ്പിക്കുന്ന ദൈവനീതി? ഒരിക്കലുമല്ല !!! ഇനി വാക്യത്തിലേക്കു കടന്നു വരാം.

**റോമർ 9: 17 ''ഇതിന്നായിട്ടു തന്നേ ഞാൻ നിന്നെ നിർത്തിയിരിക്കുന്നതു; നിന്നിൽ എന്റെ ശക്തി കാണിക്കേണ്ടതിന്നും എന്റെ നാമം സർവ്വഭൂമിയിലും പ്രസ്താവിക്കപ്പെടേണ്ടതിന്നും തന്നേ" എന്നു തിരുവെഴുത്തിൽ ഫറവോനോടു അരുളിച്ചെയ്യുന്നു.**

**18 അങ്ങനെ തനിക്കു മനസ്സുള്ളവനോടു അവന്നു കരുണ തോന്നുന്നു; തനിക്കു മനസ്സുള്ളവരെ അവൻ കഠിനനാക്കുന്നു.**

ഈ വാക്യങ്ങളുടെ അർഥം എന്താണ്? അത് മനസ്സിലാക്കണം എങ്കിൽ നാം മുൻപ് ചിന്തിച്ചതു പോലെ ഈ സംഭവത്തിന്റെ സാഹചര്യം വ്യക്തമായി മനസ്സിലാക്കണം.

മുൻ വാക്യങ്ങളിൽ, ദൈവത്തോട് കരുണക്കായി മോശ അപേക്ഷിക്കുമ്പോൾ ദൈവം ഇസ്രയേലിനെ ശിക്ഷിക്കാതെ അപ്പോൾ തന്നെ തന്റെ പരമാധികാരത്തിൽ കരുണ കാണിക്കുന്നതാണ് കണ്ടത്

അതുപോലെ തുടർച്ചയായി ദൈവത്തോട് മത്സരിക്കുന്ന, സ്വയം ഹൃദയം കഠിനപ്പെടുത്തുന്ന, ഒരുവനെ തുടർന്നും കഠിനപ്പെടുത്തുവാൻ അനുവദിച്ചു കൊണ്ട് തന്നെ ദൈവത്തിനു പരമാധികാരത്തിൽ തന്റെ പദ്ധതി പൂർത്തീകരിക്കാൻ വേണ്ടി ഉപയോഗിക്കുവാൻ കഴിയുമെന്ന് തെളിയിക്കുകയാണ് പൗലോസ് ഈ വാക്യങ്ങളിലൂടെ

ദൈവം ഈ പറയുന്നതിന്റെ സാഹചര്യം ഇപ്രകാരമാണ്. അനേകം അത്ഭുതങ്ങൾ ദൈവിക ഇടപെടലുകളായി തന്റെ മുൻപിൽ നടക്കുന്നതുകണ്ട ഒരു ജാതീയ രാജാവ് ആണ് ഫറവോൻ. വടി പാമ്പായി മാറുന്നു (പുറ.7:8-14) വെള്ളം രക്തമായി തീരുന്നു, (പുറ.7:19-23) തവള ദേശത്തിന്റെ മേൽ വരുന്നു (പുറ. 8:1-15), ദേശത്ത് എല്ലായിടവും പേൻ പെരുകുന്നു. (പുറ.8:16-19), മിസ്രയീമ്യരുടെ മൃഗങ്ങൾ എല്ലാം ചാകുന്നു. (പുറ. 9:1-7). മാത്രമല്ല, ദൈവത്തിന്റെ പ്രവാചകനായ മോശയോട് നേരിട്ട് സംസാരിച്ച വ്യക്തി, ഇത്രയും അഭുതങ്ങൾ കണ്ടിട്ടും, ഹൃദയം സ്വയം കഠിനമാക്കിയ വ്യക്തി, എബ്രായ ശിശുക്കളെ കൊല്ലുന്നതിനു യാതൊരു മടിയും ഇല്ലാത്ത കഠിനഹൃദയൻ, ദൈവിപദ്ധതിക്കുവേണ്ടി വിളിച്ചിറക്കിയ ജനത്തെ, അടിമകളാക്കി കഷ്ടപെടുത്തിയ ഏകാധിപതി, ദൈവം വ്യക്തമായി അനേക സാഹചര്യങ്ങൾ കൊടുത്തിട്ടും, ദൈവിക പദ്ധതിക്കായി ജനത്തെ വിട്ടയക്കാത്ത മർക്കട മുഷ്ടിക്കാരൻ. ദൈവിക നീതിയിൽ അപ്പോൾ തന്നെ ദൈവത്തിനു അവനെ നശിപ്പിച്ചു വേണമെങ്കിൽ തന്റെ ജനത്തെ മോചിപ്പിക്കാൻ സാധിക്കുമായിരുന്നു.

പുറപ്പാട് 9:15 ഇപ്പോൾ തന്നേ ഞാൻ എന്റെ കൈ നീട്ടി നിന്നെയും നിന്റെ ജനത്തെയും മഹാമാരിയാൽ ദണ്ഡിപ്പിച്ചു നിന്നെ ഭൂമിയിൽ നിന്നു ഛേദിച്ചുകളയുമായിരുന്നു.

ഇങ്ങനെയുള്ള ഫറവോൻ ദൈവത്തിന്റെ ശബ്ദത്തോട് തുടർച്ചയായി നിന്ദിച്ച് എതിർത്തു നിന്നു, അവസാനം ദൈവം അവന്റെ ഹൃദയത്തെ കഠിനമാകുവാൻ അനുവദിക്കുന്നു. തുടർന്ന് പുറപ്പാട് 9:16 വാക്യമാണ് പൗലോസ് ഇവിടെ ഉദ്ധരിക്കുന്നത്.

പുറപ്പാട് പുസ്തകത്തിൽ ഫറവോന്റെ ഹൃദയം കഠിനപ്പെട്ടതുമായി ബന്ധപ്പെട്ടു മൂന്നു തരത്തിലുള്ള പ്രസ്താവനകൾ നമുക്ക് കാണുവാൻ കഴിയുന്നു.

ഫറവോൻ ഹൃദയം കഠിനപ്പെടുത്തി (പുറപ്പാട് 8:32), ഫറവോന്റെ ഹൃദയം കഠിനപ്പെട്ടു (9:7), ദൈവം ഫറവോന്റെ ഹൃദയത്തെ കഠിനമാക്കി (9:12).

എന്താണ് അതിനർത്ഥം? ദൈവശബ്ദത്തെ നിന്ദിച്ചു കൊണ്ട് ഫറവോൻ ഹൃദയത്തെ കഠിനപ്പെടുത്തിയതിനെ. ദൈവം അതിനനുവദിച്ചു കൊണ്ട് ഫറവോന്റെ ഹൃദയത്തെ തുടർന്നും കഠിനമാക്കി. ദൈവം തന്റെ മഹത്വത്തിനായി, ഇസ്രായേൽജനതയുടെ വിടുതലിനായി അത് ചെയ്യും എന്ന് മോശയോട് മുൻകൂട്ടി അറിയിക്കുകയും ചെയ്തിരുന്നതായി വചനത്തിൽ (പുറപ്പാട് 3:19, 7:3) കാണാം.

**പുറപ്പാട് പുസ്തകം ശ്രദ്ധിച്ചു പഠിച്ചാൽ ഫറവോൻ ഏഴു പ്രാവശ്യം തന്റെ ഹൃദയം കഠിനപ്പെടുത്തിയതിനു ശേഷമാണു ദൈവം മൂന്നു പ്രാവശ്യം ഫറവോയുടെ ഹൃദയം കഠിനപ്പെടുത്തിയതു എന്ന് മനസിലാക്കാം**

അതായത് പൂർണ്ണമായും ദൈവത്തോട് മറുതലിച്ചു തന്റെ ഹൃദയത്തെ കഠിനപ്പെടുത്തിയ ഫറവോന്റെ ഹൃദയം തുടർന്നും കഠിനപ്പെടുത്തിക്കൊണ്ടു ദൈവം തന്റെ പദ്ധതിയുടെ പൂർത്തീകരണത്തിനായി അവനെ ഉപയോഗിക്കുന്നു.

പൗലോസിന്റെ ചോദ്യം ഇതാണ്: ഇങ്ങനെയുള്ള ഫറവോന്റെ ഹൃദയം ദൈവം കഠിനമാക്കിയത് അനീതിയാണോ? ഈ ചോദ്യം കേൾക്കുന്ന യഹൂദ സംവാദകൻ പെട്ടെന്ന് ഉത്തരം പറയും, 'അല്ല, ഒരിക്കലുമല്ല, ദൈവത്തെപറ്റി സാമാന്യം നല്ല വെളിപ്പാടുണ്ടായിരുന്ന, പക്ഷെ തിന്മയുടെ നിറകുടമായിരുന്ന, സ്വയം ഹൃദയം കഠിനമാക്കിയ ഫറവോന്റെ കാര്യത്തിൽ ദൈവം ഹൃദയം കഠിനമാക്കിയത്

നീതിയാണ്. മാത്രമല്ല, ദൈവം ഹൃദയം കഠിനമാക്കിയതുകൊണ്ടാണ്, ദൈവം തെരഞ്ഞെടുത്ത ജനത്തെ വിടുവിക്കാനും, ജാതികളുടെ ഇടയിൽ (പുറപ്പാട് 15:14-15) ദൈവനാമം മഹത്വപ്പെടുവാനും ഇടയായത് എന്ന് പറയും.

ദൈവം ഫറവോനെപ്പറ്റി പുറപ്പാട് 9:16-ൽ അരുളിച്ചെയ്ത വസ് തുതയാണ് റോമർ 9:7-ാം വാക്യത്തിൽ പൗലോസ് ഉദ്ധരിക്കുന്നത് "ഇതിന്നായിട്ടു തന്നേ ഞാൻ നിന്നെ നിർത്തിയിരിക്കുന്നതു; നിന്നിൽ എന്റെ ശക്തി കാണിക്കേണ്ടതിന്നും എന്റെ നാമം സർവ്വഭൂമിയിലും പ്രസ്താവിക്കപ്പെടേണ്ടതിന്നും തന്നേ'' എന്നു തിരുവെഴുത്തിൽ (പുറപ്പാട് 9:16)ഫറവോനോടു അരുളിച്ചെയ്യുന്നു.'.

ചുരുക്കത്തിൽ ദൈവത്തോട് മറുതലിച്ചു ഹൃദയം സ്വയം കഠിനമാക്കിയ ഫറവോനെപ്പോലും തന്റെ പരമാധികാരത്തിലൂടെ ദൈവീക പദ്ധതിയ്ക്കായി അവിടന്ന് ഉപയോഗിച്ചു. ഫറവോന്റെ മേൽ നടത്തിയ ന്യായവിധി ദൈവ ഭുജമാഹാത്മ്യത്തിന്റെ തെളിവായി, മാത്രമല്ല, യിസ്രായേലിന്റെ ദൈവത്തെ കുറിച്ചുള്ള ഭയവും ഭീതിയും അത് കേട്ട ജാതികളുടെ മേൽ വീണു. അങ്ങനെ ജാതികളുടെ ഇടയിൽ ദൈവം തന്റെ നാമം മഹത്വപ്പെടുത്തി.

പുറപ്പാട് 15:14 16 ജാതികൾ കേട്ടു നടുങ്ങുന്നു. ഫെലിസ്ത്യ നിവാസികൾക്കു ഭീതിപിടിച്ചിരിക്കുന്നു.15എദോമ്യ പ്രഭുക്കന്മാർ ഭ്രമിച്ചു; മോവാബ്യമുമ്പന്മാർക്കു കമ്പം പിടിച്ചു; കനാന്യനിവാസികളെല്ലാം ഉരുകിപ്പോകുന്നു.16 ഭയവും ഭീതിയും അവരുടെമേൽ വീണു, നിൻ ഭുജമാഹാത്മ്യത്താൽ അവർ കല്ലുപോലെ ആയി.

**മാത്രമല്ല; പൗലോസ് തുടർന്ന് താൻ സ്ഥാപിക്കാൻ പോകുന്ന വാദമുഖങ്ങൾക്കു അടിസ്ഥാനം ഇടുകയാണ് ഇവിടെ. ദൈവത്തോട് മറുതലിച്ച ഒരു വിജാതീയനായ വ്യക്തിയുടെ, ജനതയുടെ ഹൃദയം ദൈവം കഠിനമാക്കി ദൈവിക പദ്ധതിക്കായി ഉപയോഗിച്ചു. അതായത് മോശയിലൂടെ ദൈവിക അത്ഭുതങ്ങൾ കണ്ടു, മോശയിൽ കൂടെ ദൈവിക അരുളപ്പാടുകൾ കേട്ടു, മാനസാന്തരത്തിനായി സാവകാശം ലഭിച്ചു, എന്നാൽ വിശ്വസിക്കാതെ ഹൃദയം കഠിനമാക്കിയ ഫറവോനെ പോലെയാണ് യിസ്രായേലും എന്ന് പൗലോസ് ഇവിടെ സ്ഥാപിക്കുകയാണ്.**

സ്വന്തത്തിലേക്കു വന്നു, ദൈവപുത്രനെന്ന് അത്ഭുതങ്ങളിലൂടെ

തെളിയിച്ചിട്ടും, പ്രവാചകനായ യോഹന്നാൻ സ്നാപകനിൽ കൂടെ വിളിച്ചു പറഞ്ഞിട്ടും. വിശ്വാസിക്കാതെ ഹൃദയം കഠിനമാക്കിയ യഹൂദ ജാതിയെ, തന്റെ ആത്യന്തിക പദ്ധതിയായ, സകല ജാതിയുടെയും വീണ്ടെടുപ്പിനു വേണ്ടി ഉപയോഗിക്കുന്നത് അനീതി അല്ല എന്നും, അത് ദൈവിക പരമാധികാരത്തിലെ നീതിയാണെന്നു യഹൂദ തടസ്സവാദക്കാരനെകൊണ്ട് സമ്മതിപ്പിക്കുകയാണ് പൗലോസ് ഈ വിശദീകരണത്തിലൂടെ ചെയ്യുന്നത്.

റോമർ 11 അധ്യായത്തിൽ ഹൃദയം കഠിനപ്പെട്ടവരായും, തുടർന്ന് അംശമായി കാഠിന്യം ഭവിച്ചിരിക്കുന്നു എന്നും, “ദൈവം അവർക്കു ഇന്നുവരെ ഗാഢനിദ്രയും കാണാത്തകണ്ണും കേൾക്കാത്തചെവിയും കൊടുത്തു” എന്നുമുള്ള വചനങ്ങൾ ഇതോടു ബന്ധത്തിൽ നമുക്ക് കാണാൻ സാധിക്കും.

### അദ്ധ്യായം 5

## കുശവനും കളിമണ്ണും, ക്രോധപാത്രങ്ങളും മാനപാത്രങ്ങളും. (9:19 – 24)

**ദൈ**വിക പദ്ധതിയുടെ പൂർത്തീകരണത്തിന് അനീതിപരമല്ലാതെ തന്റെ പരമാധികാരത്തിൽ യിസ്രായേൽ ജനതയോട് കരുണ കാണിച്ചതും, അതുപോലെ സ്വയം കഠിനപ്പെടുത്തിയ ഫറവോനെ തന്റെ പദ്ധതിയുടെ പൂർത്തീകരണത്തിന് അവൻ കഠിനനാക്കുവാൻ വിട്ടുകൊടുക്കുന്നതും അംഗീകരിച്ച യഹൂദ സംവാദകന്റെ മനസ്സിൽ ഉയരാൻ സാധ്യതയുള്ള ഒരു ചോദ്യത്തിന് പൗലോസ് ഉത്തരം കൊടുക്കുകയാണ് തുടർന്ന്.

റോമാ 9:19 (POC) അപ്പോൾ നിങ്ങൾ (you - debator) എന്നോടു ചോദിച്ചേക്കാം: അങ്ങനെയെങ്കിൽ, അവിടുന്ന് എന്തിനു മനുഷ്യനെ കുറ്റപ്പെടുത്തണം? അവിടുത്തെ ഹിതം ആർക്കു തടുക്കാൻ കഴിയും?

മുകളിൽ വിവരിച്ചതു പോലെ ഇത്രയും അനീതി ചെയ്ത ഫറവോനെക്കൊണ്ടു പോലും. 'ദൈവനാമം സർവ്വ ഭൂമിയിലും പ്രസ്താവിക്കപ്പെടേണ്ടതിന്' (17) ഉപയോഗിച്ചെങ്കിൽ എന്തിന് ദൈവം അനീതി ചെയ്യുന്നവരെ കുറ്റപ്പെടുത്തണം. അവർ ദൈവത്തിന്റെ പദ്ധതിയിൽ പങ്കാളികൾ ആകുകയല്ല?, ദൈവത്തെ ആർക്കും തടുക്കാൻ കഴിയില്ലല്ലോ എന്നാണ് ചോദ്യം.

നമ്മൾ തുടക്കത്തിൽ ചിന്തിച്ചത് പോലെ; ചരിത്രപരമായി ലോക ജാതികളോടുള്ള ദൈവിക ദൗത്യം നിർവ്വഹിക്കുന്നതിൽ ആർക്കും പരമാധികാരിയായ ദൈവത്തെ തടുക്കുവാൻ കഴിയില്ല എന്നാണ്

പൗലോസ് ഈ അദ്ധ്യായത്തിലൂടെ വിശദീകരിക്കുന്നത്. മനുഷ്യ കുലത്തോടുള്ള ദൈവിക പദ്ധതി പൂർത്തീകരിക്കാൻ, കൃപ കാണിച്ചും, കഠിനപ്പെടുത്തിയും, പരമാധികാരത്തിൽ അനീതിപരമല്ലാതെ ദൈവത്തിനു പ്രവർത്തിക്കാൻ സാധിക്കുമെന്നാണ് തെളിയിക്കുന്നത്. അതിനു തെളിവായി പരമാധികാര തെരഞ്ഞെടുപ്പിൽ (Sovereignty in Election) അബ്രഹാം, യിസ്സഹാക്ക്, യാക്കോബ്, യിസ്രായേൽ ജനം, എന്നിവരോടും, പരമാധികാര ഇടപെടലുകളിൽ (Sovereignty in excercising his power) മോശയിലൂടെ യിസ്രായേൽ ജനത്തോടും, ഫറവോനോടും, ഉള്ള ദൈവീക ഇടപെടലുകൾ നാം കണ്ടു കഴിഞ്ഞു.

എന്നാൽ അത് ആരുടെയും ഇച്ഛയിൽ കടന്നു കയറിയല്ല, മറിച്ച് ദൈവിക പരമാധികാരത്തിൽ ഫറവോനോടു അനീതി കാണിക്കാതെ ഇടപെട്ടതുപോലെ, ദൈവത്തോട് മറുതലിക്കുന്ന വ്യക്തികളെ കഠിനപ്പെടുത്തുവാനോ, മോശയോട് പറഞ്ഞതുപോലെ കരുണകാണിക്കാനോ, ദൈവത്തിനു കഴിയും എന്നതാണ് പൗലോസ് ഉത്തരമായി തുടർന്ന് വിശദീകരിക്കുന്നതു. യഹൂദ സംവാദകന് ഇത് അംഗീകരിക്കാതിരിക്കാൻ സാധിക്കുകയുമില്ല.

==========================================================

**എന്നാൽ ഈ അദ്ധ്യായത്തിലെ മറ്റു വാക്യങ്ങളെ പോലെ തന്നെ ഈ ഭാഗവും തെറ്റായി വ്യാഖ്യാനിച്ചു ദൈവം തന്നിഷ്ടപ്രകാരം ചിലരുടെ ഹൃദയത്തെ കഠിനമാക്കുന്നു എന്ന് തെളിയിക്കാൻ പലരും തുനിയാറുണ്ട്. ഈ സംവാദകൻ ഇതേ നിലയിൽ ഉള്ള ചോദ്യങ്ങൾ മുൻപ് ചോദിച്ചിട്ടുണ്ട്, അതിനുത്തരവും പൗലോസ് കൊടുത്തിട്ടുണ്ട്:**

==========================================================

റോമ 3: 5-8 നമ്മുടെ ദുഷ്പ്രവൃത്തികൾ ദൈവത്തിന്റെ നീതി പ്രത്യക്ഷമാക്കുന്നുവെങ്കിൽ നാം എന്താണു പറയേണ്ടത്? ദൈവം നമ്മെ ശിക്ഷിക്കുമ്പോൾ അവിടുന്നു നീതിയില്ലാത്തവനെന്നോ? -മാനുഷികമായ രീതിയിൽ ഞാനിതു പറയുന്നു-ഒരിക്കലുമല്ല! ദൈവം നീതിരഹിതനാണെങ്കിൽ എങ്ങനെ ലോകത്തിൽ നീതി നടത്തും?

ദൈവത്തിന്റെ സത്യം പ്രകാശിതമാകുകയും അവിടുത്തെ മഹത്ത്വം വർധിക്കുകയും ചെയ്യുന്നതിന് എന്റെ അസത്യം

ഉപകരിക്കുന്നുവെങ്കിൽ, എന്നെ പാപിയെന്നു വിധിക്കുന്നത് എന്തിന്?

8അധികം നന്മയുണ്ടാകുന്നതിനു തിന്മ ചെയ്യാമെന്നു ഞങ്ങൾ പഠിപ്പിക്കുന്നതായി ചിലർ അപവാദം പറയുന്നുണ്ടല്ലോ.

തന്റെ വാക്കുകളെ ദുർവ്യാഖ്യാനം ചെയ്തു താൻ ഉദ്ദേശിക്കാത്ത കാര്യങ്ങൾ ആരോപിച്ചു കൊണ്ട് ദൈവത്തെ നീതിരഹിതനായ ഒരുവനായി വ്യഖ്യനിക്കുന്നതിനുള്ള മറുപടിയാണ് പൗലോസ് ഇവിടെ നൽക്കുന്നത്. താൻ അങ്ങനെ പഠിപ്പിക്കുന്നു എന്ന് ചിലർ അപവാദം പറയുന്നതായി പൌലോസ് ആരോപിക്കുന്നു.

ഇതേ രീതിയിൽ ആണ് പലരും റോമർ ഒൻപതാം അധ്യായം വ്യാഖ്യാനിക്കുന്നത്. ദൈവം അവിടത്തെ പരമാധികാരത്തിൽ ലോകത്തോടുള്ള തന്റെ പദ്ധതി പൂർത്തീകരിക്കാൻ ആരെയും ഉപയോഗിക്കുമെങ്കിലും, അത് ആരുടെയും സ്വതന്ത്ര ഇച്ഛയിൽ ഏകപക്ഷീയമായി കടന്നുകയറിയല്ല ചെയ്യുന്നത്. അതുകൊണ്ടാണ് ലോകത്തെ നീതിയിൽ വിധിക്കാൻ കഴിയുന്ന 'നീതിയുള്ള ന്യായാധിപതി' ആണ് ദൈവമെന്ന് പൗലോസ് ഇവിടെ വിശദീകരിക്കുന്നത്.

ദൈവം ഏക പക്ഷീയമായി ചിലരുടെ ഹൃദയം കഠിനപ്പെടുത്തുകയും ശേഷം അങ്ങനെ കഠിനപ്പെട്ടത്തിന് അവനെ ശിക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ നീതിയുള്ള ന്യായാധിപധി എന്ന് വിശേഷിപ്പിക്കുന്നത് യോജിക്കുകയില്ല. പൗലോസ് അങ്ങനെ പഠിപ്പിക്കുന്നു എന്നുള്ള ആരോപണം അപവാദം മാത്രമാണ് എന്ന് താൻ തന്നെ പറയുന്നു.

ഇവിടെ പൗലോസ് പലപ്പോഴും താൻ ചെയ്യുന്നതുപോലെ ഒരു മറുചോദ്യത്തിലൂടെ സംവാദകനെക്കൊണ്ട് മറുപടി പറയിക്കുകയാണ്.

==================================================

## കുശവനും വിധേയപ്പെടുന്ന കളിമണ്ണും
## (The Potter and Flexible Clay)

==================================================

റോമർ 9:20-21 അയ്യോ, മനുഷ്യാ, ദൈവത്തോടു പ്രത്യുത്തരം പറയുന്ന നീ ആർ? മനഞ്ഞിരിക്കുന്നതു മനഞ്ഞവനോടു: നീ എന്നെ

ഇങ്ങനെ ചമെച്ചതു എന്തു എന്നു ചോദിക്കുമോ? 21 അല്ല, കുശവന്നു അതേ പിണ്ഡത്തിൽനിന്നു ഒരു പാത്രം മാനത്തിന്നും മറ്റൊരു പാത്രം അപമാനത്തിന്നും ഉണ്ടാക്കുവാൻ മണ്ണിന്മേൽ അധികാരം ഇല്ലയോ?

**റോമർ 9:19** വാക്യത്തിലെ **(ദൈവത്തോട് ഹൃദയം കഠിനപ്പെടുത്തി മത്സരിക്കുന്നവരും ആത്യന്തികമായി ദൈവീകപദ്ധതി പൂർത്തീകരിക്കപ്പെടുന്നതിൽ പങ്കാളിയാകുന്നു എങ്കിൽ എന്തിനു മനുഷ്യനെ കുറ്റപ്പെടുത്തണം?)** ചോദ്യത്തിന് 20,21 വാക്യങ്ങളിൽ മറുചോദ്യം ചോദിച്ചു പൗലോസ് ചോദ്യകർത്താവിനെ കൊണ്ടുതന്നെ ഉത്തരം പറയിപ്പിക്കുകയാണ്. താൻ ഇതുവരെ ചെയ്തുവന്നതുപോലെ യഹുദതടസ്സവാദക്കാരന് സുപരിചിതമായ പഴയനിയമത്തിലെ കുശവന്റെയും (ദൈവം), കളിമണ്ണിന്റെയും (യിസ്രായേൽ) സാദൃശ്യമെടുക്കുന്നതിനാൽ ചോദ്യത്തിന്റെ ഉത്തരം സംവാദകന് വളരെ എളുപ്പം മനസ്സിലാകും.

ഇനി എന്താണ് പൗലോസിന്റെ മറുചോദ്യത്തിലുള്ളതെന്നു നമുക്ക് പരിശോധിക്കാം.

ഒന്നാമതായി ദൈവത്തെ ചോദ്യം ചെയ്യുന്ന മനുഷ്യന്റെ യുക്തിരാ ഹിതത്തെയും ഭോഷത്വത്തെയും പൗലോസ് ഒരു ചോദ്യത്തിലൂടെ തുറന്നു കാണിക്കുകയാണ്.

എല്ലാ മനുഷ്യരും ഏറ്റവും പ്രധാനമായി മനസ്സിലാക്കേണ്ട ഒരു സത്യമാണ് ഇത്. ദൈവം കുശവനും, മനുഷ്യർ അവിടത്തെ കയ്യിലെ കളിമണ്ണും ആണ്. കുശവന് കളിമണ്ണിന്മേൽ ഏകപക്ഷീയമായി (unilateral) എന്തും ചെയ്യാൻ അധികാരം ഉള്ളത് പോലെ ദൈവത്തിനു തന്റെ സൃഷ്ടിയായ മനുഷ്യനെ ഏകപക്ഷീയമായി എങ്ങനെയും ഉപയോഗിക്കാൻ അധികാരം ഉണ്ട്. ആ ദൈവത്തിന്റെ ജ്ഞാനത്തെ ചോദ്യം ചെയ്യുന്നത് കളിമണ്ണ് കുശവനെ ചോദ്യം ചെയ്യുന്നത് പോലെയുള്ള ഒരു ഭോഷത്വം ആണ്.

അടുത്തതായി, അങ്ങനെയുള്ള അധികാരം ഉണ്ടായിട്ടു പോലും, കുശവന്റെയും (ദൈവം), കളിമണ്ണിന്റെയും (യിസ്രയേൽ ജാതി) സാദൃശ്യത്തിൽ കൂടി ദൈവിക പരമാധികാരത്തിലെ മനുഷ്യരോടുള്ള ഇടപെടൽ ഒരിക്കലും ഏകപക്ഷീയമായി (unilateral) അല്ലെന്നു, വ്യക്തമായി വീണ്ടും തെളിയിക്കുകയാണ്.

പഴയ നിയമത്തിൽ കാണുന്ന സാദൃശ്യമാണ് പൌലോസ് ഇവിടെ ഉദ്ധരിക്കുന്നത്. യഹൂദ സംവാദകനു ഇത് അംഗീകരിക്കാതെ തരമില്ല.

'കുശവൻ കളിമണ്ണുകൊണ്ടു ഉണ്ടാക്കിയ പാത്രം ചീത്തയായിപ്പോയി; എന്നാൽ കുശവൻ അതിനെ തനിക്കു തോന്നിയതുപോലെ മറ്റൊരു പാത്രമാക്കിത്തീർത്തു. യിസ്രായേൽഗൃഹമേ, ഈ കുശവൻ ചെയ്തതുപോലെ എനിക്കു നിങ്ങളോടു ചെയ്‌വാൻ കഴികയില്ലയോ എന്നു യഹോവയുടെ അരുളപ്പാടു; യിസ്രായേൽഗൃഹമേ കളിമണ്ണു കുശവന്റെ കയ്യിൽ ഇരിക്കുന്നതുപോലെ നിങ്ങൾ എന്റെ കയ്യിൽ ഇരിക്കുന്നു. ഞാൻ ഒരു ജാതിയെക്കുറിച്ചോ രാജ്യത്തെക്കുറിച്ചോ അതിനെ പറിച്ചു ഇടിച്ചു നശിപ്പിച്ചുകളയും എന്നു അരുളിച്ചെയ്തിട്ടു.... ഒരു ജാതിയെക്കുറിച്ചോ രാജ്യത്തെക്കുറിച്ചോ ഞാൻ അതിനെ പണികയും നടുകയും ചെയ്യും എന്നു അരുളിച്ചെയ്തിട്ടു ...ദുഷ്ടത വിട്ടു തിരിയുന്നുവെങ്കിൽ. ദോഷത്തെക്കുറിച്ചു ഞാൻ അനുതപിക്കും... എന്റെ വാക്കു കേട്ടനുസരിക്കാതെ... അനിഷ്ടമായുള്ളതു ചെയ്യുന്നുവെങ്കിൽ അവർക്കു വരുത്തും എന്നു അരുളിച്ചെയ്ത നന്മയെക്കുറിച്ചു ഞാൻ അനുതപിക്കും.”(യിരമ്യാ 18:4-10)

അതായത് കുശവനായ ദൈവം ഏകപക്ഷീയമായല്ല, പാത്രങ്ങളെ വിവിധ നിലയിൽ രൂപപ്പെടുത്തുന്നത് മറിച്ചു, ആ ജനതയുടെ പ്രതികരണം അല്ലെങ്കിൽ വിധേയത്വം അനുസരിച്ചാണ്. കുശവനായ ദൈവതിന്റെ ഉദ്ദേശം; കളിമണ്ണ് കൊണ്ട് ചീത്തയായ പാത്രം ഉണ്ടാക്കുക എന്നതല്ല, കളിമണ്ണിന്മേൽ പ്രവർത്തിച്ചു പാത്രം ഉണ്ടാക്കുമ്പോൾ ചിലതു ചീത്തയായിപ്പോവുകയാണ്!

അത് ആരുടെ കുറ്റമാണ്? കുശവന്റെ കുറ്റമല്ല, മറിച്ച് സ്വയം പ്രതികരിക്കുവാൻ കഴിയുന്ന കളിമണ്ണ് (ഇസ്രായേൽ,) ദൈവിക പദ്ധതിക്കൊത്തു വഴങ്ങാതെ കഠിനപ്പെട്ടു നിൽക്കുന്നതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്.

വിധേയപ്പെടുന്ന കളിമണ്ണിനെ ശ്രേഷ്ടകരമായ ഉപയോഗത്തിനും, ഈ കഠിനപ്പെടുന്ന കളിമണ്ണിനെ നശിപ്പിക്കാനോ, അല്ലെങ്കിൽ കൃപ കാണിച്ചു ദൈവീക പദ്ധതിക്ക് വേണ്ടി മറ്റൊരു ഉപയോഗത്തിന് രൂപപ്പെടുത്താനുമുള്ള പരമാധികാരം കുശവനുണ്ട്.

ഫറവോന്റെ ചരിത്രത്തിൽ നാം കണ്ടതുപോലെ വേണ്ടുവോളം സമയവും, സാഹചര്യവും കൊടുത്തിട്ടും ഹൃദയം കഠിനമാക്കിയ ഫറവോനെയും ആ ജനതയേയും ഛേദിച്ചുകളയുവാൻ പരമാധികാരമുള്ള ദൈവം നശിപ്പിക്കാതെ ദീർഘക്ഷമ കാണിക്കുകയും, പകരം ദൈവിക പദ്ധതിക്ക് ഉപയുക്തമാകുന്ന നിലയിൽ തന്റെ നാമം സർവ്വഭൂമിയിലും പ്രസ്താവിക്കപ്പെടേണ്ടതിന്നും ഉപയോഗിക്കുന്ന കാര്യമാണ് വിവരിക്കുന്നത് എന്ന് സംവാദകന് എളുപ്പം മനസ്സിലാകും.

ഇത്രയും മനസ്സിലാകുന്ന സംവാദകനു, താൻ 19-ാമത്തെ വാക്യത്തിൽ ചോദിച്ച ചോദ്യത്തിനുള്ള ഉത്തരം പൗലോസ് 20,21 വാക്യങ്ങളിൽ ചോദിച്ച മറുചോദ്യത്തിൽ അടങ്ങിയിട്ടുണ്ട് എന്ന് മനസ്സിലാകുന്നു.

ചുരുക്കത്തിൽ ആ ജനതയ്ക്ക് ദൈവത്തോട് വാഗ്വാദം നടത്താൻ ഒരു അവകാശവും ഇല്ല എന്നത് ഈ ഭാഗത്തു നിന്ന് യഹൂദ സംവാദകന് സമ്മതിക്കാതെ തരമില്ല.

ദൈവം പരമാധികാരി ആയതിനാൽ, അതിനെ ചോദ്യം ചെയ്യുവാൻ ആർക്കും അവകാശമില്ല. വെറും കളിമണ്ണ് മാത്രമായ മനുഷ്യന് കുശവനായ ദൈവത്തിന്റെ പ്രവർത്തികളെ ചോദ്യം ചെയ്യാൻ കഴിയില്ല. അത്തരം ചോദ്യത്തിന് തന്നെ അർത്ഥമില്ല.

എന്നാൽ തനിക്കു എന്തും ചെയ്യാൻ അധികാരമുള്ളപ്പോൾ തന്നെ, ദൈവം ഏകപക്ഷീയമായി ഒരിക്കലും അത് ചെയ്യുകയില്ല. ദൈവം തന്റെ പരമാധികാരത്തിൽ ചെയ്യുന്ന എല്ലാ കാര്യവും നീതിപൂർവ്വമാണ്, അതിൽ ഒരു അനീതിയുമില്ല അതിനാൽ അതിനെ ചോദ്യം ചെയ്യുവാൻ ആർക്കുംകഴിയുകയുമില്ല എന്ന് എതിരാളിയെ കൊണ്ട് പോലും സമ്മതിപ്പിക്കുകയാണ് പൌലോസ് ചെയ്യുന്നത്.

==========================================================

## കോപപാത്രങ്ങളും, ഇച്ഛയും (Vessel of wrath and Will)
## ദൈവം ചിലരെ കോപപാത്രങ്ങളായി സൃഷ്ടിച്ചോ?

==========================================================

നാം കണ്ടത് പോലെ 9:20-21 വരെയുള്ള ഭാഗം അദൃശ്യ യഹൂദ തടസ്സവാദക്കാരനോട് പൗലോസ് സംവദിക്കുന്ന മറു ചോദ്യങ്ങളും

വിവരണങ്ങളുമാണ്. തുടർന്ന് ഫറവോന്റെ കാര്യം വിവരിച്ചുകൊണ്ട്, കുശവന്റെയും കളിമണ്ണിന്റെയും സാദൃശ്യത്തിലൂടെ കുശവനായ ദൈവം ഏകപക്ഷീയമായി അല്ല മാന അപമാന പാത്രങ്ങളെ നിർമ്മിക്കുന്നത് മറിച്ചു, അവയുടെ പ്രതികരണം അനുസരിച്ച് വഴങ്ങുന്ന നിലയിൽ രൂപപ്പെടുത്തുകയാണ് എന്ന് വിശദീകരിക്കുകയാണ് തുടന്നുള്ള വാക്യങ്ങളിൽ.

അങ്ങനെ ആയിരിക്കുന്ന പാത്രങ്ങളെപ്പറ്റിയുള്ള വിശദീകരണവും, അവയോടുള്ള ദൈവത്തിന്റെ പരമാധികാര ത്തിലുള്ള ഇടപെടലുകളുമാണ് 22 -24 വാക്യങ്ങളിൽ പൗലോസ് വെളിപ്പെടുത്തുന്നത്:

റോമാ 9: 22 (BSI) തന്റെ കോപം പ്രകടമാക്കുവാനും ശക്തി വെളിപ്പെടുത്തുവാനും ദൈവം ആഗ്രഹിച്ചു എങ്കിലും നാശയോഗ്യമായ കോപപാത്രങ്ങളോട് അവിടുന്നു നിരന്തര ക്ഷമയുള്ളവനായിരുന്നു.

===========================================================

**റോമർ 9 ലെ വളരെയധികം തെറ്റായി വ്യാഖ്യാനിക്കപ്പെടുന്ന മറ്റൊരു വാക്യമാണ് ഇത്. ദൈവം തന്റെ കോപം വെളിപ്പെ ടുത്താനുള്ള പാത്രങ്ങളായി ലോകസ്ഥാപനത്തിനുമുമ്പേ ചിലരെ സൃഷ്ടിച്ചുവച്ചിരിക്കുന്നുവോ എന്ന സംശയമാണ് തെറ്റായ വ്യാഖ്യാനം മൂലം ഇവിടെ ഉയരാവുന്നത്.**

===========================================================

ദൈവം ചിലരെ ക്രോധപാത്രങ്ങളാക്കി സൃഷ്ട്ടിച്ചു എന്ന് അവിടെ എഴുതിയിട്ടില്ല. എങ്കിലും, പ്രധാന മലയാള തർജ്ജമയിൽ 22 -ാം വാക്യത്തിൽ നിന്നും അങ്ങനെ തോന്നാൻ സാധ്യതയുണ്ട്. എന്നാൽ മൂലഭാഷയിലും, ഇംഗ്ലീഷിലും, മറ്റു മലയാള തർജ്ജമകളിലും അർത്ഥം വളരെ വ്യക്തമാണ്,

22 What if God, willing to shew his wrath, and to make his power known, endured with much longsuffering the vessels of wrath fitted to destruction:

**പ്രിയരെ ഒരുകാര്യം ശ്രദ്ധിക്കുക ഇവിടെ ദൈവം ചിലരെ ക്രോധ പത്രങ്ങളായി സൃഷ്ടിച്ചു എന്ന് എഴുതിയിട്ടില്ല.**

ഇവിടെ "vessels of wrath fitted to destruction" എന്നത് ദൈവവുമായി ബന്ധപ്പെട്ടു പറയുന്ന കാര്യമല്ല. അവർ അതിനു യോഗ്യരായി തീർന്നതിനെപറ്റി പറയുകയാണ്. സ്വയം ദൈവത്തോട് മറുതലിച്ചു, ഹൃദയം കഠിനപ്പെടുത്തി ക്രോധപാത്രങ്ങളായി നാശത്തിനു മാത്രം അർഹതയുള്ളവാരായിതീർന്ന ഈ പാത്രങ്ങളോട്, വലിയ ക്ഷമ കാണിച്ചെങ്കിൽ അതിനെ ആർക്കും ചോദ്യം ചെയ്യാൻ പറ്റില്ല അതു ദൈവീക പരമാധികാരമാണെന്നാണ് പൗലോസ് അർത്ഥമാക്കുന്നത്.

അതിനു പകരമായി **സ്വയം ക്രോധപാത്രങ്ങളായവരെ** അപ്പോൾ തന്നെ ദൈവനീതിപ്രകാരം വേണമെങ്കിൽ ദൈവത്തിന് നശിപ്പിക്കാമായിരുന്നു. ഈ വാക്യത്തെ തെറ്റായി വ്യാഖ്യാനിച്ചു, ദൈവമാണ് അവരെ നാശത്തിനു വേണ്ടി ലോകസ്ഥാപനത്തിനു മുൻപ് അങ്ങനെ സൃഷ്ടിച്ചതെന്ന് എന്ന് പഠിപ്പിക്കാറുണ്ട്.

ഈ വാക്യത്തിൽ ഊന്നിപ്പറയുന്നത് അവർക്കു ശിക്ഷ പെട്ടെന്ന് കൊടുക്കാതെ താമസിപ്പിക്കുന്നത് തന്റെ പരമാധികാരമാണ്. അഥവാ തന്റെ ദീർഘക്ഷമയെയാണ് അതു കാണിക്കുന്നത്. അതു തന്റെ ശക്തി കാണിക്കുന്നതിനുവേണ്ടിയും, 'തന്റെ മഹത്വത്തിന്റെ സമ്പത്ത് ചിലർക്ക് വെളിപ്പെടുത്താൻ വേണ്ടിയാണ്' എന്ന് പൗലോസ് വിശദീകരിക്കുകയാണ്.

ചിലർ വ്യാഖ്യാനിക്കുന്നതു പോലെ ദൈവം ലോകസ്ഥാപനത്തിനു മുൻപേ ഇവരെ ക്രോധ പാത്രങ്ങളായി നശിപ്പിക്കാൻ വേണ്ടി സൃഷ്ടിച്ചതാണെങ്കിൽ അവരോടു 'ദീർഘക്ഷമ' കാണിച്ചു എന്നു പറയുന്നതു തന്നെ അർത്ഥമില്ലാത്ത ഒരു കാര്യമായിത്തീരും. എന്നാൽ ദൈവം തന്റെ ന്യായവിധി അപ്പോൾ തന്നെ കൊണ്ടുവരാതെ, ദീർഘക്ഷമയും ദയയും കാണിക്കുന്നതിന്റെ ഉദ്ദേശം, അവർക്കു മാനസാന്തരത്തിനുള്ള സാവകാശം കൊടുക്കുന്നതിനു വേണ്ടിയാണെന്ന് പല വചനത്തിലും കാണാം.

റോമർ 2: 3-4, .... മനുഷ്യാ നീ ദൈവത്തിന്റെ വിധിയിൽ നിന്ന് തെറ്റിയൊഴിയും എന്നു വിചാരിക്കുന്നുവോ? അല്ല, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു എന്നു അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ?

2 പത്രോസ് 3:9 – ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു, നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു.

റോമർ 3:25 – ദൈവം തന്റെ പൊറുമയിൽ മുൻകഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം...... വിശ്വസിക്കുന്നവനെ നീതീകരിക്കുവാൻ ..... അങ്ങനെ ചെയ്തത്.

അതിനാൽ, ദൈവം അവരെ നാശത്തിനു വേണ്ടി സൃഷ്ടിച്ച് അയക്കുകയല്ല, മറിച്ച് വഴങ്ങാത്ത ക്രോധ പാത്രങ്ങളോട് പോലും ദൈവം ദീർഘക്ഷമ കാണിക്കുകയാണ് മാനസാന്തരപ്പെടാൻ അവസരം കൊടുക്കുകയാണ്.

വെളി. 2: 21 ഞാൻ അവൾക്ക് **മാനസാന്തരപ്പെടാൻ അവസരം കൊടുത്തിട്ടും** അധാർമ്മികത വിട്ടു അവൾ മാനസാന്തരപ്പെട്ടില്ല. ജാഗ്രതയായിരിക്ക! **അവൾ മാനസാന്തരപ്പെടാതിരുന്നാൽ** ഞാൻ അവളെ രോഗകിടക്കയിലും അവളുമായി വ്യഭിചരിക്കുന്നവരെ വലിയ കഷ്ടതയിലും ആക്കിക്കളയും.

(ലോകസ്ഥാപനത്തിനു മുൻപേ നാശത്തിനു വേണ്ടി സൃഷ്ടിച്ച, മാനസാന്തരപ്പെടാൻ കഴിയാത്ത വ്യക്തികൾക്ക് മാനസാന്തരപ്പെടാൻ സമയം കൊടുക്കുന്നു എന്ന് പറയുകയും, മാനസാന്തരപ്പെടാതിരുന്നാൽ ശിക്ഷിക്കുകയും ചെയ്യും എന്ന് പറയുന്നതിൽ അർഥം ഇല്ലല്ലോ)

ബൈബിളിലെ അനേക വാക്യങ്ങളിൽ കൂടി, ദൈവത്തിന്റെ ഇഷ്ടമല്ല ഒരുവൻ നശിക്കുന്നത് എന്ന് പകരം മാനസാന്തരപ്പെടാൻ മനസ്സില്ലാത്തതു കൊണ്ടാണ് എന്നതു തെളിയിക്കപ്പെടുന്നു.

യെഹെസ്കേൽ 33:11 എന്നാണ, ദുഷ്ടന്റെ മരണത്തിൽ അല്ല, ദുഷ്ടൻ തന്റെ വഴി വിട്ടുതിരിഞ്ഞു ജീവിക്കുന്നതിൽ അത്ര എനിക്കു ഇഷ്ടമുള്ളതെന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു; നിങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിവിൻ, തിരിവിൻ; യിസ്രായേൽ ഗൃഹമേ, നിങ്ങൾ എന്തിന്നു മരിക്കുന്നു എന്നു അവരോടു പറക. തുടർന്ന് 14, 15, 16 വാക്യങ്ങളും കാണുക.

ലൂക്കോസ്13:34 “യെരൂശലേമേ, യെരൂശലേമേ! പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചവരെ കല്ലെറിയുകയും

ചെയ്യുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുന്നതുപോലെ നിന്റെ മക്കളെ ചേർക്കുവാൻ ഞാൻ എത്ര തവണ ഇച്ഛിച്ചു! നിനക്കോ അതിനു മനസ്സില്ലാതെപോയി!

ഇവിടെ കർത്താവിന്റെ ഇച്ഛ നശിപ്പിക്കാതെയിരിക്കുക എന്നുള്ളതാണെങ്കിൽ യെരൂശലേമിനു അതിനു മനസ്സില്ലാതെ പോയതിനാൽ ആണ് അവർ നശിപ്പിക്കുക്കപ്പെടുന്നത് എന്ന് വ്യക്തം.

ചുരുക്കത്തിൽ, 22-ാം വാക്യത്തിൽ തന്നെത്താൻ ഹൃദയം കഠിനപ്പെടുത്തി ക്രോധ പാത്രങ്ങൾ ആയി മാറിയവരോട് തന്റെ പരമാധികാരത്തിൽ ദീർഘക്ഷമ കാണിച്ച് ന്യായവിധി മാറ്റിവെച്ച്, അവർക്ക് ദൈവം വീണ്ടും  സാവകാശം കൊടുക്കുന്നതിൽ ഒരു അനീതിയും ഇല്ലെന്നു വ്യക്തമാക്കുന്നു.

മാത്രമല്ല, അതിന്റെ മറ്റൊരു പ്രധാന ഉദ്ദേശ്യം കൂടി അടുത്ത വാക്യത്തിൽ പൗലോസ് സംവാദകനോട് വിശദീകരിക്കുകയും ചെയ്യുന്നതായി കാണാം.

=====================================================

## കൃപാപാത്രങ്ങളും ഇച്ഛയും
(Vessel of Mercy and Will)

=====================================================

**റോമാ 9: 23– 24 (POC) തന്റെ തേജസ്സ് പ്രാപിക്കുന്നതിനുവേണ്ടി അവിടുന്നു ഒരുക്കിയിരിക്കുന്നവരും അവിടുത്തെ കാരുണാ പാത്രങ്ങളുമായ നമ്മുടെമേൽ തന്റെ മഹാതേജസ്സ് പ്രത്യക്ഷമാക്കുവാനും അവിടുന്നു നിശ്ചയിച്ചു. അതിനുവേണ്ടി യെഹൂദന്മാരിൽനിന്നു മാത്രമല്ല വിജാതീയരിൽനിന്നും വിളിക്കപ്പെട്ടവരത്രേ നാം.**

തന്നെത്താൻ ഹൃദയം കഠിനപ്പെടുത്തി ക്രോധപാത്രങ്ങൾ ആയി മാറിയവരോട് തന്റെ പരമാധികാരത്തിൽ ദീർഘക്ഷമ കാണിച്ചു ന്യായവിധി മാറ്റിവക്കുന്നത്; താൻ  മഹത്വത്തിനായി മുൻകൂട്ടി തയ്യാറാക്കിയിരുന്ന കൃപാപാത്രങ്ങൾക്കു വേണ്ടിയുള്ള തന്റെ മഹത്വത്തിന്റെ സമ്പത്ത് വെളിപ്പെടുത്താൻവേണ്ടിയാണ്. യഹൂദരിൽ നിന്നു മാത്രമല്ല, വിജാതീയരിൽനിന്നു വിളിക്കപ്പെട്ട നമ്മളും ആ പാത്രങ്ങളിൽപ്പെടുന്നു.

നാം കണ്ടത് പോലെ കുശവന്റെയും കളിമണ്ണിന്റെയും സദൃശ്യത്തിലൂടെ ദൈവം പഠിപ്പിക്കുന്നത് ഒരു മാനപാത്രമായി മാറുന്നത് മണ്ണിന്റെ വിധേയത്വം അനുസരിച്ചാണ് എന്നാണ്. പൗലോസ് തിമോത്തിയോസിനു എഴുതുമ്പോൾ ഈ കാര്യം കൂടുതൽ വിശദീകരിക്കുന്നു.

2 തിമൊ.2:20 എന്നാൽ ഒരു വലിയ വീട്ടിൽ പൊന്നും വെള്ളിയും കൊണ്ടുള്ള പാത്രങ്ങൾ മാത്രമല്ല, മരവും മണ്ണുംകൊണ്ടുള്ളവയും ഉണ്ട്; **ചിലത് മാന്യകാര്യത്തിനും ചിലത് ഹീനകാര്യത്തിനും ഉപയോഗിക്കുന്നു. ഒരുവൻ ഹീനകാര്യങ്ങളിൽ നിന്ന് തന്നെത്താൻ വെടിപ്പാക്കുകയാണെങ്കിൽ, അവൻ വിശുദ്ധവും ഉടമസ്ഥന് ഉപയോഗവുമായി നല്ല വേലയ്ക്ക് ഒക്കെയും ഒരുങ്ങിയിരിക്കുന്ന മാന്യകാര്യത്തിനുള്ള പാത്രം ആയിരിക്കും**.

കുശവനായ ദൈവം, യഹൂദർ, ജാതികൾ എന്ന പിണ്ഡങ്ങളെ മെനഞ്ഞപ്പോൾ മുൻപിൽ വഴങ്ങി മാനപാത്രമായി മാറിയവരെയാണ് കൃപാപാത്രങ്ങളെന്ന് വിളിക്കുന്നത്. കാരണം ക്രോധ പാത്രങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതുപോലെ, മാനപാത്രങ്ങളോട് കൃപ കാണിക്കുന്നതും തന്റെ പരമാധികാരമാണ്.

ഇങ്ങനെ കൃപാപാത്രങ്ങൾ ആകുന്നവർക്കു വേണ്ടി മുൻകൂട്ടി തയ്യാറാക്കിയ ദൈവിക പദ്ധതിയാണ് 'തന്റെ മഹത്വത്തിന്റെ സമ്പത്ത്' അവർക്ക് വെളിപ്പെടുത്തുക എന്നുള്ളത്. ദൈവത്തിന്റെ പരമാധികാരത്തിൽ ക്രോധപാത്രങ്ങളോട് അങ്ങനെ ദീർഘക്ഷമ കാണിക്കുന്നതും, തന്റെ ശക്തി അറിയിക്കുന്നതും, 'തന്റെ മഹത്വത്തിന്റെ സമ്പത്ത്' കൃപാപാത്രങ്ങളായ വിജാതീയരും, യഹൂദർക്കും വേണ്ടിയാണെന്ന് പൗലോസ് സമർത്ഥിക്കുകയാണ്. തുടർന്ന് പഴയ നിയമ തെളിവുകൾ പൗലോസ് തടസ്സവാദക്കാരന്റെ മുമ്പിൽ നിരത്തുകയാണ്.

ചുരുക്കത്തിൽ , പൗലോസ് ഈ വാകൃങ്ങളിലൂടെ തെളിയിക്കാൻ ആഗ്രഹിക്കുന്ന വിഷയം എന്നത്; ദൈവം വ്യക്തിപരമായി ആരെയെങ്കിലും ക്രോധ പാത്രമായോ, മാനപാത്രമായോ സൃഷ്ടിക്കുന്നുണ്ടോ ഇല്ലയോ എന്നതല്ല. ദൈവം ഏകപക്ഷീയമായി ഒരിക്കലും അങ്ങനെ ചെയ്യുന്നില്ല എന്ന് താൻ വ്യക്തമായി തെളിയിച്ചു.

പൗലോസ് ഈ വാക്യങ്ങളിലൂടെ തെളിയിക്കുവാൻ ആഗ്രഹിക്കുന്നത് പ്രധാനമായി 2 കാര്യങ്ങളാണ്.

1. സ്വയം ഹൃദയം കഠിനപ്പെടുത്തുന്നവരോട് പോലും ദൈവം ദീർഘക്ഷമ കാണിച്ചു മാനസാന്തരത്തിനു അവസരം നൽകുന്നു.
2. എന്നാൽ മാനസാന്തരത്തിനുള്ള അവസരം തള്ളിക്കളഞ്ഞ് ഹൃദയം കഠിനമാക്കുന്നവരെയും അതിനനുവദിച്ചുകൊണ്ട് ദൈവം തന്റെ ആത്യന്തിക ഉദ്ദേശം നിറവേറ്റുവാൻ ഉപയോഗിക്കും.

ദൈവത്തോട് മറുതലിച്ചു ഹൃദയത്തെ കഠിനമാക്കിയ ഫറവോനെയും മിസ്രയീമ്യ ജനത്തെയും ഹൃദയം കഠിനമാക്കുവാൻ അനുവദിച്ചു, ദീർഘക്ഷമ കാണിച്ചും യിസ്രായേൽ ജനത്തിന് തന്റെ കൃപയുടെ മഹത്വം വെളിപ്പെടുത്തിയതുപോലെ, ഹൃദയം കഠിനപ്പെടുത്തിയ യിസ്രായേൽ ജനത്തിലൂടെ 'തന്റെ മഹത്വത്തിന്റെ സമ്പത്ത്' ജാതികൾക്കു വെളിപ്പെടുത്തുക എന്നത് ദൈവീക ഉദ്ദേശം ആയിരുന്നു. അടുത്ത വാക്യങ്ങളിലൂടെ അത് പൗലോസ് കൂടുതൽ വ്യക്തമാക്കുന്നു.

## അദ്ധ്യായം 6

# വിജാതീയരും, യഹൂദരും ദൈവിക രക്ഷണ്യ പദ്ധതിയിൽ

**മു**ൻ അദ്ധ്യായത്തിൽ നാം വിശദീകരിച്ചത് കുശവനായ ദൈവം, കളിമണ്ണിനെ (യഹൂദർ, ജാതികൾ) മെനയുമ്പോൾ അതിൽ വഴങ്ങുന്നവരെ കൃപാപാത്രങ്ങൾ ആക്കുന്നതിനെപറ്റിയാണ്. ഇപ്പോൾ ഉത്തരമില്ലാതായ സംവാദകന് പരമാധികാര തിരഞ്ഞെടുപ്പിൽ, വിജാതിയരും ഉൾപ്പെടുക എന്നത് ദൈവീക പദ്ധതിയാണെന്ന് മനസ്സിലായി. എന്നാൽ അത് ഉറപ്പിക്കുന്നതിന് പഴയ നിയമത്തിൽ നിന്ന് ഒരു വിശദീകരണവും ആവശ്യമില്ലാത്ത, സംവാദകന് മനസ്സിലാകുന്ന പല വേദഭാഗങ്ങൾ ഉദ്ധരിക്കുകയാണ്:

വാക്യം 25 - ഹോശയ 2:23: എന്റെ ജനമല്ലാത്തവരെ എന്റെ ജനമെന്നു ഞാൻ വിളിക്കും; ഞാൻ സ്നേഹിക്കാത്ത ജനതയെ എന്റെ പ്രേമഭാജനമെന്നും ഞാൻ വിളിക്കും.

വാക്യം 26 - ഹോശയ 1:10. "നിങ്ങൾ എന്റെ ജനമല്ല എന്നു പറഞ്ഞെങ്കിലും നിങ്ങൾ ജീവിക്കുന്ന ദൈവത്തിന്റെ മക്കൾ എന്നു പറയുന്ന സമയം വരുന്നു."

ഈ വാക്യങ്ങളിൽ വിജാതിയരെ ദൈവത്തിന്റെ ജനമെന്ന് വിളിക്കുമെന്നുള്ള പ്രവചനം രേഖപ്പെടുത്തിയിരിക്കുന്നു.

വാക്യം 27 & 28 യെശയ്യാ 10:22-23 ഇസ്രായേല്യർ കടൽപ്പുറത്തെ മണൽത്തരിപോലെ അസംഖ്യമെങ്കിലും അവരിൽ ഒരു ശേഷിപ്പു

മാത്രമേ രക്ഷിക്കപ്പെടുകയുള്ളൂ.

28. കർത്താവ് അതിവേഗത്തിലും കൃത്യതയോടും ഭൂമിയിൽ ന്യായവിധി നിർവഹിക്കും.

വാക്യം 29 – യെശയ്യാവ് 1:9 "സർവശക്തനായ കർത്താവ് നമ്മുടെ തലമുറയിൽ ചിലരെ അവശേഷിപ്പിച്ചില്ലായിരുന്നെങ്കിൽ, നാം സൊദോം നഗരത്തെപ്പോലെയും ഗൊമോറ പട്ടണത്തെപ്പോലെയും ശൂന്യമാകുമായിരുന്നു.

ഈ വാക്യങ്ങൾ യഹൂദ ജനത്തോട് ബന്ധപ്പെട്ട പ്രവചനമാണ്. യഹൂദ ജനത ദൈവിക പദ്ധതിയെ തള്ളിക്കളഞ്ഞു എങ്കിലും ദൈവം അവരിൽ ഒരു ശേഷിപ്പിനെ നിലനിർത്തിയിരുന്നു എന്നും അവരിലൂടെ ദൈവിക പദ്ധതി പൂർത്തീകരിക്കും എന്നും വിശദീകരിക്കുകയാണ്

അതായതു ഇസ്രായേൽ എന്ന കളിമണ്ണ് ദൈവത്തിന്റെ പദ്ധതി യിൽ നിന്നും വഴുതി മാറി തന്നെത്താൻ ഹൃദയം കഠിനപ്പെടുത്തി. തെറ്റിപ്പോയെങ്കിലും ദൈവം അവിടത്തെ കൃപയാൽ ഒരു ശേഷിപ്പിനെ നിലനിർത്തുകയും, ജാതികളെ ദൈവിക പദ്ധതിയിലേക്ക് കൊണ്ട് വരികയും ചെയ്തു. ഇത് പഴയ നിയമത്തിൽ നിന്നും തന്നെ പൗലോസ് തെളിയിക്കുകയാണ്. പഴയ നിയമം നന്നായി അറിയാവുന്ന യെഹൂദാ സംവാദകന് ഇത് വിശദീകരിച്ചു കൊടുക്കേണ്ട ആവശ്യമില്ല.

==========================================================

## എന്തുകൊണ്ടാണ് യിസ്രയേൽ ജനത പൂർണ്ണമായി ദൈവിക പദ്ധതിയിൽ എത്തിച്ചേരാതിരുന്നത് ?

==========================================================

ഒന്നാമത്തെ ചോദ്യത്തിനു ഉത്തരമായി ദൈവിക വീണ്ടെടുപ്പിന്റെ പദ്ധതി ലോകത്തിന് വെളിപ്പെടുത്താൻ വേണ്ടി തിരഞ്ഞെടുക്കപ്പെട്ട; യിസ്രയേൽ ജനതയെ തഴഞ്ഞു, വിഗ്രഹാരാധികളായ വിജാതിയരെ, വീണ്ടെടുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയത് തികച്ചും നീതിയാണ് എന്ന്, പഴയ നിയമ ഉദാഹരണങ്ങൾ കൊണ്ട് തന്നെ തെളിയിച്ച ശേഷം രണ്ടാമത്തെ ചോദ്യത്തിന് (യിസ്രയേൽ ജനത എന്തുകൊണ്ട് പൂർണ്ണമായി ദൈവീക പദ്ധതിയിൽ എത്തിച്ചേർന്നില്ല?) ഉചിതമായ ഉത്തരം പൗലോസ് അവത രിപ്പിക്കുകയാണ്.

ഈ പറയപ്പെട്ട നിയമവും, ഉടമ്പടികളും, ആരാധനയും, വാഗ്ദത്തവും, ദൈവം ഇസ്രായേലിനു കൊടുത്തത് അവരെ വീണ്ടെടുപ്പുകാരനായ മശിഹയിലേക്ക് നയിക്കുകയും, വിശ്വാസത്താലുള്ള നീതീകരണം പ്രാപിക്കുകയും ചെയ്യുന്നതിനായിരുന്നു. എന്നാൽ അതിനു പകരമായി, സ്വയ നീതീകരണത്തിന് ശ്രമിച്ച ജനം ദൈവീക പദ്ധതിയിൽ നിന്ന് അകന്നുപോയി എന്ന് വിശദീകരിച്ച് ഉത്തരം സമർത്ഥിക്കുകയാണ്. ഈ അദ്ധ്യായത്തിൽ താൻ പറഞ്ഞ, ഏതെങ്കിലും കാര്യത്തിൽ സംശയമുണ്ടെങ്കിൽ സംവാദകനും, വായനക്കാർക്കും തീർത്തു കൊടുക്കുകയാണ്. തുടർന്നുള്ള (റോമർ 9 :30-33) വാക്യങ്ങളിൽ.

30 അപ്പോൾ നാം എന്താണു പറയേണ്ടത്? ദൈവത്തോടുള്ള ബന്ധം ക്രമപ്പെടുത്തുവാൻ ശ്രമിക്കാതിരുന്ന വിജാതീയർ വിശ്വാസംമൂലം ദൈവത്തോടുള്ള ഉറ്റബന്ധത്തിൽ ആയിത്തീർന്നു.

31 നേരേമറിച്ച് ന്യായപ്രമാണപ്രകാരം ദൈവത്തോടുള്ള ബന്ധം ക്രമപ്പെടുത്തുവാൻ ശ്രമിച്ച ഇസ്രായേൽജനത്തിന് അതു സാധിച്ചില്ല. എന്തുകൊണ്ട്?

32 വിശ്വാസത്തെ അവലംബമാക്കാതെ തങ്ങളുടെ കർമങ്ങളെ ആശ്രയിച്ചതുകൊണ്ടുതന്നെ. തന്നിമിത്തം അവർ ഇടർച്ചയുടെ പാറയിൽ തട്ടിവീണു.

33 ഇതാ, സീയോനിൽ ഞാൻ ഒരു ശില സ്ഥാപിച്ചിരിക്കുന്നു, ജനങ്ങളെ തട്ടിവീഴ്ത്തുന്ന ഒരു തടങ്കൽ പാറതന്നെ. എന്നാൽ ദൈവത്തിൽ വിശ്വാസം അർപ്പിക്കുന്നവൻ ഒരിക്കലും ലജ്ജിക്കേണ്ടിവരികയില്ല എന്നു വേദലിഖിതത്തിൽ പറയുന്നു.

30-33 വരെയുള്ള വാക്യങ്ങൾ പഠിച്ചാൽ ലേഖനത്തിന്റെ പ്രാരംഭത്തിൽ സ്വജാതിക്കാരുടെ അവസ്ഥ ഓർത്തുള്ള പൗലോസിന്റെ ദുഃഖത്തിന്റെ കാരണം, വ്യക്തമാണ്. അവർ തങ്ങൾക്ക് ലഭിച്ച പ്രമാണത്തിലൂടെ ഒരു രക്ഷകനെ ചൂണ്ടിക്കാണിക്കുന്നത് തള്ളിക്കളഞ്ഞ്, ഒരു മനുഷ്യനും സാധിക്കാത്ത പ്രവർത്തിയാൽ പ്രമാണം പൂർത്തീകരിക്കാൻ ശ്രമിച്ച് ഇടറി വീണു.

അതായത് ദൈവം അവരെ തന്റെ പദ്ധതിക്കു വേണ്ടി അവിടത്തെ പരമാധികാരപ്രകാരം തിരഞ്ഞെടുത്തിട്ടും, ക്രിസ്തു

അവരിൽ നിന്നും പദ്ധതിയുടെ പൂർത്തീകരണത്തിനായി വന്നിട്ടും, അത്ഭുതങ്ങൾ കണ്ടിട്ടും, അവിശ്വാസത്താൽ യിസ്രയേൽ ഹൃദയം കഠിനമാക്കി. ആ ജനത ഏകദേശം മുഴുവനായി വിശ്വസിക്കാൻ തയ്യാറാകാതെ ക്രിസ്തുവിലൂടെയുള്ള നീതീകരണവും രക്ഷയും തള്ളിക്കളഞ്ഞു. വിശ്വാസത്താൽ ജീവിതം കെട്ടിഉയർത്തേണ്ട അതേ പാറയിൽ തന്നെ അവർ തട്ടി വീണു പോയി.

എന്നാൽ ദൈവം കൃപയാൽ അവരിൽ തന്നെയുള്ള ഒരു ശേഷിപ്പിനെ നിലനിർത്തുകയും അവരോടുകൂടെ വിജാതിയർ വിശ്വാസത്താൽ ദൈവീക പദ്ധതിയിൽ നീതീകരിക്കപ്പെടുകയും ചെയ്തു.ദൈവിക ഗൃഹം പണിയുവാൻ ദൈവം തിരഞ്ഞെടുത്ത ഇസ്രായേൽ ജനത ദൈവത്തിന്റെ മൂലക്കല്ലായ ക്രിസ്തു എന്ന ജീവനുള്ള പാറയെ തള്ളിക്കളഞ്ഞ്, അതിൽ തട്ടി ഇടറി. എന്നാൽ അവർ തള്ളിക്കളഞ്ഞ ക്രിസ്തു എന്ന ജീവനുള്ള കല്ലിന്മേൽ വിശ്വസിച്ചു ജാതികൾ ജീവൻ പ്രാപിച്ചു. അവർ ആത്മിക ഗൃഹമായും, രാജകീയ പുരോഹിത വർഗ്ഗമായും നിർമ്മിക്കപ്പെട്ടു..

1 പത്രോസ് 2 :4 –8 മനുഷ്യർ തിരസ്കരിച്ചതും എന്നാൽ ദൈവം തെരഞ്ഞെടുത്തതും, അമൂല്യവും ജീവനുള്ള പാറയുമായ ക്രിസ്തുവിന്റെ അടുത്തേക്കാണ് നിങ്ങൾ വന്നുചേർന്നിരിക്കുന്നത്. യേശുക്രിസ്തു മുഖേന ദൈവത്തിന് സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുന്നതിനുള്ള വിശുദ്ധപുരോഹിത ഗണമായിത്തീരണം നിങ്ങൾ. അതിനായി ജീവനുള്ള കല്ലുകളെപ്പൊലെ ഒരു ആത്മികഗൃഹമായി പണിയപ്പെടുകയാണ്.

തിരുവെഴുത്തുകൾ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു, “ഇതാ, സീയോനിൽ ഞാനൊരു കല്ല് സ്ഥാപിക്കുന്നു, തെരഞ്ഞെടുക്കപ്പെട്ടതും അമൂല്യവുമായ ഒരു മൂലക്കല്ലുതന്നെ; കർത്താവിൽ വിശ്വസിക്കുന്ന ആരും ഒരിക്കലും ലജ്ജിതരാകുകയില്ല.” വിശ്വസിക്കുന്ന നിങ്ങൾക്ക് ഈ ശില അമൂല്യമാണ്, എന്നാൽ വിശ്വസിക്കാത്തവർക്കോ, “ശിൽപ്പികൾ തിരസ്കരിച്ച ശില മൂലക്കല്ലായിത്തീർന്നിരിക്കുന്നു.” മാത്രമല്ല,‘ ‘ഇത് അവരെ കാലിടറിക്കുന്ന കല്ലും നിലംപരിചാക്കുന്ന പാറയുമാണ്.”

അതായത് ഇസ്രായേൽ പൂർണ്ണമായും ദൈവീകപദ്ധതിയിൽ എത്താത്തതിനു കാരണം അവർ തന്നെയാണ്. അവർക്കു വിശ്വാസ

ത്താൽ നീതീകരിക്കപ്പെടുവാൻ ദൈവം വച്ച മൂലക്കല്ലിനെ തള്ളി ഇട റിയതിനാലാണ്.

എന്നാൽ തുടർന്നുള്ള അദ്ധ്യായങ്ങളിൽ (10, 11) ഇസ്രായേൽ ജാതി എന്ന നിലയിൽ ക്രിസ്തുവിനെ തള്ളിയെങ്കിലും ദൈവം അവരെ തള്ളിക്കളഞ്ഞില്ല എന്നും അവരെപ്പറ്റിയുള്ള ദൈവീകപദ്ധതി എങ്ങനെ താൻ പൂർത്തീകരിക്കും എന്നും വിശദീകരിക്കുന്നു.

## അദ്ധ്യായം 7

# ഇസ്രയേലിനെകുറിച്ചുള്ള ദൈവീക പദ്ധതിയുടെ പൂർത്തീകരണം

## (റോമർ 10 , 11 അദ്ധ്യായങ്ങൾ )

**റോ**മാ ലേഖനത്തിലെ ഇസ്രയേലിന്റെയും ജാതിയുടെയും തിരഞ്ഞെടുപ്പിനെ പറ്റിയുള്ള പൗലോസിന്റെ വിശദീകരണം അടുത്ത രണ്ടു അദ്ധ്യായങ്ങളിലും തുടരുകയാണ്. അതിൽ യഹൂദ സംവാദ കന്റെ ആദ്യത്തെ "ദൈവവചനം വൃഥാവായിപ്പോയോ, ദൈവം അവരെ തള്ളിക്കളഞ്ഞുവോ?" എന്നുള്ള പ്രധാനചോദ്യത്തിനുള്ള ഉത്തരം വിശദമായി നൽകുന്നുണ്ട്.

ഈ രണ്ടു അധ്യായങ്ങളിലെയും എല്ലാ വാക്യങ്ങളും വിശദീകരിക്കേണ്ടതാണ് എങ്കിലും വിസ്താര ഭയത്താൽ അതിനു തുനിയുന്നില്ല.

ചുരുക്കത്തിൽ അത് ഇപ്രകാരമാണ്. നാം തുടക്കത്തിൽ ചിന്തിച്ചത് പോലെ 'ദൈവവചനം വൃഥാവായിപോയയോ? എന്നതായിരുന്നല്ലോ സംവാദകന്റെ പ്രധാന ചോദ്യം. അതിനു മറുപടിയായി അടുത്ത രണ്ടു അദ്ധ്യായങ്ങളിൽ കൂടി പൗലോസ് വിശദീകരിക്കുന്നത്; ഇസ്രയേലിനെപ്പറ്റിയുള്ള ദൈവിക പദ്ധതി പൂർത്തീകരിക്കപ്പെടുന്നതിൽ അവർ പരാജയപ്പെട്ടു എങ്കിലും അവരെപ്പറ്റിയുള്ള 'ദൈവവചനം വൃഥാവായിപോയിട്ടില്ല, ദൈവം ഇസ്രയേലിനെ എന്നെന്നേക്കുമായി തള്ളിക്കളഞ്ഞിട്ടും ഇല്ല'' എന്നതാണ്.

**പത്താം അദ്ധ്യായത്തിൽ** യിസ്രായേൽ കഠിനപ്പെട്ടതിന്റെ കാരണം വീണ്ടും വിശദീകരിക്കുന്നു. ദൈവം അവരെ ഏകപക്ഷീയ മായി കഠിനപ്പെടുത്തിയതല്ല, മറിച്ച് അവർ സുവിശേഷം കേട്ടിട്ടും, അതി നോട് മറുത്തുനിൽക്കുന്നതാണ് എന്ന് തെളിയിക്കുന്നു.

**റോമർ 10:3 – കാരണം, ദൈവം മനുഷ്യരെ നീതീകരിക്കുന്ന വിധം അറിയാതെ സ്വന്തം പ്രയത്നത്താൽ നീതീകരിക്കപ്പെടാൻ ശ്രമി ച്ചുകൊണ്ട് അവർ ദൈവനീതിക്കു വിധേയപ്പെടാതിരുന്നു...**

യിസ്രായേലിനുപറ്റിയ തെറ്റ് എന്നത് സ്വന്തനീതി, അഥവാ ന്യായ പ്രമാണത്തിന്റെ നീതിയെ പിന്തുടർന്നു എന്നതാണ്. ന്യായപ്രമാണം ദൈവം മനുഷ്യനെ നീതീകരിക്കുവാൻ കൊടുത്തത് ആയിരുന്നില്ല. പകരം ക്രിസ്തുവിലേക്ക് നയിക്കുവാൻ ദൈവം നൽകിയ ചൂണ്ടുപ ലക ആയിരുന്നു.

**4,5 – "വിശ്വസിക്കുന്ന ഏവനും നീതി ലഭിപ്പാൻ ക്രിസ്തു ന്യായ പ്രമാണത്തിന്റെ അവസാനം ആകുന്നു. ന്യായപ്രമാണത്താലുള്ള നീതി സംബന്ധിച്ച്: "അത് ചെയ്ത മനുഷ്യൻ അതിനാൽ ജീവിക്കും" എന്നു മോശെ എഴുതിയിരിക്കുന്നുവല്ലോ."**

ന്യായപ്രമാണത്തിന്റെ നീതി 'അത് ചെയ്യുക, അതിനാൽ ജീവി ക്കുക' എന്ന സ്വന്തപ്രവർത്തിയാലുള്ള നീതീകരണം ആയിരുന്നു. എന്നാൽ ന്യായപ്രമാണം പൂർത്തീകരിച്ചു അതിന്റെ അവസാനമായ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ ഒരുവൻ സൗജന്യമായി നീതീകരി ക്കപ്പെടുന്നു എന്നതാണ് വിശ്വാസത്താലുള്ള നീതീകരണം.

ഇത് മനസ്സിലാക്കിയതിനാലാണ് ന്യായപ്രമാണത്തിൽക്കൂടിയുള്ള നീതീകരണം, സ്വന്തനീതി ഉപേക്ഷിച്ചു ക്രിസ്തുവിൽക്കൂടിയുള്ള സൗജ ന്യമായ നീതീകരണം പൗലോസ് സ്വീകരിച്ചത് (ഫിലിപ്പിയർ 3:9).

**6–13** വരെയുള്ള വാക്യങ്ങളിൽ പൗലോസ് വിശദീകരിക്കുന്ന ത്, വിശ്വാസത്താലുള്ള നീതീകരണം എങ്ങനെ ലഭിക്കും എന്നതാണ്.

വിശ്വാസത്താലുള്ള നീതി ലഭിക്കുവാൻ, സ്വർഗ്ഗത്തിൽ കയറി പ്പോകുകയോ, പാതാളത്തിൽ ഇറങ്ങിപ്പോകുകയോ വേണ്ട. അഥവാ നമ്മുടെ ഭാഷയിൽ 'മലയിൽ കയറുകയോ, ഗുഹയിൽ തപസ്സ് ഇരി ക്കുകയോ വേണ്ട'. വിശ്വസിക്കേണ്ട വചനം സമീപമായി നമ്മുടെ ഹൃദ യത്തിലും ഏറ്റുപറയേണ്ട വചനം വായിലും ഇരിക്കുന്നു. 'വചനം

നിനക്കു സമീപമായി നിന്റെ വായിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു.'

അതിനാൽ യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റു പറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ യഹൂദനോ വിജാതീയനോ എന്ന വ്യത്യാസം ഇല്ലാതെ ഏവനും രക്ഷിക്കപ്പെടും എന്നതാണ്.

**14–18** വരെയുള്ള വാക്യങ്ങളിൽ ഈ സുവിശേഷം യഹൂദരുടെ അടുക്കൽ പ്രസംഗിക്കപ്പെട്ടു, അവർ കേട്ടു. എന്നാൽ ഹൃദയം കഠിനമാക്കിയതിനാൽ അവർക്ക് വിശ്വസിക്കുവാൻ കഴിഞ്ഞില്ല എന്ന് പൗലോസ് വിശദീകരിക്കുന്നു.

**19–21** വരെയുള്ള വാക്യങ്ങളിൽ ദൈവം തന്നോട് ഹൃദയം കഠിനമാക്കി മറുത്തു നിൽക്കുന്ന യിസ്രായേലിലേക്ക് തുടർന്നും കൈനീട്ടുന്നു എന്നും, തന്നെ അന്വേഷിക്കാതിരുന്ന ജാതികളിലേക്ക് രക്ഷ അയച്ചു എന്നും അവരിലൂടെ യഹൂദന് എരിവു വരുത്തും എന്നും പഴയനിയമ പ്രവചനത്തിലൂടെ തെളിയിക്കുന്നു.

**പതിനൊന്നാം അദ്ധ്യായത്തിന്റെ ആദ്യവാക്യങ്ങളിൽ തന്നെ** യഹൂദ സംവാദകന്റെ ആദ്യത്തെ ചോദ്യമായ "ദൈവവചനം വൃഥാവായി പോയോ, ദൈവം അവരെ തള്ളിക്കളഞ്ഞുവോ?" എന്നുള്ള പ്രധാനചോദ്യത്തിനുള്ള ഉത്തരം പൗലോസ് വിശദമായി നൽകുന്നു.

യിസ്രായേൽ ജനത ഹൃദയം കഠിനപ്പെടുത്തി എങ്കിലും ദൈവം യിസ്രായേലിൽ ഒരു ശേഷിപ്പിനെ ഇന്നും നിലനിർത്തിയിരിക്കുന്നു എന്നും മുന്നറിഞ്ഞ തന്റെ ജനതയെ പൂർണ്ണമായും തള്ളിക്കളഞ്ഞിട്ടില്ല എന്നതും, ഏലിയാവിന്റെ ചരിത്രത്തിലൂടെ വിശദീകരിക്കുന്നു.

**റോമർ 11:1** ഞാൻ ചോദിക്കട്ടെ, അപ്പോൾ ദൈവം തന്റെ ജനത്തെ ഉപേക്ഷിച്ചു എന്നാണോ? **നിശ്ചയമായും അല്ല**. അബ്രഹാമിന്റെ പിന്മുറക്കാരനായി, ബെന്യാമീൻ ഗോത്രത്തിൽ ജനിച്ച ഞാനും ഒരു യിസ്രായേല്യനാണല്ലോ. **ദൈവം മുന്നറിഞ്ഞ സ്വന്തം ജനത്തെ അവിടുന്ന് ഉപേക്ഷിച്ചിട്ടില്ല.**

**പൗലോസിന്റെ ഉത്തരം വ്യക്തവും ശക്തവുമാണ്. ദൈവം നിശ്ചയമായും യിസ്രായേലിനെ ഉപേക്ഷിച്ചിട്ടില്ല, ഒരിക്കലും ഉപേക്ഷി**

**ക്കുകയുമില്ല.**

അതിനു തെളിവായി പൗലോസ് തന്നെത്തന്നെ കാണിക്കുന്നു. താനും ഒരു യിസ്രായേല്യനാണ്. ദൈവം യിസ്രായേലിനെ ഉപേക്ഷിച്ചു എങ്കിൽ താൻ രക്ഷിക്കപ്പെടുകയില്ല.

**11:2-5** വരെയുള്ള വാക്യങ്ങളിൽ ദൈവം യിസ്രായേലിനെ തള്ളി ക്കളഞ്ഞിട്ടില്ല. തന്നെപ്പോലെയുള്ള, കൃപയാലുള്ള ഒരു ശേഷിപ്പിനെ ദൈവം യിസ്രായേലിൽ നിലനിർത്തിയിരിക്കുന്നു എന്നും അവരിലൂടെ ദൈവത്തിന്റെ നിത്യപദ്ധതി പൂർത്തീകരിക്കും എന്ന് ഏലിയാവിന്റെ ചരിത്രത്തിലൂടെ തെളിയിക്കുന്നു.

**റോമർ 11:5** അങ്ങനെ ഈ കാലത്തിലും **കൃപയാലുള്ള തിര ഞ്ഞെടുപ്പിൻ പ്രകാരം ഒരു ശേഷിപ്പുണ്ട്.**

**11:6-10** വരെയുള്ള വാക്യങ്ങളിൽ ഒരു ശേഷിപ്പ് കർത്താവിൽ വിശ്വസിച്ചു നീതീകരിക്കപ്പെട്ടു എങ്കിലും ശേഷമുള്ള യിസ്രായേൽ ഫറവോനെപ്പോലെ ഹൃദയം കഠിനപ്പെടുത്തി എന്നും, അവരെ ദൈവം കഠിനമാകുവാൻ അനുവദിച്ചു എന്നും വിശദീകരിക്കുന്നു.

**11:11-13** വരെയുള്ള വാക്യങ്ങളിൽ യിസ്രായേൽ യേശുക്രിസ്തു എന്ന ഇടർച്ചക്കല്ലിൽ തട്ടി ഇടറിയെങ്കിലും പൂർണ്ണമായും വീണുപോ യിട്ടില്ല എന്നും ദൈവം അതിലൂടെ ലോകത്തിനു ധനവും ജാതികൾക്കു രക്ഷയും ലഭിക്കുവാൻ കാരണമായി എന്നും, ദൈവം യിസ്രായേലിനെ ഒരിക്കൽ മുഴുവനായി യഥാസ്ഥാപനപ്പെടുത്തും എന്നും പഠിപ്പിക്കു ന്നു.

**11:14-24** വരെയുള്ള വാക്യങ്ങളിൽ പൗലോസ് റോമയിലെ വിജാ തീയരായ വിശ്വാസികളോടു ഒരു അതിപ്രധാനകാര്യം വിശദീകരിക്കു ന്നു. യിസ്രായേലിനെ ദൈവം തള്ളിക്കളഞ്ഞു, പകരമായി ജാതികളെ തിരഞ്ഞെടുത്തു എന്നുള്ള തെറ്റിദ്ധാരണയിൽ നിങ്ങൾ നിഗളിക്കരു ത്, ഞെളിയരുത്.

യിസ്രായേൽ സ്വാഭാവികമായി ദൈവത്തിന്റെ നാട്ടൊലിവ് ആയി രുന്നു എങ്കിലും അവരിൽ ചിലർ അവിശ്വാസത്താൽ വെട്ടിക്കളയപ്പെ ട്ടു. സ്വാഭാവികമായി കാട്ടൊലിവ് ആയിരുന്ന വിജാതീയരെ വിശ്വാസ ത്താൽ അതിൽ ഒട്ടിച്ചുചേർക്കപ്പെട്ടു.

എന്നാൽ കാട്ടൊലിവ് ആയിരുന്ന വിജാതീയവിശ്വാസികൾ

സ്വാഭാവികകൊമ്പുകളായ യിസ്രായേലിന്റെ ഇടയിലാണ് ഒട്ടിച്ചു ചേർക്കപ്പെട്ടിരിക്കുന്നത്. ദൈവം സ്വാഭാവിക കൊമ്പുകളെ തള്ളിക്കളഞ്ഞിട്ടില്ല. അവരിൽ ചിലർ അവിശ്വാസത്താൽ ഒടിഞ്ഞുപോകുകയാണുണ്ടായത്.

എന്നാൽ വിശ്വാസത്തിൽ നിൽക്കുന്ന രണ്ടുകൂട്ടരെയും ചുമക്കുന്നത് വേരായ ക്രിസ്തുവാണ്. അല്ലാതെ കൊമ്പുകൾ തനിയെ നില്ക്കുകയോ വേരിനെ ചുമക്കുകയോ അല്ല. ഇത് ദൈവത്തിന്റെ ദയയാണ് എന്ന് മനസ്സിലാക്കി താഴ്മയോടെ വിശ്വാസത്തിൽ നിലനിന്നാൽ ദൈവം ജാതീയ വിശ്വാസികളോട് ദയ തുടർന്നും കാണിക്കും. ഇല്ല എങ്കിൽ സ്വാഭാവിക കൊമ്പുകളായ യഹൂദരെ ആദരിക്കാതിരുന്ന ദൈവത്തിനു ജാതീയ വിശ്വാസികളെയും വെട്ടിക്കളയാൻ കഴിയും എന്ന മുന്നറിയിപ്പ് നൽകുന്നു.

എന്നാൽ ഒരിക്കൽ ദൈവം യിസ്രായേൽ എന്ന നാട്ടൊലിന്റെ സ്വാഭാവിക കൊമ്പുകളെ അവരുടെ സ്വന്തമായ ഒലിവുമരത്തിൽ, ക്രിസ്തുവിൽ വീണ്ടും ഒട്ടിച്ചുചേർക്കും എന്നാണ് ദൈവീക ഉടമ്പടി. ഇത് പൗലോസ് തുടർന്ന് വിശദീകരിക്കുന്നു.

**റോമർ 11:24 സ്വഭാവത്താൽ കാട്ടൊലിവായ മരത്തിൽനിന്നു നിന്നെ മുറിച്ചെടുത്തു സ്വഭാവത്തിനു വിരോധമായി നല്ല ഒലിവു മരത്തിൽ ഒട്ടിച്ചു എങ്കിൽ, സ്വാഭാവിക കൊമ്പുകളായ ഈ യഹൂദരെ അവരുടെ സ്വന്തമായ ഒലിവുമരത്തിൽ എത്ര അധികമായി തിരികെ ഒട്ടിക്കും.**

യിസ്രായേലിൽ ഒരു വലിയ വിഭാഗം മാത്രമാണ് കഠിനപ്പെട്ടിരിക്കുന്നതു എന്നും, മാത്രമല്ല, അത് താൽക്കാലികം ആണെന്നും ദൈവീകപൂർത്തീകരണമായി ജാതികൾ പൂർണ്ണമായും ചേരുന്നത് വരെ മാത്രമാണ് അതെന്നും പൗലോസ് വിശദീകരിക്കുന്നു. ജാതികളുടെ പൂർണ്ണ സംഖ്യ തികയുമ്പോൾ യിസ്രായേൽജാതി മുഴുവനായി രക്ഷിക്കപ്പെടും എന്നും, അങ്ങനെ ദൈവം അബ്രഹാമിനോട് ചെയ്ത ഉടമ്പടി നിറവേറ്റും എന്നും പൗലോസ് വിശദീകരിക്കുന്നു.

**റോമർ 11:25,26 സഹോദരന്മാരേ, നിങ്ങൾ ബുദ്ധിമാന്മാരെന്നു നിങ്ങൾക്കുതന്നേ തോന്നാതിരിപ്പാൻ ഈ രഹസ്യം അറിയാതിരിക്കരുത് എന്നു ഞാൻ ആഗ്രഹിക്കുന്നു. അതായത് യിസ്രായേലിൽ ഒരു ഭാഗം മാത്രമേ കാഠിന്യമായിരിക്കുന്നുള്ളൂ. അതും ജാതികൾ പൂർണ്ണ**

**മായി ചേരുന്നതുവരെ മാത്രം. അങ്ങനെ യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും.**

**"വിടുവിക്കുന്നവൻ സീയോനിൽനിന്നു വരും; അവൻ യാക്കോബിൽ നിന്നു അഭക്തിയെ മാറ്റും. ഞാൻ അവരുടെ പാപങ്ങളെ എടുത്തു നീക്കുമ്പോൾ ഇതു ഞാൻ അവരോട് ചെയ്യുന്ന ഉടമ്പടി" എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ.**

പൗലോസ് ഈ വിഷയം വിശദീകരിച്ചു അവസാനിപ്പിക്കുന്നത് ഈ വാക്കുകളിലാണ്.

റോമർ11:30 ഒരുകാലത്ത് ദൈവത്തോട് അനുസരണയില്ലാത്തവരായിരുന്ന നിങ്ങൾക്ക് അവരുടെ അനുസരണക്കേടു നിമിത്തം ഇപ്പോൾ കരുണ ലഭിച്ചിരിക്കുന്നു. അതുപോലെ, ദൈവം നിങ്ങളോടു കാണിച്ച അതേ കരുണ അവർക്കും ലഭിക്കേണ്ടതിന് അവരും ഇപ്പോൾ അനുസരണം കെട്ടവരായിത്തീർന്നിരിക്കുന്നു.

പൗലോസ്, ഇവിടെ വിശദീകരിക്കുന്നത്; ഫറവോൻ ദൈവത്തോട് മറുതലിച്ചു തന്റെ ഹൃദയത്തെ കഠിനപ്പെടുത്തിയത് പോലെ ഇസ്രായേൽ ദൈവത്തോട് മറുതലിച്ചു തങ്ങളുടെ ഹൃദയത്തെ കഠിനപ്പെടുത്തിയപ്പോൾ ദൈവം അവരെ അതിനു വിട്ടു കൊടുത്തു കൊണ്ട് അതിലൂടെ അനുസരണക്കേടിൽ ആയിരുന്ന ജാതികളോട് കരുണ കാണിച്ചു,

അത് പോലെ ജാതികളോട് ദൈവം കാണിച്ച അതെ കരുണ അനുസരണം കെട്ടവരായ ഇസ്രയേലിനും ഒരിക്കൽ ലഭിക്കും. അതായതു ഇസ്രയേലിന്റെ അവിശ്വാസത്താലും ഹൃദയ കാഠിന്യത്താലും ജാതികൾക്കു രക്ഷ വന്നു എങ്കിൽ, ജാതികളിലൂടെ ഒരിക്കൽ ഇസ്രയേലും വിശ്വാസത്താൽ ദൈവിക പദ്ധതിയിൽ എത്തിച്ചേരും. ഒരിക്കൽ ഇസ്രായേൽ എന്ന ജാതിയുടെ ഹൃദയ കാഠിന്യം മാറുകയും, ദൈവം അവരോടു കരുണ കാണിച്ച് അവരെ വീണ്ടും സ്വീകരിക്കുകയും ചെയ്യും. അങ്ങനെ ഒരിക്കൽ ഇസ്രായേൽ ജാതി മുഴുവനും രക്ഷിക്കപ്പെടും.

**റോമർ 11: 32 എല്ലാവരോടും കരുണ കാണിക്കുക എന്ന ലക്ഷ്യത്തോടെയാണ് ദൈവം എല്ലാവരെയും അനുസരണക്കേടിനു വിധേയരാക്കുന്നത്.**

ദൈവിക പരമാധികാരത്തിൽ, നീതിപൂർവ്വം തന്നെ എല്ലാവരോടും കരുണ കാണിക്കുക എന്ന ലക്ഷ്യത്തോടെയാണ് ദൈവം എല്ലാവരെയും അനുസരണക്കേടിനു വിധേയരാക്കുന്നത്.

ചുരുക്കത്തിൽ ദൈവം ചിലരോട് മാത്രം കരുണ കാണിച്ചു സ്വർഗത്തിൽ കൊണ്ട് പോകുവാനും, ചിലരെ ലോകസ്ഥാപനത്തിനു മുൻപേ കഠിനപ്പെടുത്തി നരകത്തിലേക്ക് അയക്കുവാനും ആഗ്രഹിക്കുന്ന ഒരു ദൈവമല്ല. അവിടന്ന് എല്ലാവരോടും കരുണ കാണിക്കുവാൻ ആഗ്രഹിക്കുന്നു.

അതിനാൽ ആണ് ദൈവം ലോകത്തെ സ്നേഹിച്ചു എല്ലാവർക്കും വേണ്ടി കർത്താവിനെ ഭൂമിയിൽ അയച്ചത്, യോഹന്നാൻ 3: 16

അതിനു വേണ്ടിയാണു കർത്താവ് എല്ലാവർക്കും വേണ്ടി, സർവലോകത്തിന്റെയും പാപങ്ങൾക്കുവേണ്ടി മരിച്ചത്, അങ്ങനെ എല്ലാവർക്കും രക്ഷ ഒരുക്കിയത്. 1 യോഹന്നാൻ 2: 2

എന്നാൽ ദൈവിക കരുണയോടു ക്രിയാത്മകമായി പ്രതികരിക്കാതെ ഹൃദയം കഠിനപ്പെടുത്തുന്നവരെ അതിനു വിട്ടു കൊടുത്തുകൊണ്ടും, ദീർഘക്ഷമ കാണിച്ചു കൊണ്ടും ആത്യന്തികമായി താൻ തന്റെ പദ്ധതി പൂർത്തീകരിക്കും

അതിനാലാണ് ദൈവം ആരും നശിച്ചുപോകാതെ എല്ലാവരും രക്ഷിക്കപ്പെടുവാൻ ആഗ്രഹിച്ചു എല്ലാവരോടും ദീഘക്ഷമ കാണിക്കുന്നത്, 2 പത്രോസ് 3:9

അതിനാൽ ആണ് എല്ലായിടത്തും ഉള്ള എല്ലാവരോടും മാനസാന്തരപ്പെടാൻ ദൈവം കൽപ്പിക്കുന്നത്. അപ്പോ. പ്രവൃത്തികൾ 17:30

ദൈവത്തിന്റെ മഹത്വമേറിയ, നീതിയുക്തമായ, പരമാധികാരത്തിലുള്ള ഈ പദ്ധതി കണ്ടിട്ട് പൗലോസ് ദൈവത്തെ മഹത്വപ്പെടുത്തി കൊണ്ട് തന്റെ വിഷയം ഉപസംഹരിക്കുന്നു.

33 –36 ഹോ, ദൈവത്തിന്റെ ജ്ഞാനം, വിവേകം എന്നിവയുടെ സമൃദ്ധി എത്ര അപരിമേയം!

അവിടത്തെ വിധികൾ എത്ര അപ്രമേയം!

അവിടത്തെ വഴികൾ എത്ര അഗോചരം!

“കർത്താവിന്റെ മനസ്സ് അറിഞ്ഞതാര്?

അവിടത്തെ ഉപദേഷ്ടാവായിരുന്നത് ആര്?”

“തിരികെ വാങ്ങുവാനായി

ദൈവത്തിന് കടംകൊടുത്തവനാര്?”

സകലവും ദൈവത്തിൽനിന്ന്, ദൈവത്തിലൂടെ, ദൈവത്തിലേക്കു തന്നെ.

അവിടത്തേക്ക് എന്നേക്കും മഹത്ത്വം ആമേൻ!

# ഉപസംഹാരം

**തു**ടക്കത്തിൽ വിവരിച്ചതുപോലെ, റോമാ സഭയിൽ യഹൂദരും വിജാതീയരുമായ വിശ്വാസികൾ തമ്മിൽ നിലനിന്നിരുന്ന ഒരു ആത്മീയപ്രശ്നത്തിന് പരിഹാരമായാണ് പൗലോസ് ഈ ലേഖനം എഴുതുന്നത്.

പരസ്പരം അംഗീകരിക്കാൻ തയ്യാറാകാത്ത യഹൂദരും, വിജാതീയരും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും ഒരേ വേരിനാൽ ചുമക്കപ്പെടുന്ന കൊമ്പുകളും ക്രിസ്തുവിൽ ഒരു ശരീരമാണ് എന്ന് അവരെ ബോധ്യപ്പെടുത്താനാണ് പൗലോസ് ഈ ലേഖനത്തിലൂടെ ശ്രമിക്കുന്നത്.

പ്രാരംഭ ഭാഗത്തു  വിവരിച്ചതു പോലെ; ആദ്യത്തെ എട്ടു അധ്യായങ്ങളിലൂടെ വിശ്വാസത്താലുള്ള വ്യക്തിപരമായ രക്ഷയെപ്പറ്റിയും, വിശ്വാസത്താലുള്ള വിജയകരമായ ക്രിസ്തീയ ജീവിതത്തെപ്പറ്റിയും പഠിപ്പിച്ച ശേഷം പൗലോസ് ഇസ്രായേലിന്റെയും, ജാതിയുടെയും തിരഞ്ഞെടുപ്പിനെപ്പറ്റി വിശദീകരിക്കുകയാണ്. ഇവിടെ യഹൂദ സംവാദകന്റെ പ്രധാന സാങ്കല്പിക ചോദ്യങ്ങൾക്ക്, അവർക്ക് മനസ്സിലാകുന്ന നിലയിൽ പഴയനിയമം ഉദ്ധരിച്ച് കൊണ്ട്, മറുപടി നൽകുകയായിരുന്നു പൗലോസ്. പ്രസ്തുത ചോദ്യങ്ങൾ ഇവയായിരുന്നു.

1. ഇസ്രയേലിനെ പറ്റിയുള്ള ദൈവിക പദ്ധതിയുടെ പൂർത്തീകരണത്തിൽ പരാജയം സംഭവിച്ചെങ്കിൽ അവരെപ്പറ്റിയുള്ള 'ദൈവവചനം വൃഥാവായിപോയോ' **ദൈവം അവരെ തള്ളിക്കളഞ്ഞുവോ?**
2. വിഗ്രഹാരാധികളായ വിജാതിയരെ, വീണ്ടടുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയത് ദൈവത്തിന്റെ പക്കലേ അനീതിയില്ലേ?
3. യിസ്രയേൽ ജനത എന്തുകൊണ്ട് പൂർണ്ണമായി ആ പദ്ധതിയുടെ ഭാഗമായിത്തീർന്നില്ല.?

വിഗ്രഹാരാധികളായിരുന്ന, യാതൊരു വിധയോഗ്യതകളുമില്ലാത്ത ജാതികളെ ദൈവം വീണ്ടെടുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയത് അനീതിയാണ് എന്നുള്ള സംവാദകന്റെ സാങ്കല്പീക ചോദ്യത്തിന് നൽകുന്ന ഉത്തരമാണ് 6 മുതൽ 24 വരെയുള്ള വാക്യങ്ങളിൽ നാം കാണുന്നത്.

ദൈവത്തിന്, ലോകത്തിന്റെ വീണ്ടെടുപ്പ് എന്നു ചരിത്രപരമായ പദ്ധതിയ്ക്ക് വേണ്ടി, ജനതകളെ തിരഞ്ഞെടുക്കുവാനും, ദീർഘക്ഷമ കാണിക്കാനും, കരുണയും, കൃപയും പ്രകടിപ്പിക്കാനുമുള്ള പരമാധികാരമുണ്ടെന്നുള്ളതാണ് പൗലോസ് വിവരിക്കുന്നത്. അതിൽ യാതൊരു അനീതിയുമില്ല എന്ന് തുടർന്ന് അദ്ദേഹം തെളിയിക്കുകയാണ്.

അതിന് വേണ്ടി തിരഞ്ഞെടുത്തവരിൽ അബ്രഹാം (വിഗ്രഹാരാധികളുടെ ഇടയിൽ നിന്ന്), സാറാ (അബ്രഹാമിന്റെ സന്തതികളുടെ മാതാവായ ഒരാൾ), യിസ്സഹാക്ക് (ജനനത്തിനു മുൻപേ വാഗ്ദത്ത സന്തതിയായി പ്രഖ്യാപിക്കപ്പെട്ടയാൾ), യാക്കോബ് (ജനനത്തിനും, നന്മതിന്മ പ്രവർത്തിക്കുന്നതിന് മുൻപേ തിരഞ്ഞെടുക്കപ്പെട്ടയാൾ) എന്നിവരിലൂടെ 'പരമാധികാര തിരഞ്ഞെടുപ്പിൽ (Sovereign Election) ദൈവത്തിന്റെ പക്കൽ അനീതി ഇല്ലെന്നു സമർത്ഥിച്ചു.

അതായത് അവരുടെ ഏതെങ്കിലും യോഗ്യതയോ, പ്രവർത്തിയോ കൂടാതെ അവരിൽ നിന്ന് ഒരു ജനതയെ ചരിത്രപരമായ പദ്ധതിയ്ക്കു വേണ്ടി തിരഞ്ഞെടുത്തു. തുടർന്ന് ദൈവം ചിലരോട് കനിവ് കാണിക്കുന്നതും, ദൈവത്തോട് മറുതലിച്ചു ഹൃദയം

കഠിനമാക്കുന്നവരെ അതിനായി വിട്ടു കൊടുത്തു കൊണ്ട് കഠിനപ്പെടുത്തുന്നതും അനീതിയല്ല എന്ന് മോശ, ഫറവോൻ തുടങ്ങിയവരുടെ ജീവിതത്തിലൂടെ തെളിയിച്ചു.

പരമാധികാരിയായ ദൈവത്തിന് തന്റെ പദ്ധതിയുടെ പൂർത്തീകരണത്തിനായി അനീതിയില്ലാതെ കരുണ, കനിവു, ദീർഘക്ഷമ, കഠിനത, കൃപ ഇവ കാണിക്കാമെന്നു (Sovereign power) ഇതിലൂടെ പൗലോസ് വിശദീകരിച്ചു.

തുടർന്ന് കുശവന്റെയും കളിമണ്ണിന്റെയും ഉപമയിലൂടെ, ദൈവം ആരുടെയും ഇച്ഛയിൽ (free will) അനീതിപരമായി ഇടപെടില്ലെന്നും, മാനത്തിനുള്ള കൃപാപാത്രങ്ങളും, അപമാനത്തിനുള്ള ക്രോധ പാത്രങ്ങളും ആയിത്തീരുന്നത് അവരുടെ ദൈവത്തോടുള്ള പ്രതികരണവും (response), അവരുടെ തിരഞ്ഞെടുപ്പും (Choice) അനുസരിച്ചാണെന്നു വ്യക്തമാക്കി.

ഈ ഉത്തരങ്ങളിലൂടെ ദൈവം പരമാധികാരിയാണെങ്കിലും അവിടത്തെ പരമാധികാരത്തിൻ പ്രകാരം ചെയ്യുന്ന എല്ലാ കാര്യങ്ങളും നീതിപൂർവ്വമാണ്, അതിൽ ഒരു അനീതിയുമില്ല അതിനാൽ അതിനെ ചോദ്യം ചെയ്യാൻ ആർക്കും കഴിയുകയുമില്ല എന്ന് എതിരാളിയെ കൊണ്ട് പോലും പൗലോസ് സമ്മതിപ്പിക്കുന്നു.

തുടർന്ന് യിസ്രയേൽ ജനത എന്തുകൊണ്ട് പൂർണ്ണമായി ദൈവിക പദ്ധതിയിൽ എത്തിച്ചേർന്നില്ല എന്നതിന് ഉത്തരം പൗലോസ് വിശദീകരിച്ചു.

തുടർന്നുള്ള രണ്ടു അധ്യായങ്ങളിലൂടെ ഇസ്രയേലിനെപ്പറ്റിയുള്ള ദൈവിക പദ്ധതി പൂർത്തീകരിക്കുന്നതിൽ അവർ പരാജയപ്പെട്ടു എങ്കിലും അവരെപ്പറ്റിയുള്ള 'ദൈവവചനം വൃഥാവായിപോയിട്ടില്ല. ദൈവം ഇസ്രയേലിനെ എന്നെന്നേക്കുമായി തള്ളിക്കളഞ്ഞിട്ടുമില്ല എന്നും വിശദീകരിക്കുന്നു.

ദൈവിക പദ്ധതി പ്രകാരം ഇസ്രയേലിന്റെ അവിശ്വാസത്താലും ഹൃദയ കാഠിന്യത്താലും ജാതികൾക്കു രക്ഷ വന്നവെങ്കിൽ, ജാതികളിലൂടെ ഒരിക്കൽ ഇസ്രയേലും വിശ്വാസത്താൽ ദൈവീക പദ്ധതിയിൽ എത്തിച്ചേരുന്നതാണ്.

അതിനാൽ ദൈവിക പദ്ധതിയെ യഥാർത്ഥമായി

മനസ്സിലാക്കുന്ന, ദൈവിക പരമാധികാരവും, ദൈവത്തിന്റെ സർവ്വശക്തിയും മനസ്സിലാക്കുന്ന എല്ലാവരും അവിടുത്തെ ജ്ഞാനം, വിവേകം എന്നിവ അപരിമേയവും, അവിടുത്തെ വിധികൾ അപ്രമേയവും, അവിടത്തെ വഴികൾ അഗോചരവും ആണ് എന്ന് സമ്മതിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യും.

# അനുബന്ധം

**റോ**മാ ലേഖനം ഒൻപതു മുതൽ പതിനൊന്നു വരെയുള്ള അധ്യായങ്ങളിൽ നാം പഠിച്ച ഒരു പ്രധാന വിഷയം; യാതൊരു യോഗ്യതയുമില്ലാതെ ദൈവിക പദ്ധതിയ്ക്ക് വേണ്ടിയുളള ദൈവത്തിന്റെ നിരുപാധികമായ പരമാധികാര തിരഞ്ഞെടുപ്പ് ആയിരുന്നു (unconditional sovereign Election). ബൈബിളിൽ ഉടനീളം ദൈവം ദൈവിക പദ്ധതിക്ക് വേണ്ടി പലരെയും ഇപ്രകാരം തിരഞ്ഞെടുക്കുന്നത് കാണാം. അതിന് ഗുണമോ, ദോഷമോ, യാതൊരു ഉപാധിയുമില്ല, ദൈവീക പരമാധികാരം മാത്രമാണ് അതിന്റെ അടിസ്ഥാനം.

എന്നാൽ പുതിയനിയമത്തിൽ നിത്യതയുമായി ബന്ധപ്പെട്ട ഒരു തിരഞ്ഞെടുപ്പിനെപറ്റി വിശദമാക്കുന്നുണ്ട്.

ഈ രണ്ടു തിരഞ്ഞെടുപ്പുകളും, അതായത് ഭൂമിയിലെ ദൈവിക പദ്ധതിയുടെ പൂർത്തീകരണത്തിനായുള്ളതും, നിത്യതയ്ക്കായുമുള്ളതും തമ്മിൽ കൂട്ടിക്കലർത്തി പഠിപ്പിക്കുന്നതാണ് പലവിധ ആശയക്കുഴപ്പത്തിനും, തെറ്റായ പഠിപ്പിക്കലിനും കാരണമാകുന്നത്.

അത് വിശദീകരിക്കുമ്പോൾ ഉയർന്ന് വരാവുന്ന ഒരു സംശയമാണ്, വചനം പറയുന്ന നിത്യതയ്ക്കുള്ള ദൈവിക തിരഞ്ഞെടുപ്പിൽ എന്തെങ്കിലും മാനദണ്ഡം (Condition) ഉണ്ടോ?

ഉണ്ടെന്ന് വചനം വളരെ വ്യക്തമായി പഠിപ്പിക്കുന്നു.

ഇത് മനസ്സിലാക്കാൻ മുന്നറിവ്, വിളി, തെരഞ്ഞെടുപ്പ്, മുൻനിയമനം ഇവയെപ്പറ്റി നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. ഈ വിഷയത്തിലെ അടിസ്ഥാനപരമായ ചില കാര്യങ്ങൾ ചുരുക്കത്തിൽ വിശദീകരിക്കേണ്ടത് ഈ പഠനത്തോടുള്ള ബന്ധത്തിൽ അത്യാവശ്യമാണെന്നു ഞങ്ങൾ കരുതുന്നു.

ദൈവശാസ്ത്രപരമായി വളരെ വിശദീകരണം ആവശ്യമുള്ള ഈ വിഷയങ്ങൾ ഒരു ചെറിയ അനുബന്ധത്തിൽ ഒതുങ്ങുന്നല്ലെങ്കിലും, വളരെ പരിമിതമായ നിലയിൽ അവ വിശദീകരിക്കുവാൻ ആണ് ഇവിടെ താല്പര്യപ്പെടുന്നത്.

=================================================================

## മുന്നറിവ്, വിളി, തിരഞ്ഞെടുപ്പ്, മുൻനിയമനം
(Foreknowledge, calling, Election and Predestination)

=================================================================

മുകളിൽ പറഞ്ഞതുപോലെ ബൈബിളിലെയും, ക്രിസ്തീയ ലോകത്തെയും ഏറ്റവും കൂടുതൽ വിവാദപരവും, ഏറ്റവും കൂടുതൽ ആശയക്കുഴപ്പങ്ങൾ സൃഷ്ടിച്ചിട്ടുള്ളതുമായ പദ പ്രയോഗങ്ങൾ ആണ് ഇവ.

ഈ ദൈവിക പദ്ധതിയ്ക്ക് വേണ്ടിയുള്ള നിരുപാധിക തിരഞ്ഞെടുപ്പും, നിത്യതയക്കുള്ള തെരഞ്ഞെടുപ്പും, കൂട്ടിക്കുഴക്കുന്നവർ എത്തിച്ചേരുന്ന ചില ദൈവശാസ്ത്ര സിദ്ധാന്തങ്ങൾ എന്തൊക്കെയാണെന്ന് ഈ 'ദുരുപദേശങ്ങളുടെ കാലഘട്ടത്തിൽ' അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

**ദൈവം ലോകസ്ഥാപനത്തിനു മുൻപുതന്നെ ചിലരെ പരമാധികാരത്തിൽ നിരുപാധികമായി സ്വർഗ്ഗത്തിന് വേണ്ടിയും, ചിലരെ നിത്യ നാശത്തിനു വേണ്ടിയും സൃഷ്ടിക്കുകയും തിരഞ്ഞെടുക്കുകയും മുൻനിയമിക്കുകയും ചെയ്തിരിക്കുന്നു. സ്വർഗ്ഗത്തിന് വേണ്ടി മുൻനിയമിച്ചവർക്കു വേണ്ടി മാത്രമാണ് യേശുക്രിസ്തു മരിച്ചത്, അവർക്കു ദൈവം വിശ്വാസം കൊടുക്കുകയും, അവരുടെ വിശ്വാസം സംരക്ഷിച്ചു അവരെ സ്വർഗ്ഗത്തിലേക്കു കൊണ്ട് പോകുകയും ചെയ്യുന്നു.**

**നിത്യ നാശത്തിനു വേണ്ടി സൃഷ്ടിക്കപ്പെട്ടവരുടെ ഹൃദയം ദൈവം കഠിനപ്പെടുത്തുന്നു, തുടർന്ന് വിശ്വസിക്കാത്തതിന്റെ പേരിൽ അവരെ ലോകസ്ഥാപനത്തിനു മുൻപ് മുൻനിയമിച്ചതു പോലെ നരകത്തിലേക്ക് അയക്കുന്നു.**

ഇങ്ങനെയാണ് ഈ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ട ചില സിദ്ധാന്തങ്ങൾ പഠിപ്പിക്കുന്നത്

മുന്നറിവ്, വിളി, തിരഞ്ഞെടുപ്പ്, മുൻനിയമനം എന്നീ പ്രയോഗ ങ്ങളുടെ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയുള്ള സിദ്ധാന്തങ്ങൾ നിലനിൽക്കുന്നത്. അതിനാൽ ഈ പരിമിതമായ നിലയിൽ ഈ പദങ്ങളുടെ അർത്ഥവും, വ്യാഖ്യാനവും ദൈവവചന അടിസ്ഥാനത്തിൽ വിശകലനം ചെയ്യാൻ താല്പര്യപ്പെടുന്നു.

ഒരു ഉദാഹരണത്തിൽ കൂടി ഈ വാക്കുകളുടെ അർത്ഥം വിശദമാക്കാം, തുടർന്ന് നമുക്ക് ദൈവവചനത്തിൽ നിന്ന് തന്നെ ഈ വിഷയം മനസിലാക്കാം.

നമുക്കറിയാവുന്നതു പോലെ ഒരു ഉദാഹരണം വഴി ദൈവിക സത്യങ്ങളെ വിശദീകരിക്കുന്നതിനു പരിമിതിയുണ്ട് എങ്കിലും കർത്താവ് ഉപമകളിലൂടെ ദൈവിക സത്യങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ടല്ലോ.

കേരളത്തിലെ വിദ്യാഭ്യാസ മന്ത്രി എല്ലാ കുട്ടികൾക്കുമായി ഒരു പ്രഖ്യാപനം (Calling) നടത്തുന്നു എന്ന് ചിന്തിക്കുക. അദ്ദേഹം പുതിയ കോളേജും ഒരു പുതിയ കോഴ്സും തുടങ്ങാൻ പോകുന്നു ആർക്കും അതിൽ സൗജന്യമായി പ്രവേശനം (Free Entrance as Gift) ലഭിക്കും. എന്നാൽ ആ സൗജന്യ ദാനം സ്വീകരിച്ചു ആ കോഴ്സിൽ ചേരുന്നവർക്കു (Condition - Receiving the offered free gift) അദ്ദേഹം തുടർ പഠനത്തിന് പ്രത്യേക സ്കോളർഷിപ്പ് കൊടുക്കുവാൻ തിരഞ്ഞെടുക്കുകയും (Election) അവരെ താൻ പുതുതായി തുടങ്ങാൻ പോകുന്ന സ്ഥാപനത്തിന്റെ മാനേജരായി മുൻനിയമിക്കുകയും (Predestine) ചെയ്യുന്നു.

(ശ്രദ്ധിക്കുക ഇദ്ദേഹം ഇത് പ്രഖ്യാപിക്കുമ്പോൾ കോളേജ്, കോഴ്സ്, സ്ഥാപനം എന്നിവ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. കോളജിനു അടിസ്ഥാനം പോലും ഇടുന്നതിനു മുൻപാണ് ഈ പ്രഖ്യാപനം /

The announcement is made before the Foundation of a College)

ഇനി ഒരുവൻ ആ സ്ഥാപനത്തിന്റെ മാനേജരായി എങ്കിൽ, വിദ്യാഭ്യാസ മന്ത്രിക്കു പറയുവാൻ കഴിയും, നിങ്ങൾ, വർഷങ്ങൾക്ക് മുമ്പേയുള്ള എന്റെ തീരുമാനത്തിൽ, (calling, Election, Predestination) ആണ് നിങ്ങൾ ഇപ്പോൾ മാനേജർ ആയിരിക്കുന്നതെന്ന്. മാനേജരായ ആ വ്യക്തി പറയും, ഞാൻ സ്കുളിൽ പഠിച്ചു കൊണ്ടിരിക്കുമ്പോൾ, സൗജന്യദാനം സ്വീകരിച്ചതുകൊണ്ടാണ്, മന്ത്രിയുടെ മുൻനിയമന പ്രകാരം (Predestine) ആ പോസ്റ്റിൽ ഞാൻ മാനേജർ ആയി നിയമിതനായെന്ന്.

ഈ ഉദാഹരണം ദൈവിക വിളിയെയും തിരഞ്ഞെടുപ്പിനെയും മുൻനിയമനത്തിനെയും മനസ്സിലാക്കാൻ ഒരു പരിധിവരെ സഹായിക്കുമെങ്കിലും, മനുഷ്യന് ദൈവത്തെ പോലെ മുൻഅറിവില്ലാത്തതിനാൽ പരിമിതമായ ഉദാഹരണം ആണ്.

ഇനി നമുക്ക് ദൈവവചനത്തിലെ വിളിയെയും തിരഞ്ഞെടുപ്പിനെയും മുൻനിയമനത്തിനെയും പറ്റി ചിന്തിക്കാം.

ദൈവം ലോക സ്ഥാപനത്തിന് മുമ്പേ ഒരുകാര്യം പ്രഖ്യാപിക്കുകയാണ്. അത് ഇപ്രകാരം ആണ്. തന്റെ പുത്രനായ യേശു ക്രിസ്തു സർവ്വലോകത്തിന്റെയും പാപപരിഹാരമായി അറുക്കപ്പെട്ടു. മാനസാന്തരപ്പെട്ടു, അവനിൽ വിശ്വസിക്കുക, (Calling). വിശ്വസിക്കുന്നവർക്കു (Condition) നിത്യജീവൻ സൗജന്യമായി (Gift) ലഭിക്കുകയും, നീതികരിക്കപ്പെടുകയും ചെയ്യും. അവരെ ദൈവം തെരഞ്ഞെടുത്ത് (Election) തന്റെ പുത്രന്റെ സ്വരൂപത്തോടു അനുരൂപർ ആകുവാൻ മുൻനിയമിക്കുകയും (Predestine) ചെയ്തിരിക്കുന്നു

മുൻ പറഞ്ഞ മാനുഷിക ഉദാഹരണത്തിൽ നിന്ന് വ്യത്യസ്ഥമായി, ദൈവം കാലാതീതനും സമയാതീതനും ആണ്. ആരംഭത്തിൽ തന്നെ അവസാനം അറിയുന്നവനും, ആദിയും അന്തവും ആണ്. ദൈവത്തിന് ലോക സ്ഥാപനത്തിന് മുൻപേ ചെയ്തു കഴിഞ്ഞു എന്നു പറയാൻ കഴിയും. മാത്രമല്ല, ആരൊക്കെ ദൈവിക പദ്ധതിയാൽ എത്തിച്ചേരുമെന്നും മുന്നമേ അറിയാൻ സാധിക്കും.

എന്നാൽ ഇവിടെ വിശദമാക്കാൻ ആഗ്രഹിക്കുന്ന വിഷയം;

നിത്യതയുമായി ബന്ധപ്പെട്ട ഈ തിരഞ്ഞെടുപ്പ് ; നിരുപാധികം (unconditional) അല്ല എന്നതാണ്. മുകളിൽ വിവരിച്ച ഉദാഹരണം പോലെ മാനേജറാകുന്നത് സൗജന്യമായാണെങ്കിലും, നിരുപാധികമല്ല, കാരണം, ആ കോഴ്സിൽ ചേരുന്നവർക്കു മാത്രമേ പദ്ധതിയിൽ ഭാഗഭാക്കാകാൻ പറ്റുകയുള്ളു. ജീവജലം സൗജന്യമാണ്. എങ്കിലും ദാഹിക്കുന്നവർക്കും, ഇച്ഛിക്കുന്നവർക്കും മാത്രമാണ് അത് ലഭിക്കുന്നത്.

**ദാഹിക്കുന്നവൻ** വരട്ടെ, **ഇച്ഛിക്കുന്നവൻ** ജീവജലം **സൗജന്യമായി** വാങ്ങട്ടെ. വെളിപ്പാട് 22:17.

ദൈവം ഒരു ലോട്ടറി എടുക്കുന്നത് പോലെ; ഒരു കൂട്ടം ചീട്ടിൽ നിന്നും ഒന്ന് എടുക്കുന്നതു പോലെ; അവിടത്തെ പരമാധികാരത്തിൽ ഒരുകൂട്ടം ജനത്തിൽ നിന്നും കുറെ പേരേ നിത്യതയിലേക്കും ബാക്കിയുള്ളവരെ നരകത്തിലേക്കും നിരുപാധികമായി തിരഞ്ഞെടുക്കുകയല്ല. മറിച്ച് പിതാവായ ദൈവത്തിന്റെ തിരഞ്ഞെടുപ്പ് തന്റെ മുന്നറിവിന്റെയും തന്റെ പുത്രനായ ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെയും അടിസ്ഥാനത്തിലാണ് നടത്തപ്പെടുക.

ശ്രദ്ധിക്കുക, മനുഷ്യന്റെ യോഗ്യതയോ പ്രവർത്തിയോ നോക്കിയല്ല പ്രത്യുത ദൈവിക മുന്നറിവിനേയും ദൈവീക വിളിയോട് പ്രതികരിക്കുന്ന മനുഷ്യന്റെ വിശ്വാസത്തേയും അടിസ്ഥാനപ്പെടുത്തി മാത്രമാണ് ഈ ദൈവിക തിരഞ്ഞെടുപ്പ്.

സ്വാഭാവികമായും നിങ്ങളുടെ മനസ്സിൽ ഇപ്രകാരം ഒരു ചോദ്യം ഉയർന്നുവരാം; ദൈവിക വിളിയും തിരഞ്ഞെടുപ്പും ഇങ്ങനെയാണ് എന്ന് ബൈബിൾ പഠിപ്പിക്കുന്നുണ്ടോ? അതിന്റെ ഉത്തരം ഉണ്ട് എന്നു തന്നെയാണ്.

അടുത്തതായി നമുക്ക് ദൈവിക വിളിയും തിരഞ്ഞെടുപ്പും ഇത്തരത്തിലാണോ എന്ന് ദൈവ വചനത്തിൽ നിന്നും, കർത്താവിന്റെ വാക്കുകളിൽ നിന്നും തന്നെ തുടർന്ന് പരിശോധിക്കാം.

ദൈവിക വിളിയും തെരഞ്ഞെടുപ്പിനെയും പറ്റി ആദ്യമായും ഏറ്റവും വ്യക്തമായും പുതിയനിയമത്തിൽ പറയുന്നത് യേശുക്രിസ്തുവാണ്. അതിനാൽ ആ കർത്താവിന്റെ വാക്കുകൾ ഇക്കാര്യത്തിൽ വളരെ പ്രസക്തമാണ്.

കർത്താവ് ഇത് തെളിയിച്ചത് മാനുഷികമായ ഒരു ഉപമയിൽ കൂടിയാണ്. അതിൽ കൂടിയാണ് നാം യഥാർത്ഥത്തിൽ ഈ വിഷയം മനസ്സിലാക്കേണ്ടത്. അത് നമുക്ക് തുടർന്ന് ചിന്തിക്കാം.

================================================================

## വിവാഹ വിരുന്നിന്റെ ഉപമ (മത്തായി 22:1-14)

================================================================

1 യേശു പിന്നെയും ഉപമകളിലൂടെ അവരോട് പ്രസ്താവിച്ച തെന്തെന്നാൽ :

2 സ്വർഗ്ഗരാജ്യം തന്റെ പുത്രന് വേണ്ടി കല്യാണസദ്യ ഒരുക്കിയ ഒരു രാജാവിനോടു സദൃശം.

3 അവൻ കല്യാണത്തിനു ക്ഷണിച്ചവരെ വിളിക്കേണ്ടതിന് ദാസന്മാരെ പറഞ്ഞയച്ചു; അവർക്കോ വരുവാൻ മനസ്സായില്ല.

4 പിന്നെയും അവൻ മറ്റു ദാസന്മാരെ അയച്ചു: എന്റെ വിരുന്ന് ഒരുക്കിത്തീർന്നു, എന്റെ കാളകളെയും, തടിപ്പിച്ച മൃഗങ്ങളെയും അറുത്തു, എല്ലാം ഒരുങ്ങിയിരിക്കുന്നു; കല്യാണവിരുന്നിന് വരുവിൻ എന്നു ക്ഷണിച്ചവരോട് പറയിച്ചു.

5 എന്നാൽ അവർ അവന്റെ ക്ഷണം ഗൗരവമായി കൂട്ടാക്കിയില്ല ചിലർ തങ്ങളുടെ നിലങ്ങളിലേക്കും മറ്റുചിലർ തങ്ങളുടെ വ്യാപാരസ്ഥലങ്ങളിലേയ്ക്കും പൊയ്ക്കളഞ്ഞു.

6 ശേഷമുള്ളവർ അവന്റെ ദാസന്മാരെ പിടിച്ച് അപമാനിച്ചു കൊന്നുകളഞ്ഞു.

7 രാജാവ് കോപിച്ചു സൈന്യങ്ങളെ അയച്ച് ആ കുലപാതകന്മാരെ മുടിച്ചു അവരുടെ പട്ടണം ചുട്ടുകളഞ്ഞു.

8 പിന്നെ അവൻ ദാസന്മാരോട്: കല്യാണം ഒരുങ്ങിയിരിക്കുന്നു; ക്ഷണിക്കപ്പെട്ടവരോ യോഗ്യരായില്ല.

9 ആകയാൽ പെരുവഴികൾ ചേരുന്ന ഇടങ്ങളിൽ ചെന്ന് കാണുന്നവരെ ഒക്കെയും കല്യാണത്തിന് വിളിപ്പിൻ എന്നു പറഞ്ഞു.

10 ആ ദാസന്മാർ പെരുവഴികളിൽ പോയി, കണ്ട ദുഷ്ടന്മാരെയും നല്ലവരെയും എല്ലാം കൂട്ടിക്കൊണ്ടുവന്നു; കല്യാണശാല

വിരുന്നുകാരെക്കൊണ്ടു നിറഞ്ഞു.

11 വിരുന്നുകാരെ നോക്കാൻ രാജാവ് അകത്തുവന്നപ്പോൾ കല്യാണവസ്ത്രം ധരിക്കാത്ത ഒരു മനുഷ്യനെ അവിടെ കണ്ട്:

12 സ്നേഹിതാ, നീ കല്യാണവസ്ത്രം ഇല്ലാതെ ഇവിടെ അകത്തുവന്നത് എങ്ങനെ എന്നു ചോദിച്ചു. എന്നാൽ അവന് ഉത്തരം മുട്ടിപ്പോയി.

13 രാജാവ് തന്റെ ദാസന്മാരോട്: ഇവനെ കയ്യും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്നു പറഞ്ഞു.

14 **വിളിക്കപ്പെട്ടവർ അനേകർ; തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം**

**പുതിയ നിയമത്തിൽ ആദ്യമായി വിളിയെയും, തിരഞ്ഞെടുപ്പിനെയും പറ്റി പരാമർശിക്കുന്ന ഈ ഭാഗത്താണ്.**

ഈ ഉപമയുടെ പശ്ചാത്തലം യഹൂദയിലേക്ക് കർത്താവ് വരുന്നതും അവർ കർത്താവിന്റെ വിളി നിരസിക്കുന്നതും കർത്താവ് തുടർന്ന് ജാതികളെ വിളിക്കുന്നതുമാണ്.

എന്നാൽ അത് വിശദീകരിക്കുമ്പോൾ നിത്യതയിലേക്കുള്ള തെരഞ്ഞെടുപ്പിനേയും നിത്യനാശത്തിലേക്കുള്ള തള്ളിക്കളയലിനെയുംപറ്റി കർത്താവ് വിശദീകരിക്കുന്നു.

ഇനി നമുക്ക് ഉപമയുടെ വിശദീകരണത്തിലേക്ക് പോകാം. ഇവിടെ മാനസാന്തരപ്പെട്ട് കർത്താവിൽ വിശ്വസിക്കുവാൻ ഉള്ള വിളി അഥവാ കല്യാണ സദ്യക്കുള്ള വിളി ആദ്യം ഉണ്ടാകുന്നത് യഹൂദർ (ക്ഷണിക്കപ്പെട്ടവർ) ക്കാണ്. അവരത് നിരസിക്കുമ്പോൾ ആ ക്ഷണം ജാതികളിലേക്കും (പെരുവഴികളിൽ ഉണ്ടായിരുന്ന ദുഷ്ടന്മാരും നല്ലവരും) തിരിക്കുന്നു.

അതായത് മാനസാന്തരപ്പെട്ട് കർത്താവിൽ വിശ്വസിക്കുവാൻ ഉള്ള വിളി എല്ലാവരോടും ആണ്. എല്ലായിടത്തും ഉള്ള എല്ലാവരും മാനസാന്തരപ്പെടണമെന്ന് ദൈവം കൽപ്പിക്കുന്നു

അ: പ്രവർത്തികൾ 17: 30 എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം അവഗണിച്ചിട്ട് ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് മനുഷ്യരോടു കല്പിക്കുന്നു

അതിനു കാരണം യേശുക്രിസ്തു എല്ലാവർക്കും വേണ്ടി പാപ പരിഹാരയാഗമായി മരിച്ചു എന്നുള്ളതാണ്.

എന്നാൽ കല്യാണ സദ്യയിലേക്കു കടക്കുവാൻ ഒരു വ്യവസ്ഥ (condition) ഉണ്ട്. തങ്ങളുടെ വസ്ത്രം; അതു നല്ലതോ ചീത്തയോ എന്നത് വിഷയമല്ല, അത് ഉപേക്ഷിച്ച്, രാജാവ് കൊടുക്കുന്ന സൗജന്യമായ കല്യാണവസ്ത്രം ധരിക്കണം. അതുമായി മാത്രമേ കല്യാണ സദ്യാലയത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയുള്ളു

എന്നാൽ അവിടെ ഒരുവൻ കല്യാണവസ്ത്രം സ്വീകരിക്കുവാനും ധരിക്കുവാനും തയ്യാറായില്ല എന്ന് നാം കാണുന്നതാണ്. എന്താണതിന് കാരണം?

അതിനു കാരണം രാജാവ് അവനുള്ള കല്യാണ വസ്ത്രം ഒരുക്കാത്തതല്ല. അങ്ങനെയാണ് എങ്കിൽ, നീ കല്യാണവസ്ത്രം ഇല്ലാതെ ഇവിടെ അകത്തുവന്നത് എങ്ങനെ എന്ന ചോദ്യത്തിന് തന്നെ പ്രസക്തി ഇല്ലാതാകും. അവനു ഉത്തരം മുട്ടുകയും ഇല്ല

സ്വാഭാവികമായും തന്റെ വസ്ത്രം അത്ര മോശമല്ല അതുകൊണ്ടുതന്നെ രാജാവിന്റെ പുത്രന്റെ കല്യാണസദ്യക്ക് പങ്കെടുക്കുവാൻ യോഗ്യമായ വസ്ത്രം ആണ് തന്റേതു എന്ന് ആ വ്യക്തി കരുതിയിരിക്കാം. രാജാവ് വിളിച്ച; പെരുവഴികളിൽ ഉണ്ടായിരുന്ന ഒരു 'നല്ലവൻ' ആയിരിക്കാം അത്. അതിനാൽ തന്റെ ' നല്ല വസ്ത്രം' ഉപേക്ഷിക്കാനും രാജാവ് വാഗ്ദാനം ചെയ്ത സവിശേഷ കല്യാണ വസ്ത്രം ധരിക്കാനും ആ വ്യക്തി തയ്യാർ ആയില്ല എന്നുകാണാം .

എന്നാൽ നമ്മുടെ എല്ലാത്തരത്തിലുമുള്ള നല്ല വസ്ത്രവും കറപുരണ്ട തുണിപോലെയാണ് എന്നും അതുമായി ദൈവസന്നിധിയിൽ പ്രവേശിക്കാൻ കഴിയുകയില്ലെന്നും ദൈവവചനം പഠിപ്പിക്കുന്നു.

അതുകൊണ്ടുതന്നെ പലപ്പോഴും പാപികൾ മാനസാന്തരപ്പെട്ടു തങ്ങളുടെ വസ്ത്രം ഉപേക്ഷിച്ച് കർത്താവിന്റെ നീതിവസ്ത്രം സ്വീകരിക്കുമ്പോൾ. 'നല്ലവർ' എന്നു സ്വയം കരുതുന്നവർ പലരും തങ്ങളുടെ 'നല്ല' വസ്ത്രം ഉപേക്ഷിക്കാൻ തയ്യാറാകുന്നില്ല. അതിനാൽ കർത്താവിന്റെ നീതിയുടെ വസ്ത്രം സ്വീകരിക്കാൻ കഴിയാതെ വരി

കയും ചെയ്യുന്നു

പലപ്പോഴും നാം നമ്മുടെ പാപവഴികളിൽ നിന്നും മാനസാന്തര പ്പെടാൻ തയ്യാറാണ്. എന്നാൽ നമുക്കുതന്നെ നല്ലതായി തോന്നുന്ന 'നല്ല വഴികളിൽ'നിന്നും മാനസാന്തരപ്പെടാൻ തയ്യാറല്ല. അതിനാൽ പല 'നീതിമാന്മാർക്കും' ദൈവീക നീതിവസ്ത്രം ധരിക്കുവാനും ദൈവ രാജ്യത്തിലേക്കു പ്രവേശിക്കുവാനും കഴിയുന്നില്ല.

അതിനാലാണ് കർത്താവു ഞാൻ നീതിമാന്മാരെ അല്ല, പാപികളെ ആണ് മാനസാന്തരത്തിനു വിളിക്കുവാൻ വന്നത് എന്ന് പറഞ്ഞത്

മത്തായി 9: 12 യേശു അതു കേട്ടപ്പോൾ: "ദീനക്കാർക്കല്ലാതെ സൌഖ്യമുള്ളവർക്കു വൈദ്യനെക്കൊണ്ടു ആവശ്യമില്ല. ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ വിളിപ്പാൻ വന്നതു" എന്നു പറഞ്ഞു

ഈ ഉപമ വിളി, തിരഞ്ഞെടുപ്പ്, മുൻ നിയമനം എന്നിവയുമാ യി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നു നോക്കാം. പുത്രന്റെ കല്യാണസദ്യക്കുള്ള രാജാവിന്റെ വിളി (Calling) അനേകർക്ക് ഉള്ളതായിരുന്നവെങ്കിലും; തിരഞ്ഞെടുക്കപ്പെടുന്നത് (Election) ചുരുക്കം പേരാണ്. ആരാണ് ഇവിടെ തിരഞ്ഞെടുക്കപ്പെട്ട ചുരുക്കം (Elected few) ആളുകൾ?

രാജാവ് തിരഞ്ഞെടുക്കുന്ന, അഥവാ തിരഞ്ഞെടുക്കപ്പെട്ട ചുരുക്കം പേർ തങ്ങളുടെ സ്വാഭാവിക വസ്ത്രം ഉപേക്ഷിച്ച് രാജാവ് കൊടുത്ത കല്യാണവസ്ത്രം ഹൃദയപൂർവ്വം സ്വീകരിച്ചവരാണ്. അവരെയാണ് രാജാവ് പുത്രന്റെ കല്യാണത്തിന്റെ സന്തോഷത്തിലേക്കു മുൻനിയമിച്ചതു.

ശ്രദ്ധിക്കുക; ആദ്യ ഉദാഹരണത്തിൽ നാം ചിന്തിച്ചത് പോലെ ഇവിടെയും തിരഞ്ഞെടുപ്പ് നിരുപാധികം (unconditional) അല്ല മറിച്ച് തങ്ങളുടെ വസ്ത്രം ഉപേക്ഷിച്ചു, പുത്രന്റെ കല്യാണ വസ്ത്രം സ്വീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആണ് തിരഞ്ഞെടുപ്പ് നടന്നത്.

ദൈവം ലോക സ്ഥാപനത്തിന് മുൻപേ ചിലരെ സ്വർഗ്ഗത്തിലേക്ക് നിരുപാധികം (unconditional) തെരഞ്ഞെടുക്കുകയും ചിലരെ നിത്യ നരകത്തിലേക്ക് നിരുപാധികം (unconditional) തെരഞ്ഞെടുക്കുകയും

ചെയ്യുന്നു എന്ന് ബൈബിൽ ഒരിടത്തും പറയുന്നില്ല.

സർവ്വ ലോകത്തിനും വേണ്ടി മറുവിലയായ ക്രിസ്തുവിന്റെ ക്രൂശു മരണത്തിലൂടെ ലോകത്തിലെ എല്ലാവർക്കും വേണ്ടി (നല്ലവർക്കും ദുഷ്ടന്മാർക്കും വേണ്ടി) കല്യാണ സദ്യ ഒരുക്കി. എല്ലാവരെയും ദൈവം പുത്രന്റെ കല്യാണ സദ്യയിലേക്കു സൗജന്യമായി ക്ഷണിക്കുന്നു.

ദൈവിക വിളിയോട് പ്രതികരിച്ച് മാനസാന്തരപ്പെട്ട് വിശ്വസിക്കുന്നവരെ, അഥവാ തങ്ങളുടെ പ്രാകൃത വസ്ത്രം ഉപേക്ഷിച്ചു കർത്താവിന്റെ നീതിയുടെ വസ്ത്രം സ്വീകരിക്കുന്നവരെ ആണ് ദൈവം തെരഞ്ഞെടുക്കുന്നത്. അങ്ങനെ തിരഞ്ഞെടുക്കപ്പെട്ടവരെ ദൈവം തന്റെ പുത്രന്റെ കല്യാണസദ്യയുടെ സന്തോഷത്തിലേക്ക് കടക്കുവാൻ മുൻ നിയമിക്കുകയാണ് ചെയ്തത്.

1യോഹന്നാൻ 2: 2, സർവ്വലോകത്തിന്റെ പാപത്തിനു വേണ്ടി പ്രായശ്ചിത്തമായി, ഈ സദ്യയിലേക്ക് സകലജനത്തേയും, ദൈവത്തിന്റെ സ്ഥാനാപതികളായി (2 കൊരി 5:20) ക്ഷണിക്കുന്നതാണ് ലോകത്തോടുള്ള സുവിശേഷം.

ഈ ക്ഷണം സ്വീകരിക്കുവാനും നിരസ്സിക്കുവാനും കഴിവുള്ളവനാണ് മനുഷ്യൻ, ചിലർ വ്യാഖ്യാനിക്കുന്നതു പോലെ അവരെ ഒരു യന്ത്രമനുഷ്യനായിട്ടല്ല ദൈവം സൃഷ്ടിച്ചിരിക്കുന്നത്. ക്ഷണം സ്വീകരിക്കുന്നവരുടെ പാപങ്ങൾ നീക്കപ്പെടുന്നു, അവൻ നീതീകരിക്കപ്പെടുന്നു, അഥവാ അവന്റെ പ്രാകൃതമായ പഴയ വസ്ത്രം നീക്കപ്പെടുന്നു, പുത്രന്റെ വിശേഷതയുള്ള കല്യാണ വസ്ത്രം അവനെ ധരിപ്പിക്കുന്നു.

എന്നാൽ കാല, സമയ പരിമിതികളിൽ ഒതുങ്ങാത്തവനായ, കാലാതീതനും, നിത്യനുമായ ദൈവത്തിനു തന്റെ മുന്നറിവിൽ ലോക സ്ഥാപനത്തിന് മുൻപു തന്നെ ആരാണ് തന്റെ പുത്രന്റെ നീതി വസ്ത്രം സ്വീകരിക്കാൻ തയ്യാറാകുന്നതെന്ന് അറിയാൻ കഴിയുന്നതാണ്.

അതിനാലാണ് ദൈവം നമ്മെ തന്റെ മുന്നറിവിൽ തിരഞ്ഞെടുത്തുവെന്നും, ലോകസ്ഥാപനത്തിനു മുൻപേ ക്രിസ്തുവിൽ തിരഞ്ഞെടുത്തുവെന്നും, പുത്രന്റെ സ്വരൂപത്തോട്

അനുരൂപമാകുവാൻ മുന്നിയമിച്ചു എന്നും പറയുന്നത്. (1 പത്രോസ് 1 :2, എഫെസ്യർ 1:4, റോമർ 8:29)

ചുരുക്കത്തിൽ, കല്യാണശാലയിൽ പ്രവേശിച്ച വ്യക്തിക്ക് ഇപ്രകാരം പറയാൻ കഴിയും 'ഒരു യോഗ്യതയും ഇല്ലാത്ത എന്നെ ദൈവം ലോകസ്ഥാപനത്തിനു മുൻപേ അറിഞ്ഞു, വിളിച്ചു, കല്യാണവസ്ത്രം സൗജന്യമായി തന്നു എന്നെ തിരഞ്ഞെടുത്തു ഈ സന്തോഷത്തിലേക്ക് മുൻനിയമിക്കുകയും ചെയ്തിരിക്കുന്നു, കൃപയാൽ കല്യാണസദ്യക്ക് അർഹനായിരിക്കുന്നു.

രാജാവ് ഇപ്രകാരം പറയും, 'ഞാൻ നിന്നെ ലോകസ്ഥാപനത്തിന് മുമ്പ് അറിഞ്ഞു, വിളിച്ചു ഈ കല്യാണസദ്യയിലേക്ക് തിരഞ്ഞെടുക്കുകയും ഈ സന്തോഷത്തിലേക്ക് മുൻനിയമിക്കുകയും ചെയ്തിരിക്കുന്നു' എന്നും. ഈ രണ്ടു പ്രസ്താവനകളും പൂർണ്ണമായും ശരിയാണ്.

അതുപോലെ, കരച്ചിലും, പല്ലുകടിയുമുള്ള സ്ഥലത്ത് എത്തിയ വ്യക്തി പറയും, എനിക്കു സൗജന്യമായി തന്ന കല്യാണ വസ്ത്രം തള്ളിക്കളഞ്ഞതിനാലാണ് ഇവിടെ എത്തിയത്. അതുകൊണ്ടാണ് അയാൾക്ക് ഉത്തരം മുട്ടിപ്പോയത്.

മത്തായി 25: 41 പറയുന്നത് നരകം പിശാചിനും, അവന്റെ ദൂതന്മാർക്കും വേണ്ടി ഒരുക്കിയ ഇടം എന്നാണ്, എന്നാൽ മത്തായി 25: 34 പറയുന്നത് സ്വർഗ്ഗം ലോകസ്ഥാപനത്തിനു മുൻപേ മനുഷ്യർക്ക് വേണ്ടി മുന്നൊരുക്കിയതാണ്. എന്നാൽ ദൈവത്തിന്റെ വിളിയെ നിരസിക്കുന്നവർ കല്യാണ വസ്ത്രം നിരസിക്കുന്നവർ ദൈവം മുന്നൊരുക്കിയ സ്വർഗ്ഗത്തിൽ എത്താതെ സ്വാഭാവികമായി അവർ തന്നെ തിരഞ്ഞെടുത്ത നരകത്തിൽ എത്തിച്ചേരുകയാണ് ചെയ്യുന്നത്.

യോഹന്നാൻ 3:16-19 വരെയുള്ള വേദഭാഗത്ത് കാണുന്നത്, ന്യായ വിധിക്കു കാരണം ദൈവം അവനെ ന്യായവിധിക്കായി മുൻനിയമിച്ചതു കൊണ്ടല്ല, പകരം അവൻ ഇരുളിനെ (പഴയ വസ്ത്രത്തെ) സ്നേഹിച്ചു ദൈവപുത്രനിൽ വിശ്വസിക്കാതെ വെളിച്ചത്തെ (നീതിവസ്ത്രത്തെ) നിരസിച്ചതാണ് എന്നാണ്.

നാം കണ്ടത് പോലെ വിളി, തിരഞ്ഞെടുപ്പ്, മുൻനിയമനം എന്നീ പ്രയോഗങ്ങളെ പൊതുവേ തെറ്റായി വ്യാഖ്യാനിച്ചു കൊണ്ടാണ് ചിലർ

ദൈവവചന വിരുദ്ധ ഉപദേശങ്ങൾ സ്ഥാപിക്കുന്നത്, എങ്കിലും ബൈബിൾ ഒരു വാക്യത്തിൽപ്പോലും ഇത്തരം ഉപദേശം ഈ രീതിയിൽ പഠിപ്പിക്കുന്നില്ല.

എന്നാൽ തിരുവചനം ശ്രദ്ധയോടുകൂടി പാലിക്കുന്ന ഒരാൾക്ക് ഇത്തരത്തിലുള്ള വികല പഠനങ്ങൾ ദൈവത്തിന്റെ മഹത്വത്തെയും ജ്ഞാനത്തേയും പരമാധികാരത്തെയും ഇകഴ്ത്തുന്നവയാണ് എന്ന് നിസംശയം പറയാൻ കഴിയുന്നു.

ഈ ലേഖനം വായിക്കുന്ന എല്ലാവരും ദൈവിക പരമാധികാരവും, ദൈവത്തിന്റെ സർവ്വശക്തിയും ദൈവിക പദ്ധതിയും യഥാർത്ഥമായി മനസ്സിലാക്കി ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഇടയാകട്ടെ.

സകലവും ദൈവത്തിൽനിന്ന്, ദൈവത്തിലൂടെ, ദൈവത്തിലേക്കു തന്നെ.

അവിടത്തേക്ക് എന്നേക്കും മഹത്ത്വം ആമേൻ!

❖ ❖ ❖